III. ധനകാര്യം

1978-79-ലെ ബഡ്ജററിലേക്കുള്ള ഉപധനാഭ്യർത്ഥന

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന രണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,64,400 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നീതിന്യായ നിർവ്വഹണം എന്ന മൂന്നാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ 21,82,400 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പോലീസ് എന്ന പന്ത്രണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,29,98,100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, കാർഷികാദായ നികുതിയും വില്പനനികുതിയും എന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,76,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പലവക വായ്പകളും മുൻകൂറും എന്ന നാൽപ്പത്തഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ 1,76,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): സർ, ഭൂ നികുതി എന്ന ആറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,25,100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജില്ലാ ഭരണവും പലവകയും എന്നുള്ള പതിനൊന്നാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,43,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ക്ഷാമം എന്ന 27-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,75,24,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയംകൂടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): സർ, എക്സൈസ് എന്ന എട്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,30,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

വിദ്യാഭ്യാസം, കല, സംസ്കാരം എന്ന പതിനേഴാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,64,01,500 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൽസ്യബന്ധനം എന്ന മുപ്പത്തിനാലാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,28,800 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബേബി ജോൺ: സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ശ്രീ. എസ്. വരദരാജൻ നായർ: സർ, ഭവനനിർമ്മാണം എന്ന ഇരുപത്തിരണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,30,44,600 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ലേബർ മിനിസ്ററർക്കു വേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും തൊഴിൽ സൗകര്യങ്ങളും എന്ന ഇരുപത്തഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനം എന്ന മുപ്പത്തെട്ടാം നമ്പർ ഉപധനാഭ്യർത്ഥനയുടെ പേരിൽ 5,48,55,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബേബി ജോൺ: സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

Minister for Agriculture (**Shri A.L. Jacob**): Sir, I move that a supplementary sum not exceeding Rs. 200 be granted under Demand XXX-Agriculture.

Minister for Education. (**Shri C.H. Mohammed Koya**): Sir, I second it.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, വ്യവസായം എന്ന മുപ്പത്തേഴാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,18,13,600 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വ്യവസായവും വനവും വകുപ്പു മന്ത്രിക്കു വേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വനം എന്ന മുപ്പത്തഞ്ചാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയംകൂടി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി): സർ, സാമൂഹികവികസനം എന്ന മുപ്പത്താറാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,97,20,300 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബേബിജോൺ: ഞാൻ ഇതിനെ പിൻതാങ്ങുന്നു.

[Deputy Speaker in the Chair]

ശ്രീ. സേവിയർ അറയ്ക്കൽ: സർ, ധൂർത്തു പുത്രനായ മുൻ മുഖ്യമന്ത്രിയുടെ ദുർഭരണത്തിന്റേയും ദുശ്ചെലവുകളുടേയും അവശിഷ്ടമായി സഭയിൽ അവതരിപ്പിച്ചിട്ടുള്ളതാണ് 46.42 കോടിയിൽപരം രൂപയുടെ ഈ ഉപധനാഭ്യർത്ഥനകൾ. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. അതിനു മുഖ്യമായ കാരണം, ഇന്ന് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ഉപധനാഭ്യർത്ഥനകൾ വരാൻ പോകുന്ന ഭാരിച്ച സംസ്ഥാന നികുതികളുടെ ഒരു ചൂണ്ടുപലകയാണ് എന്നുള്ളതാണ്. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ സംഖ്യ 1978-79-ൽ സഭ അംഗീകരിച്ച മൊത്തം തുകയിൽ നിന്നു 10 ശതമാനത്തോളം വർദ്ധനവുള്ളതാണ്. കണക്കു പരിശോധിച്ചാൽ കാണാൻ സാധിക്കുന്നത് ഈ 46.89 കോടിരൂപ 1978–79-ൽ ഈ സഭ അംഗീകരിച്ചതിൽ നിന്നു 10 ശതമാനം വർദ്ധിച്ചതാണ് എന്നു പറയുമ്പോൾ കഴിഞ്ഞ ഏതു കാലത്തിലേക്കാളും ഏറ്റവും ഭീമമായ ഒരു സംഖ്യയാണ്. 1978-79-ലെ ധനാഭ്യർത്ഥന ഈ സഭയിൽ വച്ചുകൊണ്ട് അന്നത്തെ ധനകാര്യമന്ത്രി പറഞ്ഞു 10 ശതമാനത്തോളം വിലപ്പനനികുതി വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന്. അത് ഒരു കൊല്ലത്തേക്കാണ് എന്നും പറഞ്ഞു. ഇപ്പോൾ അവതരിപ്പിച്ച ഈ 46.42 കോടിയിൽപരം രൂപ മറ്റൊരു 10 ശതമാനത്തിന്റേയും കൂടി ഉള്ള ഒരു ചൂണ്ടുപലകയാണ്. അങ്ങനെ നോക്കുമ്പോൾ 20 ശതമാനത്തോളം ഈ കഴിഞ്ഞ കൊല്ലം സംസ്ഥാന നികുതി ചുമത്തിയിട്ടുണ്ടെന്നു മനസ്സിലാക്കാൻ സാധിക്കും. സർ, അതുകൊണ്ടാണ് ആദ്യമായിട്ടു ഞാൻ പറഞ്ഞത്, വരുവാൻ പോകുന്ന ഭാരിച്ച സംസ്ഥാന നികുതിയുടെ ഒരു ചൂണ്ടുപലക എന്ന നിലയ്ക്ക് ഇതിനെ ഞങ്ങൾ എതിർക്കുന്നു എന്ന്. സർ, കേന്ദ്രഗവൺമെന്റിന്റെ 1979–80-ലെ ബഡ്ജററിനുശേഷം ഈ സംസ്ഥാനത്തു സാധനങ്ങളുടെ വില മാലപ്പടക്കത്തിനു തീപിടിച്ച വിധത്തിൽ ഉയർന്നുകൊണ്ടിരിക്കുകയാണ്. സാധാരണക്കാർക്കു താങ്ങാൻ പാടില്ലാത്ത വിധത്തിൽ കേന്ദ്ര സംസ്ഥാനഗവൺമെന്റുകൾ നികുതികൾ ചുമത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ചുമത്തിയാൽ വരാൻപോകുന്ന കാലഘട്ടത്തിൽ ഈ സംസ്ഥാനത്തിന്, ഈ ഭരണകൂടത്തിന്, വളരെയേറെ ശ്രദ്ധിക്കേണ്ടിവരും. ധനകാര്യമന്ത്രി പ്രഖ്യാപിച്ചു, വരാൻ പോകുന്ന ബഡ്ജററിൽ സെക്സില്ല സ്ററണ്ടില്ല എന്ന്. ഈ രണ്ടു കാര്യങ്ങളെക്കുറിച്ചു വിശദമായിട്ട് ആധികാരികമായിട്ട് പറയാൻ അർഹതയുള്ള അദ്ദേഹം പറഞ്ഞത് ശരിയാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. പക്ഷേ സർ, അതു രണ്ടും ഉണ്ടായിരുന്നാലും വേണ്ടില്ല, സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഇനിയും ഞങ്ങളെ പിഴിഞ്ഞ് ഞങ്ങളുടെ രക്തം പിഴിഞ്ഞ് എടുക്കരുത് എന്നു മാത്രമാണ് അഭ്യർത്ഥിക്കാനുള്ളത്. ഇന്ന് ഇവിടെ അവതരിപ്പിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

46.42 കോടിയിൽപരം രൂപ എന്തിനാണു ചെലവഴിച്ചിട്ടുള്ളത് എന്നു ഭരണകൂടത്തിലിരിക്കുന്നവർ ആത്മപരിശോധന നടത്തുന്നത് നന്നായിരിക്കും. ഈ ചെലവുകളെല്ലാം തന്നെ നോൺ പ്ലാൻ പദ്ധതികൾക്കു വേണ്ടിയാണുചെയ്യുന്നത്. നോൺ പ്ലാൻ പദ്ധതി എന്നു പറയുമ്പോൾ, സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിനു വേണ്ടിയല്ല. ഇതിൽ കൊള്ളിച്ചിരിക്കുന്ന സംഖ്യ മുഴുവൻതന്നെ അങ്ങനെ സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിനു വേണ്ടിയല്ലാത്തതാണ്. നേരെ മറിച്ച് അതുപയോഗിക്കുന്നത് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിനുവേണ്ടി മാത്രമാണ്. ഈ കാരണം കൊണ്ടും ഞങ്ങൾ ഇതിനെ എതിർക്കുന്നു. 1978-79-ലെ കണക്കനുസരിച്ച് സംസ്ഥാന ബഡ്ജററിന്റെ 58 ശതമാനത്തോളം അഡ്മിനിസ്ട്രേററീവ് എക്സ്പെൻസിനു വേണ്ടിയാണ് ചെലവഴിക്കുന്നത്. ഈ സംഖ്യയും കൂടി ഉൾപ്പെടുത്തിയാൽ 62 ശതമാനത്തോളം അഡ്മിനിസ്ട്രേററീവ് എക്സ്പെൻസസ് ആണ്. ഇതാണ് നമുക്കു തീരാശാപമായിരിക്കുന്നത്. ഒരു ദരിദ്ര സംസ്ഥാനത്ത് 62 ശതമാനത്തോളം അഡ്മിനിസ്ട്രേററീവ് എക്സ്പെൻസിനു ചെലവഴിച്ചാൽ എന്തു പുരോഗതിയാണ് സംസ്ഥാനത്ത് സാമ്പത്തികമായി ഉണ്ടാവുക? ഈ നോൺപ്ലാൻ എക്സ്പെൻസസ് കുറയ്ക്കണമെന്ന് കേന്ദ്ര ഗവൺമെന്റും പ്ലാനിംഗ് കമ്മീഷനും പല യാവർത്തി സംസ്ഥാനത്തോടാവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിലെ ദാരിദ്ര്യവും പറഞ്ഞ് അങ്ങോട്ട് ചെല്ലുമ്പോൾ അവർ നിർദ്ദേശിക്കുന്നത് ഇങ്ങനെയുള്ള ചെലവുകൾ കുറച്ച് സാമൂഹ്യ സാമ്പത്തിക പരിവർത്തനത്തിനുവേണ്ടി പദ്ധതികളാവിഷ്കരിച്ചുകൊണ്ട് ഇങ്ങനെ ചെലവഴിച്ചാൽ തരാം എന്നാണ്. ഈ 46.42 കോടിയിൽ പരം രൂപ ചെലവഴിച്ചിട്ടുള്ളത് നോൺ പ്ലാൻ സ്കീമുകൾക്ക് വേണ്ടിയാണ്. ക്രിയാത്മകമായ വിധത്തിൽ സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി ചെലവഴിച്ചിരുന്നെങ്കിൽ സഭ അംഗീകരിക്കുമായിരുന്നു.

സർ, ഇവിടെ ചെലവ് ചെയ്തിട്ടുള്ളത് മുഴുവൻ മററു വിഭാഗങ്ങൾക്കുവേണ്ടിയാണെന്ന് കാണാൻ കഴിയും. ഭരണകക്ഷിയിലിരിക്കുന്ന അതിവിപ്ലവം പ്രസംഗിക്കുന്ന റവല്യൂഷണറി സോഷ്യലിസ്ററ് പാർട്ടിയും കമ്മ്യൂണിസം എന്താണെന്ന് മാതൃകയായി ഭരിച്ച് കാണിക്കുന്ന ശ്രീ. പി.കെ. വാസുദേവൻ നായരും ജനാധിപത്യ സോഷ്യലിസം പ്രസംഗിക്കുന്ന എന്റെ കേരളാ കോൺഗ്രസ് സുഹൃത്തുക്കളും അഖില കേരള കോൺഗ്രസ്സ് പാർട്ടി ആകും ആകില്ല എന്ന് അവകാശപ്പെടുന്ന ശ്രീ. വരദരാജൻ നായരുടെ പാർട്ടിയും പിന്നോക്ക സമുദായങ്ങളുടെ സാമ്പത്തിക പുരോഗതിക്കു വേണ്ടി നില നിൽക്കുന്നു എന്നു പറയുന്ന മുസ്ലീം ലീഗിന്റെ പാർട്ടിയും എല്ലാം തന്നെ ഒന്ന് ആത്മപരിശോധന നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഉപധനാഭ്യർത്ഥനകളെപററി സംസാരിക്കുമ്പോൾ അവർ ആത്മപരിശോധനക്ക് തയ്യാറാകണം. ആത്മപരിശോധന നടത്താൻ ആത്മാർത്ഥതയുണ്ടെങ്കിൽ തീർച്ചയായും ഇന്ന് അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ അവർക്ക് പിന്താങ്ങാൻ സാധിക്കുകയില്ല. സംസ്ഥാനത്ത് രണ്ടേമുക്കാൽ കോടി ജനം വിശ്വസിക്കുന്നത് ഈ ഭരണം അഴിമതിയുടെയും ദുഷ്ചെലവിന്റെയും ഭരണം ആണെന്നാണ്. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് ഈ ഭരണകൂടത്തെ താങ്ങാൻ വേണ്ടി അവർ ചെയ്ത ചെലവ് നികത്തിയെടുക്കാൻ വേണ്ടി ഈ ഖജനാവിനെ ചൂഷണം ചെയ്തു എന്ന്. ഈ സംസ്ഥാനത്തെ 62 ശതമാനത്തോളം ജനങ്ങൾ ദാരിദ്ര്യമേഖലക്ക് താഴെയാണ് ജീവിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ 40 ശതമാനത്തോളം ജനങ്ങൾ എഴുത്തും വായനയും അറിഞ്ഞുകൂടാത്ത ആളുകളാണ്. ലക്ഷോപലക്ഷം ജനങ്ങൾ അസംഘടിതരും മററ് വിഭാഗത്തിൽ പെട്ടവരുമാണ്. അവർക്കാർക്കും തന്നെ സംസ്ഥാനത്തെ 1977 മുതൽക്കുള്ള ഭരണം കൊണ്ട് ഒരു ഗുണവും കിട്ടിയിട്ടില്ലെന്നുള്ള കാര്യം വളരെ മനോവേദനയോടുകൂടി ഞങ്ങൾ പറയുകയാണ്. പരമ്പരാഗതമായ വിമർശനങ്ങളല്ല ഞങ്ങൾ അവതരിപ്പിക്കുന്നത്. ക്രിയാത്മകമായ വിമർശനത്തിലൂടെയാണ് ഞങ്ങൾ ഇതു പറയുന്നത്. 1977-നു ശേഷം ഈ സംസ്ഥാനത്ത് എന്തു നടന്നിട്ടുണ്ടെന്ന് ഭരണകക്ഷിയിലിരിക്കുന്നവർ നെഞ്ചത്ത് കൈ വച്ചുകൊണ്ട് പറയണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. അത് അവർ ജനങ്ങളോട് പറയാൻ തയ്യാറാകണം.

സർ, ഇവിടത്തെ കണക്കുകൾ പരിശോധിച്ചപ്പോൾ വളരെ മനോഹരമായ പല കാര്യങ്ങളും കാണാൻ സാധിച്ചു. എങ്ങനെയാണ് സംസ്ഥാനത്തെ ഖജനാവിലെ പണം എടുത്ത് ചെലവ് ചെയ്യുന്നതെന്നുള്ളതിൻെറ ഏകദേശരൂപം അവതരിപ്പിക്കാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മന്ത്രിമാരുടെ വിദേശ യാത്രക്കുള്ള ചെലവ് 1978-79-ൽ 3,87,412 രൂപ 57 പൈസയാണ്. ഇത് മന്ത്രിമാരുടെ ചെലവ് മാത്രമാണ്. മററുള്ള ഉദ്യോഗസ്ഥൻമാരുടെയോ ഇൻഡ്യൻ എംബസിയിലുള്ള മററു ചെലവുകളോ കണക്കാക്കിയിട്ടില്ല. അതുംകൂടി ഉൾപ്പെടുത്തിയിരുന്നു എങ്കിൽ ഈ സംഖ്യ ഇതിൻെറ പത്തിരട്ടിയാകുമായിരുന്നു. ഇതിനാണോ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഞങ്ങൾ ഈ ഡിമാൻറിനെ പിന്താങ്ങണമെന്നു പറയുന്നത്.

അതുപോലെ നാലു മാസത്തെ ടെലഫോൺ ബില്ലിൻെറ കാര്യമെടുത്താൽ 1.9.78 മുതൽ 31.1.79 വരെയുള്ള കണക്കെടുത്താൽ 3,39,447 രൂപ 30 പൈസയാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് കാണാൻ കഴിയും. ഇത്രയും ഭീമമായ സംഖ്യ സംസ്ഥാന ഖജനാവിൽനിന്നും എടുത്ത് ചെലവ് ചെയ്യുന്നത് ദുർവിനിയോഗമാണെന്ന് ഞങ്ങൾ പറയുന്നതിൽ എന്ത് ആക്ഷേപമാണുള്ളത്. മനഃസാക്ഷിയുള്ളവർക്ക് ഇത് അംഗീകരിച്ച് കൊടുക്കാൻ സാധിക്കുകയില്ല. ഇതെല്ലാം പാവപ്പെട്ട ജനങ്ങളുടെ പിച്ചച്ചട്ടിയിൽ നിന്നും പിരിച്ചെടുക്കുന്നതാണ്. അത് ഭരണകക്ഷിയിലിരിക്കുന്നവർ മനസ്സിലാക്കണം.

1977-78-ൽ മന്ത്രിമാരുടെ ടി. എ. ഇനത്തിൽ 4,42,617 രൂപ 84 പൈസയാണ്. അവരുടെ കൂടെയുള്ള മററ് ആളുകളുടെകൂടി കണക്കാക്കുകയാണെങ്കിൽ ഇതിനേക്കാൾ എത്രയോ ഇരട്ടി ചെലവാകുന്നതായി കാണാൻ സാധിക്കും. ഇതിനെപററി മന്ത്രിമാർ ആലോചിക്കാൻ തയ്യാറാകണം. ഇതിനാണോ ഉപധനാഭ്യർത്ഥനകൾ സമർപ്പിച്ചിരിക്കുന്നത്. ഇത് ഈ ഭരണകൂടത്തിൻെറ ദുഷ്ചെലവിൻെറ ഒരു ഏകദേശ രൂപം മാത്രമാണ്. ഇവിടെ സപ്ലിമെൻററി ഗ്രാൻറിനെ സംബന്ധിച്ച സ്റേററ്മെൻറിൽ 6ാം പേജിൽ വളരെ നന്നായി ഒരു വിശദീകരണം തരുന്നുണ്ട്. അതിൽ H-ൽ പറയുന്നത

In October 1978 sanction was accorded for the creation of 15 Posts of Chauffeurs in the personal staff of the Chief Minister and other ministers. The expenditure constituted 'New Service'. Therefore in November 1978 an advance of Rs. 47,000 was sanctioned from the Contingency Fund for meeting the expenditure on the above staff. As savings are anticipated a token supplementary Grant of Rs. 100 is sought to recoup the advance.

LIBRARY ARCHIVES Kerala Legislative Assembly

സർ, എത്ര ഡ്രൈവർമാരാണ് 14 മന്ത്രിമാർക്കുള്ളത്. എന്ത് ഭീമമായ സംഖ്യയാണ് സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന 14 മന്ത്രിമാർക്കു വേണ്ടി ചെലവാക്കുന്നത്. ഇതിനെപ്പററിയൊന്നും ആരും ചോദിക്കാനില്ല. തറവാട്ടു മുതൽപോലെ എത്ര വേണമെങ്കിലും ചെലവാക്കുന്നതിന് യാതൊരു സങ്കോചവുമില്ല. അതുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ 46.42 കോടിയിൽപരം രൂപയുടെ ഉപധനാഭ്യർത്ഥനകളെ ഞങ്ങൾ ശക്തിയായി എതിർക്കുന്നു. സർ, 1978-79-ൽ ഖജനാവ് ദുർവിനിയോഗം ചെയ്തുകൊണ്ട് ഭരിച്ചതുകൊണ്ടാണ് ഇങ്ങനെ ഉപധനാഭ്യർത്ഥന അവതരിപ്പിക്കേണ്ടതായി വന്നത്. ഈ കാരണങ്ങൾ കൊണ്ട് ആത്മാർത്ഥതയുള്ള സാമാജികൻമാരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ദയവുചെയ്ത് ജനങ്ങളുടെ വികാരങ്ങളെ മനസിലാക്കിക്കൊണ്ട് ഈ ഉപധനാഭ്യർത്ഥനകൾ അനുവദിച്ചുകൊടുക്കരുതെന്നാണ്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: സർ, ഞാൻ ഈ സപ്ലിമെൻററി ഡിമാന്റുകളെ പിൻതാങ്ങുകയാണ്. സർ, സേവ്യർ

10 a. m.] അറയ്ക്കൽ ചില കാര്യങ്ങളെ പററിയെല്ലാം ഇവിടെ പ്രതിപാദിക്കുന്നതു കേട്ടു. പക്ഷെ ഈ സപ്ലിമെൻററി ഡിമാൻറിൽ കൊടുത്തിരിക്കുന്ന സംഖ്യ ഏതെല്ലാം കാര്യങ്ങൾക്കു വേണ്ടിയാണെന്ന് അദ്ദേഹം വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് സംശയിക്കുകയാണ്. ഉദാഹരണമായി ഇപ്പോൾ പോലീസിൻെറ നവീകരണത്തിലേക്കെല്ലാം കൂടുതൽ സംഖ്യ വകയിരുത്തിയിട്ടുണ്ട്. പുതിയ പോലീസ് സ്റേറഷൻ തുടങ്ങാനും, പോലീസിൻെറ ഭരണം കാര്യക്ഷമമായി കൊണ്ടുപോകാനും വേണ്ടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഈ ഗവൺമെൻറ് ആഗ്രഹിക്കുന്നതെന്ന് വളരെ വ്യക്തമാണ്. അതിനുപുറമെ 75, 76, 77, 78 എന്നീ കാലഘട്ടങ്ങളിൽ മദ്ധ്യപ്രദേശ് പോലീസിനെ അടിയന്തിരാവസ്ഥക്കാലത്ത് ഈ സംസ്ഥാനത്തേക്ക് കൊണ്ടുവന്നിരുന്നു. അതിലേക്കുള്ള സംഖ്യകൂടി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. അങ്ങനെ ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ ചെയ്ത ചില കാര്യങ്ങൾക്കുവേണ്ടി തീർച്ചയായും ഈ ഗവൺമെൻറിന് ഒരു സംഖ്യ സഭയോട് ആവശ്യപ്പെടാം. അത് നീതി മാത്രമാണ്. ചില പാകപ്പിഴകൾ ഉണ്ടാകാം. ഉദാഹരണമായി കഴിഞ്ഞ ബഡ്ജററ് സമ്മേളനത്തിൽതന്നെ എക്സൈസ് വകുപ്പ് കാര്യക്ഷമമാക്കണമെന്ന് പല പ്രാവശ്യം പ്രതിപക്ഷം ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഈ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിൽ പുതിയ ചില തസ്തികകൾ കൂടി ഉണ്ടാക്കിയിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ, റവന്യൂ ആഫീസർ, എക്സൈസ് ഗാർഡ് എന്നീ തസ്തികകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. തീർച്ചയായും എക്സൈസ് വകുപ്പ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുകയെന്നുള്ളതാണ് ലക്ഷ്യം. പക്ഷെ ചില അപാകതകൾ ഇന്ന് കടന്നുകൂടിയിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ തസ്തികകൾ ഉണ്ടാക്കിയതോടൊപ്പം തന്നെ, ഭരണം കാര്യക്ഷമമായി കൊണ്ടുപോകുന്നതിന് സാധിക്കുന്നതോടൊപ്പം തന്നെ, ഈ എക്സൈസ് വിഭാഗത്തിലെ ചില ഉദ്യോഗസ്ഥൻമാർ അബ്കാരി കോൺട്രാക്ടർമാരുടെ സഹായത്തോടുകൂടി പല ഗ്രാമ പ്രദേശങ്ങളിലും ചെന്ന് പാവപ്പെട്ട ആളുകളെ കള്ളക്കേസ്സുകളിൽ കുടുക്കുന്നതായി ധാരാളം ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. അത്തരം ആക്ഷേപങ്ങൾ പരമാവധി ഒഴിവാക്കുന്നതിനു വേണ്ടി ഗവൺമെൻറ് ആത്മാർത്ഥമായി പരിശ്രമിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ പോലീസിനെ നവീകരിക്കുന്നതിനു വേണ്ടി പല പുതിയ സംവിധാനങ്ങളും ഗവൺമെന്റ് ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് പരമാർത്ഥം. പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതോടൊപ്പം തന്നെ കഴിഞ്ഞ കാലത്തെ അതായത് ബ്രിട്ടീഷുകാരുടെ കാലത്ത് നിലനിന്നിരുന്ന പല പോലീസ് ക്വാർട്ടേഴ്സുകളും ഇന്ന് സംസ്ഥാനത്തുണ്ടെന്ന കാര്യം മറക്കരുത്. അത്തരം പോലീസ് ക്വാർട്ടേഴ്സുകൾ നവീകരിച്ചുകൊണ്ട് ആ പോലീസിന്റെ ജീവിത സൗകര്യങ്ങൾ നവീകരിക്കാനുള്ള സംവിധാനം കൂടി ഏർപ്പെടുത്തണം. ഈ കാര്യം ഏതാനും ദിവസങ്ങൾക്കു മുമ്പ് ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയതാണ്. നമ്മുടെ മന്ത്രിമാർ പോയി താമസിക്കുന്ന ടി. ബി. കളിലും മററും കാവൽ നിൽക്കുന്ന പോലീസുകാർക്ക് കുറച്ചു സമയം വിശ്രമിക്കാൻ പോലും സൗകര്യമില്ലെന്നുള്ളതാണ് പരമാർത്ഥം. അത്തരം പരാതിയുണ്ടെങ്കിൽ അതിനുള്ള സംവിധാനം അവർക്ക് ഗവൺമെന്റ് ഉണ്ടാക്കി കൊടുക്കണം. തീർച്ചയായും അതാവശ്യമാണ്. അവരും സാധാരണ മനുഷ്യരാണെന്നുള്ള ബോധത്തോടുകൂടി തന്നെ അക്കാര്യം ഗവൺമെന്റ് ചിന്തിക്കേണ്ടതായിട്ടുണ്ട്. പുതിയ പോലീസ് സ്റേറഷനുകൾ പല ദിക്കിലും തുറന്നിരിക്കുകയാണ്. ബ്രിട്ടീഷ്കാരുടെ കാലത്തുള്ള സർക്കിൾ സെക്ഷനാണ് ഇന്നും നിലവിലുള്ളത്. അന്ന് ഒരു ലക്ഷം ജനങ്ങൾക്ക് ഒരു പോലീസ് സർക്കിളാണെങ്കിൽ ഇന്നും അത് തുടരുകയാണ്. ജനസംഖ്യക്ക് അനുയോജ്യമായ രീതിയിൽ അത്തരം സർക്കിളുകൾ നവീകരിക്കേണ്ടതായിട്ടുണ്ട്. ഉദാഹരണമായി കണ്ണൂർ ജില്ലയിൽ തന്നെ തളിപറമ്പ്, ഇരിക്കൂർ നിയോജക മണ്ഡലങ്ങൾ രണ്ടായി ഡിവൈഡ് ചെയ്തിരിക്കുകയാണ്. രണ്ടു സർക്കിൾ വേണ്ട ഈ സ്ഥലത്ത് ഒരു സർക്കിളാണുള്ളത്. ചെമ്പേരി കേന്ദ്രമാക്കി പുതിയ ഒരു സർക്കിൾ ആഫീസ് തുറക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. മറെറാരു കാര്യം തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ലെന്ന് ഗവൺമെന്റ് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പക്ഷെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ. പല സ്ഥലങ്ങളിലും ഇന്ന് പോലീസ് തൊഴിൽ തർക്കങ്ങളിൽ ഇടപെടുന്നുണ്ടെന്നുള്ള പരാതി കിട്ടിക്കൊണ്ടിരിക്കുകയാണ്. അത്തരം കാര്യങ്ങൾ പ്രത്യേകമായി പരിശോധിച്ച് തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ലെന്ന് കർശനമായി ഗവൺമെന്റ് നിർദ്ദേശിക്കണമെന്ന് ഞാൻ വിനയപൂർവ്വം അറിയിക്കുകയാണ്.

അതുപോലെ തന്നെ പി. ഡബ്ളിയു. ഡി. വർക്കുകൾ കാര്യക്ഷമമായി നമുക്കു നടത്താൻസാധിക്കുന്നുണ്ടെങ്കിലും ചില കോൺട്രാക്ററർമാർ ഏറെറടുക്കുന്ന് പാലങ്ങളും റോഡുകളും കുറച്ചു ചെയ്തതിനുശേഷം സ്ഥലം വിട്ട് പോകുകയാണ്. അത്തരം അപാകതകൾ ഒഴിവാക്കി പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഉദാഹരണത്തിന് കണ്ണൂർ ജില്ലയിലെ കണ്ണപുരം പാലം കോൺട്രാക്ററു കൊടുത്തിട്ട് നാലു കൊല്ലമായി, ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കോൺട്രാക്ററർമാർ സ്ഥലം വിട്ടിരിക്കുകയാണ്. ഇത്തരം സ്ഥലങ്ങളിൽ അത് കാര്യക്ഷമമായി നടത്താൻ വേണ്ടിയാണ് ഗവൺമെന്റ് കാശ് ആവശ്യപ്പെട്ടിരിക്കുന്നത്.

അതുപോലെതന്നെ ഹെൽത്ത് സർവ്വീസ് ഉണ്ട്. അത് കാര്യക്ഷമമായി നടത്താൻ വേണ്ടി കാശ് ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ

2/447—10

LIBRARY ARCHIVES Kerala Legislative Assembly

ഡിസ്പെൻസറികൾ കഴിഞ്ഞ പ്രാവശ്യം തുറന്നിട്ടുണ്ട്. ഇത്തരം ഡിസ്പെൻസറിക്കു കൂടുതൽ മരുന്ന് കൊടുക്കാനുള്ള ഏർപ്പാട് ഗവൺമെൻറ് ഉണ്ടാക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. അതുപോലെതന്നെ ആശുപത്രികളിൽ ജോലി ചെയ്യുന്ന നേഴ്സുമാർക്കും മററും വളരെ ദൂരം ബസ്സുകളിലും മററും പോകേണ്ട സാഹചര്യമുണ്ട്. അതാതു താലൂക്ക് ആശുപത്രിയോടനുബന്ധിച്ചെങ്കിലും ക്വാർട്ടേഴ്സ് ഉണ്ടാക്കുന്നതിനു വേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

മറെറാന്ന് കുത്തഴിഞ്ഞ പുസ്തകം പോലുള്ള നമ്മുടെ വിദ്യാഭ്യാസവകുപ്പ് കാര്യക്ഷമമാക്കാൻ വേണ്ടി പല ഏർപ്പാടുകളും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. എങ്കിലും ഭരണപരമായ വളരെ അധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നുള്ള വസ്തുത ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കു മുമ്പ് മലയാള മനോരമയിൽ വന്ന വാർത്ത ഉണ്ട്. അതായത് 'അദ്ധ്യാപകൻ വണ്ടി വലിക്കുന്നു, അദ്ധ്യാപിക പാത്രം കഴുകുന്നു' എന്ന്. 1972 ജനുവരി 1-ന് മണ്ണാർക്കാട്ട് താലൂക്കിലുള്ള എൽ. പി. സ്കൂളിൽ ജോലി ചെയ്തിരുന്ന ഒരു അദ്ധ്യാപകനേയും അദ്ധ്യാപികയേയും ആ സ്കൂൾ മാനേജർ പിരിച്ചു വിട്ടു. 72-ൽ ആണ് പിരിച്ചു വിട്ടത്. 72-ൽ പിരിച്ചുവിട്ടതിനേക്കുറിച്ച് ഗവൺമെൻറിലേക്ക് അപ്പീൽ കൊടുത്തിട്ട് ഏകദേശം ഏഴു വർഷം കഴിഞ്ഞിരിക്കുകയാണ്. 'ആ അദ്ധ്യാപകൻ വണ്ടി വലിക്കുന്ന ചിത്രം' എത്ര കഠിന ഹൃദയമുള്ളവരേയും മനസ്സലിയിക്കും. മാനേജർമാർക്ക് അദ്ധ്യാപകരെ പിരിച്ചുവിടാനുള്ള വകുപ്പ് നിയമത്തിലുണ്ടെങ്കിൽ ആ വകുപ്പ് നീക്കം ചെയ്തുകൊണ്ട് അദ്ധ്യാപകർക്ക് സംരക്ഷണം കൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കണം. അതുപോലെ കേരള കൗമുദിയിലും ഇതുപോലുള്ള വാർത്തകൾ വന്നിട്ടുണ്ട്. അത്തരം വാർത്തകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുമ്പോൾ തീർച്ചയായും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി ഗവൺമെൻറ് ആത്മാർത്ഥമായി മുന്നോട്ടു വരണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ഇന്ന് നമ്മുടെ കശുവണ്ടി സംഭരണ മേഖലയിൽ കൂടുതൽ കശുവണ്ടി സംഭരിച്ചുകൊണ്ട് കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കാനുള്ള പദ്ധതികൾ ഏർപ്പെടുത്തുന്നതിനേക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുന്നുണ്ട്. പക്ഷേ നിർഭാഗ്യമെന്നു പറയട്ടേ കശുവണ്ടി സംഭരണം വേണ്ടത്ര മുന്നോട്ടു കൊണ്ടുപോകാൻ ഇതുവരെ ഗവൺമെൻറിനു കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. കണ്ണൂർ ജില്ല കശുവണ്ടി ഉത്പാദനരംഗത്ത് വളരെ പ്രധാനപ്പെട്ട ഒരു ജില്ലയാണ്. കണ്ണൂരിൻെറ അതിർത്തി പ്രദേശം മിക്കവാറും മൈസൂരിലാണ്. ഇരിക്കൂർ, തളിപറമ്പ് മുതലായ സ്ഥലങ്ങളിൽ കശുവണ്ടി കൊണ്ടുപോയി എത്തിച്ചു കഴിഞ്ഞാൽ ഇന്ന് ആറു രൂപയാണ് കിട്ടുന്നത്. പക്ഷെ നമ്മുടെ ഗവൺമെൻറ് നിശ്ചയിച്ചിരിക്കുന്നത് 3 രൂപ 80 പൈസയാണ്. അപ്പോൾ വ്യവസായ മന്ത്രിയോടു എനിക്കു പറയുവാനുള്ളത് പിടിവാശി ഉപേക്ഷിച്ചുകൊണ്ട് കുറേക്കൂടി വില കൊടുക്കുവാനുള്ള ഏർപ്പാട് ഉണ്ടാക്കണമെന്നാണ്. കശുവണ്ടിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ കണ്ണൂർ ജില്ലയിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടിയാണ് ഏററവും നല്ല കശുവണ്ടിയെന്ന് തെളിയിക്കാൻ പല റിക്കാർഡുകളുമുണ്ട്. കണ്ണൂർ ജില്ലയിലെ കശുവണ്ടിക്കെങ്കിലും കൂടുതൽ വില കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ വർഷം കശുവണ്ടിക്ക് 40 പൈസ കണ്ണൂർ ജില്ലയിൽ കൂടുതൽ കൊടുത്തിരുന്നു. ഇപ്രാവശ്യം കൊടുത്തിട്ടില്ല, അതുകൊണ്ട് സംഭരണ മേഖലയിൽ ഗവൺമെൻറിനു വിജയിക്കാൻ സാധ്യമാകുമോ എന്ന് ഞാൻ സംശയിക്കുകയാണ്. കാര്യക്ഷമമായി കശുവണ്ടി സംഭരണം നടത്തണമെങ്കിൽ വില വർദ്ധിപ്പിക്കുന്നതിന് ഗവൺമെൻറ് ആത്മാർത്ഥമായി പരിശ്രമിക്കണം. കുത്തക മുതലാളിമാർക്ക് ഇത് പ്രയാസമുണ്ടാകും. മറെറാരു കാര്യം ഇവിടെ ഫാമിൻ റിലീഫ് ഫണ്ടിൽ നിന്ന് ഗവൺമെൻറ് പല ജില്ലകൾക്കും പൈസ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലക്ക് 52 ലക്ഷം രൂപ ഉണ്ട്. കണ്ണൂർ ജില്ലയിൽ മാത്രം ആറുലക്ഷം രൂപ മാത്രമേ കിട്ടിയിട്ടുള്ളു എന്നുള്ളത് ഖേദകരമാണ്. അതിന് ഗവൺമെൻറ് പറഞ്ഞിരിക്കുന്ന സമാധാനം ഇവിടെ വെള്ളപ്പൊക്കമില്ലെന്നുള്ളതാണ്. ഇന്ന് കേരളത്തിലുള്ള 40 നദികളിൽ പകുതിയിലധികം പുഴകളും ഉള്ളത് കണ്ണൂർ ജില്ലയിലാണ്. തിരുവനന്തപുരത്ത് ഈ കൊല്ലം അതിശക്തമായ ഒരു വെള്ളപ്പൊക്കമുണ്ടായി വളരെ അധികം ബുദ്ധിമുട്ടുകൾ ഉണ്ടായി. അതിൽ ഖേദിക്കുന്നു. പക്ഷേ ഓരോ കൊല്ലവും ഈ 20 നദികൾ കവിഞ്ഞൊഴുകി പുഴകളുടെ പരിസരപ്രദേശങ്ങൾക്ക് വമ്പിച്ച നാശനഷ്ടം ഉണ്ടാക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ എന്നിട്ടും ഇത് കുറഞ്ഞു പോകാൻ കാരണം എന്താണെന്നു മനസ്സിലാകുന്നില്ല. കണ്ണൂർ ജില്ല പിന്നോക്ക ജില്ലയാണ്, നമ്മുടെ സംസ്ഥാനത്ത് ഏററവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയും കണ്ണൂർ ജില്ലയാണ്. എങ്കിലും അവിടെ വെള്ളപ്പൊക്കമുണ്ടായിട്ടില്ലെന്നു പറഞ്ഞാൽ പ്രയാസമാണ്. ഞാൻ തന്നെ പോയി സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ധാരാളം വീടുകൾക്ക് വെള്ളപ്പൊക്കം മൂലം നാശനഷ്ടം ഉണ്ടായിട്ടുണ്ട്. നാശനഷ്ടം ഉണ്ടായ വീടുകളുടെ കണക്ക് ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഇതുവരെയായിട്ടും ഒററ പൈസപോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കളക്ടർ പറയുന്നു ഫണ്ട് ഇല്ലെന്ന്. ഫണ്ട് ഇല്ലെങ്കിൽ ഫണ്ട് ഉണ്ടാക്കണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ സപ്ലിമെൻററി ഡിമാൻറിനെ ശക്തിയായി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് ജോസഫ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ശ്രീ. സേവ്യർ അറയ്ക്കൽ ഇവിടെ സൂചിപ്പിച്ച രീതിയിലുള്ള കാരണങ്ങൾ കൊണ്ടല്ല ഞാൻ ഇതിനെ പിന്താങ്ങുന്നത്. ഒരു ഗവൺമെൻറ് അധികാരത്തിലിരിക്കുമ്പോൾ ആ ഗവൺമെൻറ് മന്ത്രിമാർക്കും മന്ത്രിമാരുടെ പേഴ്സണൽ സ്ററാഫിനും ശമ്പളം കൊടുക്കേണ്ടത് ആവശ്യമാണ്. പിന്നെ മന്ത്രിമാർ ടെലഫോൺ ഉപയോഗിക്കുകയാണെങ്കിൽ അതിൻെറ ചെലവും കൊടുക്കേണ്ടതായി വരും. ഈയിടെ ഒരു വെള്ളപ്പൊക്കക്കെടുതി ഉണ്ടായപ്പോൾ അവരെ സഹായിക്കുവാൻ വേണ്ടി ഈ ഗവൺമെൻറ് എന്തെല്ലാം ചെയ്തുവെന്ന് ഒന്ന് ഓർമ്മിക്കുന്നത് നന്നായിരിക്കും.

നമ്മുടെ പോലീസ് സേനയെ നവീകരിക്കണം എന്നു സഭയുടെ എല്ലാ ഭാഗത്തുമുള്ള ആളുകൾ പറയുന്നുണ്ട്. അപ്പോൾ അതിന്നു വേണ്ട തുകയെ സംബന്ധിച്ച് നമ്മൾ ഓർക്കണം. പുതിയ പുതിയ പരിഷ്കാരങ്ങൾ നമ്മുടെ നാട്ടിൽ നടപ്പിലാക്കുവാൻ പോകുകയാണ്, അതായത് വിദ്യാഭ്യാസ പരിഷ്കാരം തുടങ്ങിയുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ വേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങളും ഓർക്കേണ്ടതുണ്ട്.

'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോര തന്നെ കൊതുകിന്നു കൗതുകം'

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള രീതിയിൽ ഈ ഉപധനാഭ്യർത്ഥനകളെ പ്രതിപക്ഷം കണ്ടതിൽ അവരെ കുററപ്പെടുത്തുന്നില്ല. ഇവിടെ ഈ ഉപധനാഭ്യർത്ഥന അവതരിപ്പിച്ചപ്പോൾ ഇൻഡ്യാരാജ്യം നിൽക്കുന്ന അവസ്ഥയെക്കുറിച്ച് ഞാൻ ഓർക്കുകയുണ്ടായി. കേന്ദ്രനികുതികൊണ്ട് പൊറുതി മുട്ടാൻ പോവുകയാണ് നമ്മുടെ നാട്ടിലെ പാവപ്പെട്ട ആളുകൾ. ഒരു വിഭാഗം ആളുകളെ പ്രീതിപ്പെടുത്തുവാനും പാവപ്പെട്ടവരെ അങ്ങേയററം തറപററിപ്പിക്കുവാനുമുള്ള ഒരു ബഡ്ജററാണ് കേന്ദ്രഗവൺമെൻറ് അവതരിപ്പിച്ചിട്ടുള്ളത്. അതുപോലെതന്നെ ബഹുമാനപ്പെട്ട ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ള പല പരിപാടികളും നടപ്പിലാക്കുവാൻ പററാത്ത തരത്തിലുള്ള ഒരു ബഡ്ജററ്കൂടിയാണത്. നമ്മുടെ പല പരിപാടികളും തകർക്കുന്നതും ജീവിതത്തോത് ഉയർത്താത്തതുമായ ഒരു ബഡ്ജററാണത്. അതുകൊണ്ട് നമുക്ക് ഈ വക കാര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടുവേണം പദ്ധതികൾ ആവിഷ്കരിക്കുവാൻ. എല്ലാ കാര്യത്തിലും കേന്ദ്രം കേരളത്തെ അവഗണിക്കുകയാണ്. ഇൻഡ്യാമഹാരാജ്യം ഒരു വലിയ രാജ്യമാണ്. എന്നാൽ കേരളം ഒരു കൊച്ചു സംസ്ഥാനവും. സ്വാതന്ത്ര്യം ലഭിച്ച് 30 വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും കേരളത്തെ പല രീതിയിലും അവഗണിക്കുന്നതായിട്ടാണ് നമുക്കുകാണാൻ സാധിക്കുന്നത്. ഐക്യവും അഖണ്ഡതയും നിലനിറുത്തേണ്ടത് ഒരു രാജ്യത്തിൻെറ ആവശ്യമാണ്. അർഹതയനുസരിച്ച് കിട്ടേണ്ട ആനുകൂല്യങ്ങൾ പോലും നൽകുവാൻ കേന്ദ്രഗവൺമെൻറ് കൂട്ടാക്കുന്നില്ല. അതുകൊണ്ട് അതിനുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

സർ, ഡിസ്ട്രിക്ററ് അഡ്മിനിസ്ട്രേഷൻ ബിൽ ഈ ഗവൺമെൻറ് പാസ്സാക്കി നടപ്പിലാക്കി കഴിഞ്ഞാൽ നമ്മുടെ സെക്രട്ടേറിയററിൽ കെട്ടിക്കിടക്കുന്ന എല്ലാ ഫയലുകളും ഡിസ്ട്രിക്ററുകളിലേക്കുവരും. പല കാര്യങ്ങളും സമയത്ത് നടത്താൻ സാധിക്കാതെ വരുന്നത് ഉദ്യോഗസ്ഥമണ്ഡലത്തിൽവരുന്ന അനാസ്ഥകൊണ്ടാണ്. ഒന്നോ രണ്ടോ ദിവസം കൊണ്ട് ചെയ്തു തീർക്കേണ്ട പല കാര്യങ്ങളും രണ്ടോമൂന്നോ വർഷം കഴിഞ്ഞിട്ടുപോലും നടക്കാതെ കിടപ്പുണ്ട്. അഭിപ്രായവ്യത്യാസം കൊണ്ടോ വകുപ്പുകൾ തമ്മിലുള്ള ബന്ധക്കുറവു കൊണ്ടോ ആയിരിക്കണം ഇത് സംഭവിക്കുന്നത്. അതുകൊണ്ട് വകുപ്പുകളെ സംബന്ധിച്ച് ഒരു സംവിധാനം ഉണ്ടാക്കുവാൻ ഗവൺമെൻറ് ശ്രമിക്കണം.

ഈ അവസരത്തിൽ മറെറാരു കാര്യം കൂടി സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏത് കാര്യമെടുത്തു നോക്കിയാലും മലയോര പ്രദേശങ്ങളെ അവഗണിച്ചിട്ടുള്ളതായിട്ടാണ് കാണാൻ കഴിയുന്നത്. എന്നാൽ വിദ്യാഭ്യാസ കാര്യത്തിൽ ഇടുക്കി ജില്ലക്കുണ്ടായിരുന്ന അപര്യാപ്തതയിൽ അമ്പതു ശതമാനം പരിഹരിക്കുന്നതിന് വേണ്ടി ഈ ഗവൺമെൻറ് പരിശ്രമിച്ചിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. അതേയവസരത്തിൽ മററു ചില കാര്യങ്ങൾ പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇടുക്കിയിൽ ഒരു പി. ഡബ്ലിയു. ഡി. ഡിവിഷൻ ഇല്ല. മൂവാററുപുഴയിലാണ് ഒരു പി. ഡബ്ലിയു. ഡി. ഡിവിഷനുള്ളത്. ഇതിനെക്കുറിച്ച് കഴിഞ്ഞ സമ്മേളനക്കാലത്ത് ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി, ഇടുക്കി ജില്ലക്കു വേണ്ടി ഉടനേതന്നെ പൈനാവിൽ ഒരു ഡിവിഷൻ ആരംഭിക്കുന്നതാണെന്ന്. അത് ഇതേവരെ പരിഹരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ആ കാര്യം പ്രത്യേകമായി ഈ അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അനുസ്മരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ താല്പര്യത്തോടുകൂടി തുടങ്ങിയതാണ് ഇടുക്കിയിലെ പ്രധാനപ്പെട്ട റോഡ്. പി. ഡബ്ലിയു. ഡി. വക റോഡ് ഇടുക്കിയിൽ വളരെക്കുറവാണ്. പല പ്രധാനപ്പെട്ട റോഡുകളും ഇലക്ട്രിസിററി ബോർഡിനുള്ളതാണ്. പിന്നെ കുണ്ടുംകുഴിയുമായ റോഡുകൾ ഉള്ളതുകാരണം ധാരാളം അപകടങ്ങൾ ഉണ്ടാകാറുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം കൊടുത്തിട്ടും ആ നിർദ്ദേശങ്ങൾ ഇലക്ട്രിസിററി ബോർഡ് നടപ്പിലാക്കാത്തതുകൊണ്ട് അത് ഉടനേ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മറെറാരു കാര്യം പറയാനുള്ളത് വിദ്യുച്ഛക്തിയെ കുറിച്ചാണ്. ഇടുക്കി ജില്ലയിലെ ജനങ്ങളുടെ വികാരം കണക്കിലെടുത്തുകൊണ്ട് വിദ്യുച്ഛക്തി കടന്നു ചെന്നിട്ടില്ലാത്ത പ്രദേശങ്ങളിൽകൂടി അത് പരിഹരിക്കപ്പെടണം. നമ്മുടെ സംസ്ഥാനത്തുനിന്നും വിദ്യുച്ഛക്തി അന്യസംസ്ഥാനങ്ങൾക്ക് വിൽക്കുന്നുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്തിൻെറ പല ഭാഗങ്ങളിലും ഇതേവരെ വഴിവിളക്കുകൾ എത്തിയിട്ടില്ല. അങ്ങനെയുള്ള പ്രദേശങ്ങൾ അടിയന്തിരമായി വൈദ്യുതീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

അതുപോലെതന്നെ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി അവിടെ താമസിക്കുന്ന ആളുകളെ ഒഴിപ്പിക്കുന്ന നടപടി നടക്കുകയാണ്. 1963 ലും ഇത്തരം നടപടിയുണ്ടായിരുന്നു. ഇനിയും മാററിത്താമസിപ്പിക്കുവാനുള്ള കുടുംബങ്ങളുണ്ട്. അവരെ മാററിത്താമസിപ്പിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ പദ്ധതി കൊണ്ടു ദൂഷ്യം വരുന്ന പ്രദേശങ്ങളിലെ കൃഷിക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികളും ഈ ഗവൺമെൻറ് കൈക്കൊണ്ടിരിക്കുകയാണ്. അതിൻെറ വേഗത കൂട്ടണമെന്നപേക്ഷിച്ചുകൊണ്ടും ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ടും ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്</u>:- സർ, ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള ഒരു സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവരുവാനുള്ള ധാർമ്മികമായ അവകാശമില്ല. കാരണം ഈ ഗവൺമെൻറ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ, ഒരു പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിൽ ഉടലെടുത്ത ഗവൺമെൻറാണ്. അതിനുശേഷം ഒട്ടനവധി മാററങ്ങൾ ഈ ഗവൺമെൻറിനുണ്ടായി. ഈ ഗവൺമെൻറിനെ അനുകൂലിച്ചിരുന്ന ഒരു വിഭാഗം പ്രതിപക്ഷത്തേക്ക് മാറി. അത്തരത്തിലുള്ള ഒരു രാഷ്ട്രീയ സാഹചര്യം, അത് കഴക്കൂട്ടത്തും, ഏററവുമൊടുവിൽ തിരുവനന്തപുരം ഈസ്ററ് ഉപതെരഞ്ഞെടുപ്പിലും വ്യക്തമായി കാണുകയുണ്ടായി. ആ നിലയ്ക്ക് ഈ ഗവൺമെൻറ് രാജി വെച്ച് ജനവിധി തേടി പുതിയ ഒരു ബഡ്ജററ് അവതരിപ്പിക്കുന്നതായിരിക്കും കൂടുതൽ നല്ലതെന്നാണ് ആമുഖമായി എനിക്ക് പറയാനുള്ളത്.

മറെറാന്ന് പറയാനുള്ളത് ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളമാണ്. വമ്പിച്ച തോതിലുള്ള ചെലവ് വർദ്ധിച്ചു, വർദ്ധിച്ചു വരികയാണ്. ഗവൺമെൻറിൻെറ ചെലവുകളെ സംബന്ധിച്ച് ഇവിടെ പ്രതിപക്ഷത്തുള്ള ചില സ്നേഹിതൻമാർ പറയുകയുണ്ടായി. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. സർ, ഉദ്യോഗസ്ഥൻമാരുടെ ശമ്പള വർദ്ധനവിനുവേണ്ടി 30 കോടി രൂപയുടെ അധികച്ചെലവ് വരുമെന്ന് ഈ അടുത്ത കാലത്തായി ഗവൺമെൻറ് പറയുകയുണ്ടായി. ഞാൻ ചോദിക്കുകയാണ്, ഈ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാരുടെ പ്രശ്നങ്ങൾ തൃപ്തികരമായ നിലയിൽ കൈകാര്യം ചെയ്യാൻ ഗവൺമെൻറിന് സാധിച്ചിട്ടുണ്ടോ? ഈ ഗവൺമെൻറിനെ തന്നെ പിൻതാങ്ങുന്ന അസോസിയേഷനുകൾ എല്ലാംകൂടി യോജിച്ചല്ലേ, അടുത്തിവിടെ വമ്പിച്ച നിലയിൽ ഒരു സമരം നടത്താൻ പോകുന്നത്? ഇതിൻെറ കാരണങ്ങൾ എന്താണെന്ന് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ? അതുപോലെ തന്നെ അവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച്, അവരുടെ തന്നെ പ്രതിനിധികളുമായി കൂടിയാലോചിച്ചുകൊണ്ട് ഒരു കമ്മീഷൻ രൂപീകരിച്ചുകൊണ്ടായിരുന്നു അത് കൈകാര്യം ചെയ്തിരുന്നെങ്കിൽ തീർച്ചയായും പരമാവധി എതിർപ്പ് കൂടാതെ തന്നെ കൈകാര്യം ചെയ്യാൻ സാധിക്കുമായിരുന്നു. വാസ്തവത്തിൽ ഗവൺമെൻറ് ഇതിൽ പരാജയപ്പെടുകയാണ് ചെയ്തിരിക്കുന്നതെന്ന് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഞാൻ ഈ അവസരത്തിൽ വളരെയധികം കഷ്ടപ്പെടുന്ന ചില വിഭാഗങ്ങൾ കൂടി ഇതിലുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതിലൊന്ന് ലാസ്റ്റ് ഗ്രേഡ് കണ്ടിജൻസി ജീവനക്കാരാണ്. എല്ലാക്കാലത്തും അവരുടെ കാര്യങ്ങൾ സംബന്ധിച്ച് ചിലതെല്ലാം പറയുകയല്ലാതെ ഇതുവരെയൊന്നും ചെയ്തിട്ടില്ല. അതുപോലെ തന്നെ 75 ഓളം ഹരിജൻ ഹോസ്റ്റലുകളിൽ പണിയെടുക്കുന്ന 300 ജീവനക്കാരുണ്ട്, അവർ കൊല്ലത്തിൽ മുന്നൂററുപത്തിയഞ്ചേകാൽ ദിവസവും പണിയെടുക്കുകയാണ്. അതുപോലെ എത്രയെത്ര പിന്നോക്കം നിൽക്കുന്ന താഴ്ന്ന ജീവനക്കാർ. അവരുടെ പ്രശ്നങ്ങളൊന്നും പരിശോധിക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ല.

അതുപോലെ തന്നെ മറെറാന്ന് ഇവിടത്തെ പോലീസ് പരിഷ്കരണത്തെ സംബന്ധിച്ചു ഗവൺമെൻറ് വളരെയധികം പറഞ്ഞുനടക്കുന്നുണ്ട്. സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞിട്ട് 30 കൊല്ലക്കാലമായിട്ടും ഇവിടെ യാതൊരു പരിഷ്കരണവും പോലീസിൽ വരുത്തിയിട്ടില്ല. കോൺഗ്രസ് ഭരിച്ച കാലത്തും ഐക്യമുന്നണി മന്ത്രിസഭ പത്തു കൊല്ലം ഭരിച്ച കാലത്തും ഇവിടെയൊന്നും നടന്നിട്ടില്ല. നടന്നതായി യാതൊരു സൂചനയുമില്ല. പോലീസുദ്യോഗസ്ഥൻമാർ പഴയ നിയമ സംഹിതകൾക്കും, ചട്ടക്കൂടുകൾക്കുമകത്ത് നിന്നുകൊണ്ട് ഭരിക്കുകയാണ്. ഞാൻ ചോദിക്കുന്നു, തൊഴിലാളികളുടെ സമരത്തെ സംബന്ധിച്ച് ഈ ഗവൺമെൻറിൻെറ സമീപനമെന്താണ്? പലരും ബംഗാളിലെ ഗവൺമെൻറിനെ ഉദാഹരണമായി പറയുന്നതു കേട്ടു അവിടെ ഈ സമീപനമല്ലെന്നാണ് എൻെറ അറിവ്. ഇവിടെ തൊഴിലാളികളുടെ സമരത്തിൽ ഭരണകക്ഷികളുടെ യൂണിയനുകളിലെ ആളുകളുടെയല്ലെങ്കിൽ—പോലീസ് നേരിട്ടിടപെടുന്ന ഒട്ടനവധി സംഭവങ്ങൾ എൻെറ പ്രദേശത്തുണ്ട്. കയററിറക്കുതൊഴിലാളി നിയമം പാസ്സാക്കിയിട്ടുണ്ട്. ഈ കയററിറക്കു തൊഴിലാളികൾക്ക് ഇന്നും ഈ ആനുകൂല്യം കിട്ടിയിട്ടില്ല. തൊഴിലാളികൾ കോഴിക്കോടു പട്ടണത്തിൽ യാതൊരു സമരവും ചെയ്തിട്ടില്ല. ഗവൺമെൻറ് പറയുന്നു ആ തൊഴിലാളികൾക്കെതിരായി ഞങ്ങൾ ഒന്നും ചെയ്തിട്ടില്ലെന്ന്. സർ, കോഴിക്കോടു പട്ടണത്തിൽ പോലീസ് ശരിക്കും യുദ്ധകാലത്തിൻെറ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. എല്ലാ രാഷ്ട്രീയ പാർട്ടിയിലുമുള്ളവരും യോജിച്ചുകൊണ്ട് പ്രതിഷേധയോഗം നടത്തുകയുണ്ടായി. നമ്മുടെ ബഹുമാനപ്പെട്ട മൊയ്തീൻെറ പാർട്ടി, പ്രതിപക്ഷ മുസ്ലീം ലീഗ്, അതുപോലെ എല്ലാ പാർട്ടി നേതാക്കൻമാരും യോജിച്ചുകൊണ്ട് പ്രതിഷേധ പ്രകടനങ്ങൾ നടത്തി. കയററിറക്കുതൊഴിലാളി മേഖലയിൽ യാതൊരു സമാധാനഭംഗവും ഉണ്ടായിരുന്നില്ല. മേൽപറഞ്ഞ സ്വഭാവത്തിലാണ് അവിടെ കുഴപ്പം ഉണ്ടാക്കാൻ പോലീസ് ശ്രമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ കാര്യം പറയുമ്പോൾ പോലീസ് ഏതെങ്കിലും ഒരു വിഭാഗത്തിന്റെ വിശേഷിച്ചും ഭരണ കക്ഷികളുടെ കാര്യം മാത്രം നിർവ്വഹിക്കുന്നതു ശരിയല്ല. ഇന്നലെ ഒരു സംഭവമുണ്ടായി. രണ്ടു വിഭാഗം ആളുകൾ തമ്മിൽ ഉണ്ടായ ഒരു പള്ളി തർക്കത്തിൽ പോലീസിടപെട്ടു ലാത്തി ചാർജു നടത്തി. ഇവിടെ ഈ ഗവൺമെന്റ് വന്നതിനുശേഷം നടപ്പിലാക്കുന്ന പുതിയ ടെക്നിക്ക് എന്താണെന്ന് വെച്ചാൽ, ലാത്തി ചാർജ് നടത്തിയാൽ ലാത്തി ചാർജായി അംഗീകരിക്കുകയില്ല. ഞാൻ ചോദിക്കുന്നു എന്തുകൊണ്ട് നിങ്ങളത് അംഗീകരിക്കുന്നില്ല. നിങ്ങൾ ആണത്വത്തോടുകൂടി പറയണം, ഇന്ന കാരണത്താൽ ഞങ്ങൾ ലാത്തി ചാർജ് ചെയ്തു എന്ന്. സർ, പോലീസുകാർ പുതിയ ടെക്നിക്കുകൾ പരിശീലിച്ചിരിക്കുന്നു, ലാത്തി ചാർജിന് വിരട്ടൽ, മെരട്ടൽ, മനം പുരട്ടൽ എന്നൊക്കെയുള്ള ചില ഭാഷകളാണ് ഉപയോഗിക്കുന്നത്. ലാത്തി ചാർജിനേക്കാൾ ശക്തിയായ അടിയാണ് നടത്തുന്നത്. അടി കൊണ്ടവശരായ ജനങ്ങൾ ആശുപത്രിയിൽ കിടക്കുന്നു. കോഴിക്കോടു പട്ടണത്തിൽ കഴിഞ്ഞ ദിവസം ഉഗ്രനായ ലാത്തി ചാർജ് നടന്നു. പോലീസ് അവരുടെ റിപ്പോർട്ടിൽ പറയുന്നത് വിരട്ടൽ, മനം പുരട്ടൽ ഇങ്ങനെയൊക്കെയാണ്. തൊഴിൽ സമരങ്ങളുടെ കാര്യം പറയുമ്പോൾ വടകരയിൽ ഒരു സമരം നടന്നു. കരിങ്കൽ പൊട്ടിക്കുന്നതിനെ സംബന്ധിച്ച് ഒരു യന്ത്രം ഉപയോഗിക്കുന്നതു സംബന്ധിച്ചായിരുന്നു അത്. എല്ലാ വിഭാഗം ആളുകളും യോജിച്ചുള്ള സമരമായിരുന്നു. അവിടേയും ഇതേപോലെ സമരം നടത്തിയിട്ട് വമ്പിച്ച നിലയിൽ ലാത്തി ചാർജ് നടത്തിയിട്ട്, അതെല്ലാം വിരട്ടൽ, മെരട്ടൽ എന്നൊക്കെയാണ് പറയുന്നത്. ഭരണ കക്ഷികളെ അനുകൂലിക്കുന്നവരെ സഹായിക്കുകയും പ്രതിപക്ഷത്തെ നിർവീര്യമാക്കുന്ന നിലയിലും ആണ് ഇവിടെ പോലീസിനെ അണി നിരത്തിയിരിക്കുന്നത്. ഇതിനാണോ ഞങ്ങൾ ധനാഭ്യർത്ഥന പാസ്സാക്കിത്തരേണ്ടതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ തരക്കേടില്ല. കുററാന്വേഷണ വിഭാഗത്തിൽ പുതിയ പരിഷ്കാരങ്ങളൊന്നും വരുത്തേണ്ടന്നല്ല ഞങ്ങൾ പറയുന്നത്. പക്ഷേ ഇന്നുവരെ അത് നടന്നിട്ടില്ല. എല്ലാ കേസ്സുകളും കൊലക്കേസ്സുൾപ്പെടെ തേച്ചുമാച്ചു കളയുന്ന ഒരു സമ്പ്രദായമാണ് പോലീസ് അനുവർത്തിക്കുന്നത്. ഒരു കൊലക്കേസ്സാണ് പോലീസ് കൈകാര്യം ചെയ്യുന്നതെങ്കിൽ കേസ് ഇൻവെസ്ററിഗേററ് ചെയ്യുക, എന്നിട്ട് ഫയൽ എന്തെങ്കിലും പറഞ്ഞ് ക്ലോസ് ചെയ്യുക ഇതാണ് സർ, ഇവിടെ നടക്കുന്നത്. ക്ലോസ് ചെയ്തതിന് കാരണമെന്താണെന്ന് ചോദിച്ചാൽ വെള്ളം കുടിച്ചു മരിച്ചെന്നോ, തൂങ്ങി മരിച്ചെന്നോ ഒക്കെ പറയും. ഇതാണ് വാസ്തവത്തിൽ ഇന്ന് അനുവർത്തിക്കുന്നത്.

പത്തു കൊല്ലത്തിന്റെ തുടർച്ചയാണ് ഈ ഗവൺമെന്റ് എന്നാണ് പറയുന്നത്. ഒരൊററ പൊതു മേഖലാ സ്ഥാപനമെങ്കിലും ലാഭകരമായി നടത്താൻ ഇവർക്കു കഴിഞ്ഞിട്ടുണ്ടോ? മറുപടി പറയണം. സാധിച്ചിട്ടില്ല. 55-ഓ 56-ഓ കോടി രൂപ ചെലവു ചെയ്തിട്ട് 20,22 കോടി രൂപ നഷ്ടത്തിലാണ് എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് ഏററവുമൊടുവിൽ മാതൃഭൂമി പത്രം നടത്തിയ സർവ്വേയിൽ നിന്നും ഞാൻ വായിച്ചിട്ടുണ്ട്. നിങ്ങൾക്ക് ലാഭകരമായി നടത്താൻ സാധിച്ചിട്ടില്ല. നിങ്ങൾ ഭരണ പരിഷ്കാരങ്ങളെല്ലാം നടത്തുന്നുണ്ടെന്ന് പറയുന്നുണ്ടല്ലോ. എന്നിട്ട് ഒരൊററ സ്ഥാപനം പോലും ലാഭകരമായി നടത്താൻ സാധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ ജോയിൻറ് സ്റ്റോക്ക് കമ്പനികൾ. ഭരണ ച്ചെലവ് വർദ്ധിക്കുന്നതിനെപററി ഞാൻ ചോദിക്കുന്നു; എത്ര കോർപ്പറേഷനുകളാണ് നിങ്ങളിവിടെ രൂപീകരിച്ചിട്ടുള്ളത്. 'എ' മുതൽ 'ഇസെഡ്' വരെയുള്ള കോർപ്പറേഷനുകളാണ് നിങ്ങളിവിടെ രൂപീകരിച്ചിരിക്കുന്നത. ഇനി വന്നാൽ എ.1. എ.2. ബി.1. ബി.2. ഇങ്ങനെ രൂപീകരിക്കാം. ഓരോ അക്ഷരത്തിനും ഓരോ കോർപ്പറേഷൻ രൂപീകരിച്ചുകൊണ്ട് അതിലേക്ക് പണം നീക്കി വെച്ചുകൊണ്ട് ഭരണത്തിൻെറ ചെലവ് വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. സ്വന്തക്കാരായ ആളുകളെ കുത്തിത്തിരുകാൻ ഈ ഗവൺമെൻറ് ചെയ്യുന്ന ഒരു വേലയാണ് ഇതു. കഴിഞ്ഞ പത്തു കൊല്ലമായി ആരംഭിച്ചത് ഇന്നും തുടരുകയാണ്.

പുരാ വസ്തുവിൻെറ കാര്യത്തെ സംബന്ധിച്ച് ഇവിടെ പലരും ചോദിച്ച അവസരത്തിൽ എനിക്ക് ഒരു ഉപചോദ്യം ചോദിക്കണമെന്ന് ഉണ്ടായിരുന്നു. പുരാവസ്തു കോർപ്പറേഷൻ രൂപീകരിച്ച് ഇവിടെ നിന്ന് ആരെ എങ്കിലും ചെയർമാനാക്കി കൂടേ? എന്തുകൊണ്ട് അങ്ങനെ ആലോചിച്ചു കൂടാ. ഓരോന്നിനും ഓരോ കോർപ്പറേഷൻ ഉണ്ടാക്കണം. ഓരോ പേരിനും കോർപ്പറേഷൻ, ഓരോ സ്ഥാപനത്തിനും ചെയർമാൻ. എന്നാൽ ഭരണകക്ഷിയിലുള്ള എല്ലാ ആളുകൾക്കും നല്ല സൗകര്യമായിരിക്കും. ഇത് നിർത്തേണ്ടതല്ലേ?

ഈ പ്രാവശ്യം സ്കൂളുകൾ കൊടുത്തതിനെ സംബന്ധിച്ച് ശക്തിയായ ആക്ഷേപങ്ങളും പ്രതിഷേധവുമുണ്ട്. യാതൊരു മാനദണ്ഡവുമില്ലാതെയാണ് ഇവിടെ സ്കൂളുകൾ അനുവദിച്ചതെന്ന് പറഞ്ഞു. സർവ്വേ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലല്ല സ്കൂളുകൾ അനുവദിച്ചത്. പിന്നെ ഗവൺമെൻറു പറയുന്നത് പിന്നോക്ക പ്രദേശങ്ങളിലാണ് സ്കൂളുകൾ അനുവദിച്ചതെന്നാണ്. ഏത് പ്രദേശവും മുന്നോക്കവും പിന്നോക്കവും ആക്കിയെടുക്കാൻ കഴിയും. ഞങ്ങളുടെ പ്രദേശം പിന്നോക്കമാണ്. അവിടെ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ? സ്കൂളുകൾ അപ് ഗ്രേഡ് ചെയ്തിട്ടുണ്ടോ? എന്തുകൊണ്ട് അവിടെ ഹൈസ്കൂൾ അനുവദിച്ചില്ല? കുന്നമംഗലം നിയോജകമണ്ഡലത്തിൽ പെരുവയൽ, വളരെ പിന്നോക്ക പ്രദേശമാണ്. അവിടെ ഒരു ഹൈസ്കൂൾ അനുവദിച്ചോ? പ്രതിപക്ഷത്തുള്ളവരുമായി ചർച്ച ചെയ്ത് നടപ്പാക്കാൻ ശ്രമിച്ചുകൂടേ? കുറച്ച് ആളുകളുമായി മാത്രം, കുറച്ച് ഗ്രൂപ്പുകളുമായി മാത്രം ചർച്ച ചെയ്തു കൊണ്ട് തീരുമാനിക്കുന്ന സ്ഥിതി വിശേഷമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. സെൻട്രൽ ഗവൺമെൻറിൻെറ വിവേചനത്തെ പററി പറയാൻ നിങ്ങൾക്ക് എന്താണ് അർഹത. നിങ്ങൾ നിഷ്പക്ഷമായി ഇവിടത്തെ ആളുകളുമായി ആലോചിച്ച് എന്തെങ്കിലും ചെയ്യാറുണ്ടോ? വികസന ബ്ലോക്കിൻെറ കാര്യത്തിൽ ചെയ്തിട്ടുണ്ടോ? ചില ഗ്രൂപ്പുകളുമായി ആലോചിച്ച് ഗ്രൂപ്പുകൾക്ക് ആവശ്യമായ സ്ഥലത്തേക്ക് വികസന മാർഗ്ഗങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്ന സ്വഭാവമാണ് നിങ്ങൾക്കുള്ളത്. സ്കൂളിൻെറ കാര്യത്തിലായാലും വികസനത്തിൻെറ കാര്യത്തിലായാലും ഏതു കാര്യത്തിലായാലും നിങ്ങൾ അങ്ങനെയാണ് ചെയ്തിട്ടുള്ളത്. ഇവിടെ ഭക്ഷ്യ വകുപ്പിൻെറ ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഈ ഗവൺമെൻറിന് കിട്ടിയ ഏററവും അനുകൂലസ്ഥിതി ഇതാണ്. കേരളത്തിലെ ഗവൺമെൻറ് ഭക്ഷ്യകാര്യത്തിലാണ് സാധാരണ കുഴങ്ങാറുള്ളത്. ഈ ഗവൺമെൻറ് വന്നതിനുശേഷം ഭക്ഷ്യത്തിൻെറ കാര്യത്തിൽ ഒരു പ്രയാസവുമില്ല എന്നാണ്" പറയുന്നത്. ആ വകുപ്പിൻെറ ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ആ മന്ത്രിയെ താഴെ ഇറക്കാൻ വേണ്ടിയല്ല പറയുന്നത്. അദ്ദേഹത്തിന് വേറെ ഏതെങ്കിലും വകുപ്പു കൂടി കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ഭക്ഷ്യസാധനങ്ങളുടെ വില കുറയ്ക്കണമെന്ന് ഹോട്ടലുടമകളോട് പറഞ്ഞു. ഏതെങ്കിലും ഹോട്ടലുകാർ വില കുറച്ചിട്ടുണ്ടോ? ഭക്ഷ്യ വകുപ്പു മന്ത്രിക്ക് വേറെ വകുപ്പും കൂടി കൊടുത്തിട്ട് ആ വകുപ്പും കാര്യക്ഷമമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഇവിടെ ഫിഷറീസ് വകുപ്പുണ്ട്. കൊടുത്ത പണത്തിൽ ഒരൊററ കാശു പോലും ഇതുവരെ മടക്കികിട്ടിയിട്ടുണ്ടോ? കോഴിക്കോട് ഡി. ഡി. സി. യുടെ കഴിഞ്ഞ യോഗത്തിൽ വെച്ചിട്ടുള്ള റിപ്പോർട്ട് വായിക്കാം. 97,51,526 രൂപയാണ് ഡിസ്ട്രിബ്യൂഷൻ നടത്തിയത്. അതിൻെറ ഓവർഡ്യൂ 5,31,126 രൂപ 10 പൈസയാണ്. എന്തിനാണ് ഇങ്ങനെ നടത്തുന്നത്. ബോട്ടുകൾ വെറുതെ കൊടുത്താൽ പോരെ? മൽസ്യത്തൊഴിലാളികൾക്ക് ഇതിൻെറ ഗുണം കിട്ടിയിട്ടുണ്ടോ? കഴിഞ്ഞ പത്തു കൊല്ലമായി ബോട്ട് അലോട്ടുമെൻറ് വഴി ഈ സ്വഭാവത്തിൽ പണം വിതരണം ചെയ്തതിൻെറ ഫലമായി ഭരണകക്ഷിയുടെ ഓരോ പുതിയ സെക്ഷൻ എല്ലാ രംഗത്തും ഉയർന്നു വന്നിരിക്കയാണ്. മൽസ്യ തൊഴിലാളികൾക്കു ഗുണം ലഭിക്കുന്നതിനുവേണ്ടിയാണോ? ബോട്ടുകൾക്കുവേണ്ടിയുള്ള പണം അലോട്ടു ചെയ്തത്. കഴിഞ്ഞ തവണ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കി നൂറു ശതമാനം തൊഴിലാളികൾക്കും ഇതിൻെറ ഗുണം കിട്ടിയിട്ടില്ലെന്ന് വാസ്തവം അതല്ലെ! അഴിമതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പലപ്പോഴും പറയാറുണ്ട്. മുഖ്യമന്ത്രി കോഴിക്കോട്ട് ഒരു യോഗത്തിലും പറഞ്ഞു. ഞാൻ ചോദിക്കട്ടെ ഉന്നതതലത്തിൽ അഴിമതി നടക്കുന്നതുകൊണ്ടല്ലേ അഴിമതി നിങ്ങൾക്കു നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കാത്തത്. ഒരു ഉദാഹരണം ഞാൻ പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. സന്തോഷ് ട്രോഫി ഫുഡ്ബാൾ മൽസരം നടത്തി. ലക്ഷക്കണക്കിനു രൂപ അഴിമതി നടന്നു എന്ന് പത്രത്തിൽ വന്നു. പോലീസ് കേസ് റജിസ്ററർ ചെയ്തു. ഭരണകക്ഷിയിലുള്ള ചില ആളുകൾ ഇതിൽ ഉൾപ്പെട്ടതുകൊണ്ട് കേസ് റഫർ ചെയ്തില്ല. സിമൻറിൻെറ കാര്യത്തിൽ കേസ് എടുത്തു. ആ കേസ് കോൾഡ് സ്റേറാറേജിൽ വച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാരെ എന്തുകൊണ്ടാണ് നിലയ്ക്ക് നിർത്താൻ സാധിക്കാത്തത്. നിങ്ങൾ അഴിമതി ചെയ്യുന്നുണ്ടെന്ന് പ്രത്യക്ഷമായോ പരോക്ഷമായോ ഉദ്യോഗസ്ഥൻമാർ മനസ്സിലാക്കുന്നതു കൊണ്ടല്ലേ അവർ നിങ്ങളെ വക വയ്ക്കാത്തത്. അതുകൊണ്ടല്ലേ അഴിമതി നിർത്താൻ നിങ്ങൾക്ക് കഴിയാത്തത്. അഴിമതിയുടേയും സ്വജനപക്ഷപാതത്തിൻേറയും ഭരണമാണ് ഇവിടെ നടക്കുന്നത്. ഈ ബഡ്ജററിനെ ഒന്നുകൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. എ. കുര്യൻ:</u> സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ധനാഭ്യർത്ഥനയിൽ മുഖ്യമായും ചെലവഴിക്കുന്ന തുക പ്രത്യുൽപ്പാദന മേഖലയിൽ അല്ലെന്ന് പ്രതിപക്ഷത്തിലെ ചില സുഹൃത്തുക്കൾ പറയുകയുണ്ടായി. ഒരു പരിധിവരെ അത് ശരിയാണ്. ഇതിനകത്ത് ന്യൂ സർവ്വീസിൽ പുതിയ തസ്തികകൾ പലതും സൃഷ്ടിച്ചിട്ടുണ്ട്. എനിക്കു തോന്നുന്നത് നമ്മുടെ നിയമസഭ കാലാകാലങ്ങളിൽ കൂടാത്തതുകൊണ്ടാണെന്നാണ്. ചില പ്രത്യേക സാഹചര്യത്തിൽ പല ഡിപ്പാർട്ടുമെൻറുകളിലും പുതിയ തസ്തിക സൃഷ്ടിച്ചതായും ഇതിനകത്ത് കാണുന്നുണ്ട്. ആ പ്രവർത്തനത്തെ നിരുൽസാഹപ്പെടുത്തേണ്ടതാണ്. അതോടൊപ്പം തന്നെ പേ കമ്മീഷൻെറ ശുപാർശകൾ നടപ്പാക്കിയതുകൊണ്ട് ആണ് കൂടുതൽ ചെലവിനങ്ങൾ സൃഷ്ടിക്കപ്പെട്ടതെന്നും.

2/447—11

LIBRARY ARCHIVES Kerala Legislative Assembly

ഈ ധനാഭ്യർത്ഥനയിൽ കാണുന്നു. അതും ശരിയാണ്. ഇതു പറയുമ്പോൾ നമ്മുടെ ഗവൺമെൻറ് മററ് ഗവൺമെൻറുകളെ അപേക്ഷിച്ച് ഒരു പുരോഗമനാൽമകമായ മുഖമുള്ള ഗവൺമെൻറാണെന്നുള്ള യാഥാർത്ഥ്യം വിസ്മരിക്കരുത്. നോൺ പ്രൊഡക്ററീവ് രംഗത്ത് കൂടുതൽ ചെലവഴിക്കുക എന്ന് പറയുമ്പോൾ ഈ രാജ്യത്ത് തൊഴിലില്ലാത്ത യുവാക്കൾക്കുവേണ്ടി ലക്ഷക്കണക്കിന് രൂപ ചെലവഴിക്കേണ്ടിവന്നു. മററു സംസ്ഥാനങ്ങളേക്കാൾ കൂടുതലായി സാമൂഹ്യ രംഗത്ത് നമ്മുടെ ഗവൺമെൻറ് ശ്രദ്ധിക്കുന്നു എന്നതിൻെറ പ്രകടമായ തെളിവാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം പാവങ്ങളോട് കരുണ കാണിക്കുന്ന ഗവൺമെൻറാണെന്നുള്ള കാര്യത്തിൽ ആരും എതിർക്കുമെന്ന് തോന്നുന്നില്ല. പാവങ്ങൾക്ക് കൂടുതൽ കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കണമെന്ന് ദൃഢനിശ്ചയം എടുത്തിട്ടുള്ള ഒരു ഗവൺമെൻറാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തോട് നല്ല സമീപനമുള്ള ഗവൺമെൻറാണെന്ന് നമുക്കറിയാം. തൊഴിലാളികളുടെ കാര്യം പറയുമ്പോൾ ഇൻഡ്യാ രാജ്യത്ത് അവശ്യാധിഷ്ഠിത മിനിമം വേജസ് നടപ്പാക്കണമെന്ന് ഉത്തരവാദപ്പെട്ട എല്ലാ സംഘടനകളും വളരെ വർഷങ്ങളായി പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുകയാണ്. പല സംസ്ഥാന ഗവൺമെൻറുകളും അതേപററി ചിന്തിക്കാൻപോലും തയ്യാറായിട്ടില്ല. കേന്ദ്രത്തിൽ ഇരിക്കുന്ന ജനതാ ഗവൺമെൻറും അതിനു മുമ്പ് ഇരുന്ന ശ്രീമതി ഇന്ദിരാ ഗാന്ധിയുടെ ഗവൺമെൻറും ഈ ആവശ്യത്തെ നിഷേധിച്ചിട്ടുണ്ട്. നമ്മുടെ ഗവൺമെൻറ് ഇലക്ട്രിസിററി തൊഴിലാളികളുടെ ശമ്പളം പരിഷ്കരിച്ച അവസരത്തിൽ ഈ തത്ത്വം അംഗീകരിച്ചു എന്നുള്ള യാഥാർത്ഥ്യം കുറഞ്ഞത് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി എങ്കിലും അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ഇലക്ട്രിസിററിയൂണിയൻെറ നേതൃത്വത്തിലുള്ള 'ഇലക്ട്രിസിററിവർക്കർ' അതിനകത്ത് ശമ്പള വ്യവസ്ഥയെ കുറിച്ചും അതിൻെറ സെററിൽമെൻറിനെ കുറിച്ചും പറഞ്ഞിട്ടുണ്ട്. ഏററവും പ്രധാനമായിട്ട് എനിക്ക് തോന്നിയ കാര്യം, അവർ പറഞ്ഞത് തുല്യ ജോലിക്ക് തുല്യ വേതനം എന്ന തത്ത്വം ഈ ഗവൺമെൻറ് നടപ്പാക്കണമെന്നാണ്. അതോടൊപ്പം അവശ്യാധിഷ്ഠിത മിനിമം വേതനം അടിസ്ഥാനമാക്കിയുള്ള ആദ്യത്തെ ശമ്പള പരിഷ്കാരവും. ഇത് ഈ ഗവൺമെൻറിനും ഈ രാജ്യത്തെ തൊഴിലാളി പ്രസ്ഥാനത്തിനും അഭിമാനത്തിന് വക തരുന്ന കാര്യമാണ്.. ഈ യാഥാർത്ഥ്യം ജന പിന്തുണയുള്ള ഒരു പാർട്ടി എന്നുള്ള നിലയിൽ തൊഴിലാളി വർഗ്ഗത്തിൻെറ പ്രാതിനിധ്യമുള്ള ഒരു പാർട്ടി എന്നുള്ള നിലയിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററുപാർട്ടി അംഗീകരിക്കുമെന്നാണ് തോന്നുന്നത്. രാഷ്ട്രീയമായി ഈ ഗവൺമെൻറിനെ പലപ്പോഴും ചെളി വാരി എറിയാൻ ശ്രമിച്ചിട്ടുണ്ട്. ഇലക്ട്രിസിററി തൊഴിലാളി രംഗത്ത് ഇൻഡ്യയിൽ ആദ്യമായി മററ് സംസ്ഥാന ഗവൺമെൻറുകൾക്കു പോലും ചിന്തിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ കേരളത്തിലെ ഗവൺമെൻറ് അവശ്യാധിഷ്ഠിത മിനിമം വേതനം അടിസ്ഥാനമാക്കിയുള്ള ..

ശ്രീ. പി. പി. എസ്തോസ്:- തീരെ നിവർത്തിയില്ല എന്ന സ്ഥിതി വന്നപ്പോഴല്ലേ സമ്മതിച്ചത്. അതുവരെ സമ്മതിച്ചില്ലല്ലോ?

ശ്രീ. സി. എ. കുര്യൻ:- ബൂർഷ്വാ രാജ്യത്ത് തൊഴിലാളി വർഗ്ഗത്തിൻെറ സംഘടിത പ്രക്ഷോഭണത്തിൻെറ ഫലമായിട്ടേ അവകാശങ്ങൾ കൈപ്പററാൻ കഴിയൂ എന്നു വിശ്വസിക്കുന്ന ആളാണ് ഞാൻ. ബംഗാളിലെ തൊഴിലാളി വർഗ്ഗം സംഘടിച്ചു നിന്ന്, യോജിച്ചു നിന്ന് പ്രക്ഷോഭണം നടത്തിയ അവസരത്തിൽ പട്ടാളത്തെ വിളിച്ചു വരുത്തി സമരത്തെ

LIBRARY ARCHIVES Kerala Legislative Assembly

അടിച്ചമർത്തിയത് നിങ്ങളുടെ പാർട്ടിയുടെ മുഖ്യമന്ത്രി ജ്യോതിബാസു ആയിരുന്നു എന്ന കാര്യം മറന്നു പോകരുത്. എന്തുകൊണ്ട് പട്ടാളത്തെ വിളിച്ചു വരുത്തി ഇലക്ട്രിസിററി ബോർഡിലെ തൊഴിലാളികളെ അടിച്ചമർത്താൻ ഇവിടത്തെ മുഖ്യമന്ത്രി ശ്രമിച്ചില്ല എന്നുള്ളത് മനസ്സിലാക്കണം. (ബഹളം) നിങ്ങളുടെ പാർട്ടിയുടെ പ്രസിദ്ധീകരണമാണ്; നിങ്ങളുടെ പാർട്ടി നേതാക്കൻമാർ അഭിപ്രായപ്പെട്ട കാര്യമാണ് ഇത്. ഇൻഡ്യയിൽ ആദ്യമായി ആവശ്യാധിഷ്ഠിത മിനിമം വേജസ് എന്നുള്ള തത്വം അംഗീകരിച്ചുകൊണ്ട് ഏററവും കുറഞ്ഞത് ഇലക്ട്രിസിററി തൊഴിലാളികൾക്കെങ്കിലും നടപ്പാക്കാൻ തയ്യാറായത് ഈ ഗവൺമെൻറാണെന്ന് എടുത്തു പറയാൻ ആഗ്രഹിക്കുകയാണ്.

അതുപോലെ തന്നെ തൊഴിലാളികളുടെ കാര്യത്തെ കുറിച്ച് പറഞ്ഞ അവസരത്തിൽ ശ്രീ. ചന്ദ്രശേഖരക്കുറുപ്പ് ഈ ഗവൺമെൻറ് ജീവനക്കാരുടെ ശമ്പളത്തെ കുറിച്ച് പറഞ്ഞു. ഈ അടുത്ത കാലത്തെ കേന്ദ്ര ബഡ്ജററിൻെറ ഫലമായിട്ടാണെന്നാണ് എനിക്കു തോന്നുന്നത്. കൂട്ടായ വിലപേശലിൻെറ അടിസ്ഥാനത്തിൽ തൊഴിലാളി വർഗ്ഗം നേടി എടുത്തിട്ടുള്ളതെല്ലാം കേന്ദ്ര ബഡ്ജററിൻെറ ഫലമായിട്ട് അപ്രത്യക്ഷമായി. കേന്ദ്ര ബഡ്ജററിൽ നികുതി കൂട്ടാത്ത സാധനങ്ങളുടെ വില പോലും ഇപ്പോൾ വാണംപോലെ കുതിച്ചു കയറിക്കൊണ്ടിരിക്കുകയാണ്. ഉപ്പ്, സിഗററ്, തീപ്പെട്ടി, ബീഡി മുതലായ എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചിരിക്കുന്നു. ജീവനക്കാർക്ക് എന്തെങ്കിലും നേട്ടം കഴിഞ്ഞ കാലത്തെ ശമ്പള വർദ്ധനവോടുകൂടി ഉണ്ടായിട്ടുണ്ടെങ്കിൽ അതെല്ലാം ഈ ബഡ്ജററ് മൂലം അപ്രത്യക്ഷമായി എന്നുള്ളതാണ് യാഥാർത്ഥ്യം. കേന്ദ്ര ഗവൺമെൻറിലെ ഏഴാം ധനകാര്യ കമ്മീഷൻ 1.1.77-ൽ കേരളാ ഗവൺമെൻറിലെ ജീവനക്കാരുടെ ശമ്പളത്തെക്കുറിച്ച് വിലയിരുത്തിക്കൊണ്ട് പറഞ്ഞത് ഇത് വളരെ കൂടുതലാണെന്നാണ്. 1.1.77-ൽ നമ്മുടെ സംസ്ഥാന ഗവൺമെൻറ് ജീവനക്കാർക്ക് കൊടുത്ത ശമ്പളം മതിയെന്നായിരുന്നു ഏഴാം ധനകാര്യ കമ്മീഷൻെറ ശുപാർശയുടെ പ്രധാന കാതൽ. മററു സംസ്ഥാനങ്ങളിൽ ഇതുപോലുള്ള ശമ്പളംപോലും കിട്ടുന്നില്ലെന്നാണ് പറഞ്ഞത്. പശ്ചിമ ബംഗാളിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി ഭരിക്കുന്ന സംസ്ഥാനത്ത് 1.1.77-ലെ ശമ്പള പരിഷ്കരണം അപര്യാപ്തമാണെന്ന് ഏഴാം ധനകാര്യ കമ്മീഷൻ പറഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളം ഇനിയും കൂട്ടിക്കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞു. നമ്മുടെ ഗവൺമെൻറ് ജീവനക്കാർക്ക് നിശ്ചയിച്ച ശമ്പള പരിഷ്കരണത്തിൻെറ അടിസ്ഥാനത്തിൽ അഡീഷണലായിട്ടു വരുന്ന കമ്മിററ്മെൻറിൻെറ ഒരു ശതമാനം പോലും ഏഴാം ധനകാര്യ കമ്മീഷൻ വഹിച്ചില്ല. നേരെ മറിച്ച് പശ്ചിമ ബംഗാളിലെ ഗവൺമെൻറിന് കൊടുത്തു. കാരണം അവിടത്തെ ജീവനക്കാരുടെ ശമ്പളം മോശമായിരുന്നു. ഏഴാം ധനകാര്യ കമ്മീഷൻ ഒരു പൈസ പോലും ഈ സംസ്ഥാന ഗവൺമെൻറ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിന് കൊടുക്കാൻ തയ്യാറാകാതിരുന്നിട്ടുപോലും ഇവിടത്തെ വരുമാനം വച്ചുകൊണ്ട് ശമ്പളം വർദ്ധിപ്പിച്ചു. കേരളത്തിൽ എന്തു വരുമാനമുണ്ടെന്ന് നമുക്കറിയാം. ആ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ കേരളത്തിൻെറ വികസന പ്രവർത്തനത്തിൽ പ്രധാന പങ്കു വഹിക്കേണ്ട കേരളത്തിലെ ജീവനക്കാരുമായി സഹകരിച്ചുപോകുന്നതിനുള്ള നയമാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. അതിൻെറ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണമാണ് നടന്നിട്ടുള്ളത്. ഒരു കാര്യം സഭയുടെ ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുകയാണ്. 1970.71-ൽ നമ്മുടെ ഗവൺമെൻറ് ജീവനക്കാർ വെറും രണ്ടേമുക്കാൽ ലക്ഷം മാത്രമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മൊത്തം ശമ്പളം ഇനത്തിൽ അവർക്കു കൊടുത്തത് പ്രതിവർഷം 100 കോടി രൂപയാണ്. പ്രതിമാസം ശരാശരി അവർക്ക് കൊടുത്തത് 300 രൂപയാണ്. എന്നാൽ എട്ടു വർഷത്തിനുള്ളിൽ സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ എണ്ണം 4 ലക്ഷമായി പെരുകി. മൊത്തം 280 കോടി രൂപ അവർക്ക് ശമ്പളം കൊടുക്കാൻ തീരുമാനിച്ചു. ഏതാണ്ട് ശരാശരി പരിശോധിച്ചാൽ സംസ്ഥാന ഗവൺമെൻറിലെ ഒരു ജീവനക്കാരന് 600 രൂപ. എന്നാൽ 9 വർഷക്കാലംകൊണ്ട് വമ്പിച്ച മാററം നമ്മുടെ സാമ്പത്തിക മണ്ഡലത്തിൽ വന്നോ? പണത്തിൻെറ വില കുറഞ്ഞു, മൂല്യം കുറഞ്ഞു. അതിൻെറ അടിസ്ഥാനത്തിൽ യഥാർത്ഥ വരുമാനം കേരളത്തിലെ ഗവൺമെൻറ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ 9 വർഷക്കാലത്തേതുമായി തട്ടിച്ചു നോക്കിയാൽ ഏതാണ്ട് 10 ശതമാനം വർദ്ധിച്ചിട്ടുണ്ട്. മററു സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം പരിശോധിച്ചാൽ ഇന്ന് യഥാർത്ഥ വരുമാനം മററു ഗവൺമെൻറ് ജീവനക്കാർക്ക് വളരെ കുറവാണ്. ഇത് പരിശോധിക്കണം. മററു സംസ്ഥാനങ്ങളിലെ ശമ്പളത്തിൻെറ കാര്യത്തെക്കുറിച്ച് ഒന്നും പറയുന്നില്ലെങ്കിലും ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. മററു സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് ലാസ്ററ് ഗ്രേഡ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ലാസ്ററ് ഗ്രേഡ് ജീവനക്കാർക്ക് 322 രൂപ ശമ്പളമുണ്ട്. തമിഴ്നാട്ടിൽ 250 രൂപയാണ്. കർണ്ണാടകത്തിൽ 264 രൂപ. പശ്ചിമബംഗാളിൽ 262 രൂപ. കേന്ദ്ര ധനകാര്യ കമ്മീഷൻ പ്രത്യേകമായി നമുക്ക് സാമ്പത്തിക സഹായം നൽകാതിരുന്നിട്ടുപോലും ഇവിടെയുള്ള വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ഈ ഗവൺമെൻറ് ജീവനക്കാരുമായി സഹകരിച്ചുകൊണ്ട് അവരെ തൃപ്തിപ്പെടുത്തുകയാണ് ചെയ്തത്.

മറെറാരു കാര്യം എനിക്ക് പറയാനുള്ളത് നമ്മുടെ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിനെക്കുറിച്ച് ആണ്. സർ, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാരെ നിയമിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഫെബ്രുവരി മാസം 25-ാം തിയ്യതിയിലെ കേരളാ കൗമുദി പത്രത്തിൽ സ്കുബ്ബാ ഡ്രൈവിംഗ് എന്നൊരു വാർത്ത വന്നു. കടലിൽ ഗവേഷണം നടത്തുന്നതിന് ഇത്തരം ഡ്രൈവിംഗ് പ്രയോജനപ്പെടുത്താവുന്നതാണ്. പ്രാണവായു നിറച്ച 35 കിലോഗ്രാം തൂക്കമുള്ള രണ്ടു സിലിണ്ടറുകൾ മുതുകിൽ ഘടിപ്പിച്ച് അതിൽ നിന്ന് ഒരു വാൽവ് മുഖാവരണത്തോട് ബന്ധിപ്പിച്ചിരിക്കും. കരയുമായി ബന്ധപ്പെടാനുള്ള ഒരു കമ്പി ഈ ഉപകരണത്തോട് ഘടിപ്പിച്ചത് വേറെയും. ഇത്തരം ഉപകരണങ്ങൾ ധരിച്ചു മുങ്ങൽ വിദഗ്ദ്ധർക്ക് ആഴിയുടെ അടിത്തട്ടിൽ മൽസ്യങ്ങളുടെ ലാഘവത്തോടെ ചെന്നെത്തി വിവരം ശേഖരിക്കാനും, ആഴക്കടലിൽ കുറേ സമയം ചെലവഴിക്കാനും കഴിയും. വിനോദത്തിനും കടൽ സമ്പത്ത് ചൂഷണം ചെയ്യുന്നതിനും സ്കുബ്ബാ ക്ളബ്ബുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെൻറർ ഫോർ എർത്ത് സയൻസ് സ്ററഡീസ് ഈ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരിക്കുകയാണ്. ശാസ്ത്രജ്ഞൻമാർക്ക് സ്കുബ്ബാ ഡ്രൈവിംഗിൽ പരിശീലനം നൽകുകയാണ് ലക്ഷ്യം. അതിനുവേണ്ടി ലക്ഷക്കണക്കിനു രൂപ ചെലവാക്കുന്നുണ്ട്. ഇതിന് പ്രോജക്ററ് റിപ്പോർട്ടുണ്ട്. പ്രതിമാസം ഇതിലെ ഡയറക്ററർക്ക് മൂവായിരം നാലായിരം രൂപ ശമ്പളമാണ് കൊടുക്കുന്നത്. കേരളത്തിലെ 52 ശതമാനം ആളുകൾക്ക് ഒരു നേരത്തെ ആഹാരത്തിനു വഴിയില്ലാത്ത അവസരത്തിൽ അനാവശ്യമായിട്ടുള്ള പാഴ്ച്ചെലവുകൾ ഉണ്ടാക്കാതെയിരിക്കുന്നതിന് ശ്രദ്ധിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഭാസ്ക്കരൻ നായർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുകയാണ്. വളരെ അടിയന്തിരമായും അപ്രതീക്ഷിതമായും ഉണ്ടാകുന്ന ചെലവുകൾക്കു വേണ്ടിയാണ് കണ്ടിജൻസി ഫണ്ടിൽ നിന്ന് സാധാരണ സപ്ലിമെന്ററി ഗ്രാൻഡ് ഉപയോഗിക്കാറുള്ളത്. അതിന് വിരുദ്ധമായിട്ടാണ് ഈ ഗവൺമെന്റ് ഇത്തവണ പ്രയോഗിച്ചിരിക്കുന്നതെന്ന കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. പല ഉദാഹരണങ്ങളും എന്റെ മുമ്പിലുണ്ടെങ്കിലും സമയച്ചുരുക്കംകൊണ്ട് രണ്ടുമൂന്നു കാര്യങ്ങൾ മാത്രമേ പറയാനാഗ്രഹിക്കുന്നുള്ളു. സപ്ലിമെന്ററി ഡിമാൻഡിൽ പേജ് 77-ൽ അമ്മുവിന്റെ ആട്ടിൻകുട്ടിയെ വാങ്ങിക്കുന്നതിനുവേണ്ടി 1,80,000 രൂപ ചെലവാക്കിയതായി കാണുന്നു. അമ്മുവിന്റെ ആട്ടിൻകുട്ടി എന്നുള്ള ഫിലിമിന്റെ കോപ്പിറൈററ് വാങ്ങിക്കുന്നതിനുവേണ്ടി 1,80,000 രൂപ ചെലവാക്കിയിരിക്കുകയാണ്. വളരെ പ്രധാനപ്പെട്ട പല ചെലവുകളും നമുക്കുള്ള അവസരത്തിൽ, അടിയന്തിരമായി ചെലവുകളെല്ലാം നീക്കിവെച്ചുകൊണ്ട് അമ്മുവിന്റെ ആട്ടിൻകുട്ടിയെ വാങ്ങിക്കുന്നതിനു വേണ്ടി 1,80,000 രൂപ ചെലവായിട്ടുള്ളത് യാതൊരു കാരണവശാലും അംഗീകരിക്കാൻ നിർവ്വാഹമില്ല. ഈ ഗവൺമെന്റിന് ധൂർത്തടിക്കാൻ വേണ്ടിയുള്ളതല്ല. ഫിലിമിന്റെ കോപ്പിറൈററ് വാങ്ങിക്കുന്നതിനുവേണ്ടി സപ്ലിമെന്ററി ഡിമാൻറു മൂലം 1,80,000 രൂപ ചെലവാക്കുകയെന്നുള്ളത് നമുക്ക് പൊറുക്കത്തക്കതല്ല.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): ബഹുമാനപ്പെട്ട മെമ്പർ സിനിമ കാണാറുണ്ടോ?

ശ്രീ. എൻ. ഭാസ്ക്കരൻ നായർ: സിനിമയോടു പ്രേമമുള്ള ആളാണ്. സിനിമ കാണാറുമുണ്ട്.

ശ്രീ. പി. കെ. വാസുദേവൻ നായർ: അമ്മുവിന്റെ ആട്ടിൻകുട്ടി, കണ്ടിട്ടുണ്ടോ? അത് കുട്ടികൾക്കു വേണ്ടിയുള്ള നല്ല സിനിമയാണ് എന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എൻ. ഭാസ്ക്കരൻ നായർ: അത് ശരിയായിരിക്കും. സപ്ലിമെന്ററി ഗ്രാൻറ് അപ്രതീക്ഷിതമായും അടിയന്തിരമായും ഉണ്ടാകുന്ന ചെലവുകൾക്കുവേണ്ടി മാത്രമേ ഉപയോഗിക്കാൻ പാടുള്ളു. ഫിലിമിന്റെ കോപ്പിറൈററ് വാങ്ങിക്കുന്നതിനുവേണ്ടി ചെലവാക്കുകയെന്നുള്ളത് സപ്ലിമെന്ററി ഗ്രാൻഡിൽ കൊണ്ടുവരാൻ പാടില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

മറെറാരുകാര്യം പേജ് 25-ൽ പോലീസ് വിജിലൻസ് ഡിപ്പാർട്ടുമെന്റിലേക്ക് 1978 ഒക്ടോബർ, നവമ്പർ മാസങ്ങളിൽ വാങ്ങിയ ഏഴ് മോട്ടോർ കാറിന്റെ മെയിൻറനൻസിനുവേണ്ടി ഓരോ കാറിനും 23,000 രൂപ കൂടുതൽ ചെലവാക്കിയതായി കാണുന്നു. നവമ്പർ മാസത്തിൽ വാങ്ങിയ കാറിനു വേണ്ടി മൂന്നു മാസമാകുന്ന അവസരത്തിൽ ഉണ്ടായ ചെലവ് ആണ് ഇത്. മെയിൻറനൻസിനുവേണ്ടി ഓരോ കാറിനും 23,000 രൂപ വീതം ചെലവാക്കിയതായി കാണുന്നു. സപ്ലിമെന്ററി ഗ്രാൻറായിട്ട് ഇവിടെ കൊണ്ടുവന്നിരിക്കുകയാണ്. എന്തു കാര്യത്തിനു വേണ്ടിയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അത് ദുർവിനിയോഗമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാന്ന് ടി. എ. ഇനത്തിലുള്ള ബില്ലുകളെ സംബന്ധിച്ചാണ്. ലെജിസ്ളേച്ചർ സെക്രട്ടേറിയററിലെ ടി. എ. ബില്ല് വളരെയധികം കാണുന്നുണ്ട്. സപ്ലിമെൻററി ഡിമാൻഡിൽ അതാണ് പ്രധാനമായിട്ടും കാണുന്നത്. ഇവിടെ നിന്ന് സാധാരണയായി കമ്മിററികൾ ടൂർ പോയി എക്സസ്സായിട്ട് ചെലവാക്കിയ സംഖ്യയായിട്ടാണ് കാണുന്നത്. കമ്മിററികളെ സംബന്ധിച്ചിടത്തോളം സ്പീക്കർ, പ്രത്യേകമായ പരിഗണന ചില കമ്മിററികളോട് കാണിക്കുന്നത് ശരിയല്ല. എല്ലാ കമ്മിററികളോടും ഒരേ പരിഗണന ഈ വിഷയത്തിൽ കാണിക്കണം. രണ്ടും മൂന്നും പ്രാവശ്യം ആൾ ഇൻഡ്യാ ടൂറിന് ചില കമ്മിററികളെ അനുവദിച്ചതിന്റെ ഫലമായിട്ടാണ് ഇത് വരുന്നതെന്നുള്ളതുകൊണ്ട് അങ്ങനെയുള്ള ചെലവുകൾ നിറുത്തേണ്ടതാവശ്യമാണെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. സി. വാമദേവൻ:</u> സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. വളരെ പ്രതികൂലമായ രാഷ്ട്രീയ സാഹചര്യങ്ങളിൽ അധികാരത്തിൽ വന്ന ഈ ഗവൺമെൻറിന് അധികാരത്തിൽ വന്ന അന്നു മുതൽ ഇന്നു വരെ വളരെ അപ്രതീക്ഷിതങ്ങളായ രാഷ്ട്രീയ സംഭവങ്ങളെയാണ് നേരിടേണ്ടി വന്നത്. ആഞ്ഞടിച്ച കൊടുങ്കാററുകളെ അതിജീവിക്കുകയും ആകസ്മികമായി ഉണ്ടായ രാഷ്ട്രീയ മാററങ്ങളെ നേരിടുകയും ചെയ്ത ഈ ഗവൺമെൻറിന് അതിന് ധൈര്യം നൽകിയത് ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന അന്നു മുതൽ ഇന്നു വരെ ഈ ഗവൺമെൻറ് നടത്തിയിട്ടുള്ള സാമൂഹ്യക്ഷേമപരമായ നടപടികൾ കൊണ്ടാണെന്ന് ഞാൻ വിശ്വസിക്കുന്നു. സമൂഹത്തിന്റെ താഴെക്കിടയിലുള്ള വിവിധ വിഭാഗങ്ങൾക്ക് കഴിവിന്റെ പരമാവധി സഹായം നൽകുന്നതിന് ഈ ഗവൺമെൻറ് അങ്ങേയററം വരെ പരിശ്രമിച്ചിട്ടുണ്ടെന്ന് തറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ആ വിഭാഗങ്ങൾ പകർന്നുതന്ന ആവേശവും ധൈര്യവുമാണ് കെട്ടുറപ്പോടുകൂടി എല്ലാ വെല്ലുവിളികളേയും നേരിട്ടുകൊണ്ട് മുന്നോട്ട് പോകാൻ പ്രേരണയും ആവേശവും ഈ ഗവൺമെൻറിന് നൽകിയിട്ടുള്ളതെന്ന് പറഞ്ഞുകൊള്ളട്ടെ.

സർ, ഈ ഉപധനാഭ്യർത്ഥനയിൽ പങ്കെടുത്തുകൊണ്ട് എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് സേവ്യർ അറയ്ക്കൽ വളരെ ഭീമമായ ഒരു കുററം കണ്ടുപിടിച്ചു. മറെറാന്നുമല്ല മന്ത്രിമാരുടെ വിദേശ യാത്രയും ടെലഫോൺ ചാർജുമാണ്. വിദേശത്തു പോയി പഠനം നടത്തുന്നതിന്റെ ഗുണം എന്താണെന്നുള്ളത് ഇതുവരെ അദ്ദേഹത്തിന് മനസ്സിലായിട്ടില്ല എന്നതിൽ എനിക്ക് സഹതാപം തോന്നുന്നു. മന്ത്രി എന്ന നിലയിൽ വിദേശത്തു പോയത് എന്തിനെന്ന് അദ്ദേഹത്തിന് മനസ്സിലായില്ലെങ്കിൽ തൊട്ടടുത്തിരിക്കുന്ന ശ്രീ. വക്കം പുരുഷോത്തമനോട് ചോദിച്ചാൽ പറയും. പിന്നെ വലിയൊരു തെററു കണ്ടുപിടിച്ചത് ടെലഫോൺ ചാർജിന്റെ കാര്യത്തിലാണ്. ഭരണം നടത്തുന്ന മന്ത്രിമാരുടെ ടെലഫോൺ ചാർജിൽ അപാകതകൾ കണ്ടെത്തുന്ന എന്റെ സുഹൃത്ത് ഈ ഭരണത്തെ തകർക്കാൻവേണ്ടി ചില ആഫീസുകളിൽ ഉപയോഗിക്കുന്ന ടെലഫോണിന്റെ ചാർജുമായി ഒന്നു താരതമ്യപ്പെടുത്തി നോക്കണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പിന്നെ ഇതിൽ അധികച്ചെലവിനുവേണ്ടി ചോദിച്ചിരിക്കുന്നതിൽ വലിയ ഒരുഭാഗം ശമ്പള പരിഷ്കരണത്തിനു വേണ്ടിയാണെന്നു തോന്നുന്നു. അതേക്കുറിച്ച് ഞാൻ പിന്നീട് പറയാം. ആകസ്മികമായുണ്ടായ വെള്ളപ്പൊക്കം കാരണം കെടുതികൾ അനുഭവിക്കേണ്ടി വന്ന ആളുകൾക്ക് കൊടുത്ത സഹായധനം, വിധവകളുടെ മക്കൾക്ക് കൊടുത്ത

വിവാഹ ഗ്രാൻറ്, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊടുക്കേണ്ടിവന്ന കൂടുതൽ ആനുകൂല്യങ്ങൾ, ഈ രാജ്യത്ത് എമ്പാടും തുടങ്ങി കഴിഞ്ഞിട്ടുള്ള ശിശുക്ഷേമ പദ്ധതികൾ, വയനാടു ജില്ലക്ക് ഒരു പ്രത്യേക ആസ്ഥാനമുണ്ടാക്കുന്നതിനു വേണ്ടിയുള്ള ചെലവ് അതുപോലെ തന്നെ മററു പല ഗുണകരമായ കാര്യങ്ങൾക്കു വേണ്ടിയുള്ള ചെലവ് ഇതെല്ലാം കാണാതെ വളരെ ബാലിശമായ നിസാരമായ കാര്യങ്ങൾ മാത്രം കണ്ടെത്തുന്ന എൻെറ പ്രതിപക്ഷ സുഹൃത്തുക്കൾ ഇതേപ്പററിയെല്ലാം പരിഗണിക്കണെമെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. ഞാൻ നേരത്തേ സൂചിപ്പിച്ച വിവിധങ്ങളായ സാമൂഹിക ക്ഷേമ പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ ഒരു വലിയ തടസ്സം ഇന്നു അനുഭവപ്പെടുന്നു എന്നു ഞാൻ പറയുന്നു. അതു മറെറാന്നുമല്ല. ഏതാണ്ട് പുഴുക്കുത്തേററ് പഴകി തുരുമ്പിച്ചിരിക്കുന്ന സിവിൽ സർവ്വീസ് കാരണം ഗവൺമെൻറിൻെറ സാമൂഹിക ക്ഷേമ പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിൽ പലപ്പോഴും നാം പരാജയപ്പെട്ടിരിക്കുന്നു എന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഈ രാജ്യം കണ്ടിട്ടുള്ളതിൽ വെച്ച് ഏററവും വിലപ്പെട്ട സാമൂഹിക ക്ഷേമ നടപടിയാണ് വിധവകളുടെ മക്കളെ യഥാസമയം വിവാഹംകഴിപ്പിച്ച് അയയ്ക്കുന്നതിന് ഗവൺമെൻറിൽ നിന്നും സഹായധനം നൽകുക എന്നുള്ളത്. പക്ഷേ എനിക്ക് നേരിട്ടറിയാം, പല ഉദ്യോഗസ്ഥൻമാരുടെ മർക്കടമുഷ്ടി കൊണ്ട് പാവപ്പെട്ട പല സ്ത്രീകളുടേയും വിവാഹത്തീയതി മാററിവെക്കേണ്ടി വന്ന കാര്യം. എനിക്ക് നേരിട്ട് ഒരു അനുഭവമുണ്ടായി. മൂന്നു നാലു മാസത്തിനു മുമ്പ് ഒരു വിധവയുടെ മകളുടെ വിവാഹത്തീയതി തീരുമാനിച്ചു. ആ തിയ്യതി വരെ ഈ ഗ്രാൻറ് കൊടുക്കാൻ സാധിച്ചില്ല. വിവാഹത്തിൻെറ അന്നേ ദിവസം വിവാഹ മുഹൂർത്തത്തിൽ ഗ്രാൻറ് വാങ്ങാൻ അമ്മ ചെല്ലണമെന്ന് നിർദ്ദേശിച്ച ഉദ്യോഗസ്ഥൻമാർവരെ നമ്മുടെ സിവിൽ സർവ്വീസിലുണ്ടെന്നുള്ളത് നാം മറക്കരുത്. എന്താണ് ഇന്നത്തെ സിവിൽ സർവ്വീസിൻെറ സ്ഥിതി? ആഫീസിൽ എല്ലാവരും പത്തേകാൽ മണിക്ക് ഹാജരാകണമെന്നാണല്ലോ വ്യവസ്ഥ. വരവിൻെറ പ്രക്രിയ 10 മണിക്ക് ആരംഭിച്ച് 11 മണി വരെ നിൽക്കും. അതു കഴിഞ്ഞ് 11 മണിക്ക് ചായ കുടിക്കാൻ പോകുന്ന പ്രക്രിയ 12 മണി വരെ നീണ്ടു നിൽക്കും. ഒരു മണിക്കു ശേഷമാണല്ലോ ലഞ്ചിന് പോകേണ്ടത്. പക്ഷേ ലഞ്ചിനു പോകുന്ന പ്രക്രിയ 12½ മണിമുതൽ തുടങ്ങി തിരിച്ചുവരവ് മൂന്നു മണി വരെ നിൽക്കും. മൂന്നു മണിക്ക് ചായ കുടിക്കാൻ പോകുന്ന പ്രക്രിയ നാലുമണിവരെ നിൽക്കും. അതിനു ശേഷം ബസ്സിൻേറയും ട്രെയിനിൻേറയും സമയം കണക്കാക്കി നാലു മണി മുതൽ ആഫീസ് വിട്ടു പോകുന്ന ആയിരക്കണക്കിന് ഉദ്യോഗസ്ഥൻമാരെ നമുക്ക് കാണാൻ സാധിക്കും. ഏത് ആഫീസിൽ പോയി നോക്കിയാലും വരാന്തയിലും കാൻറീനിലും ഇരുന്നു വെറുതേ സംസാരിച്ചുകൊണ്ടിരിക്കുന്ന എത്ര ഉദ്യോഗസ്ഥൻമാരെ കാണാൻ കഴിയും. അതു മാത്രമല്ല ഉച്ചക്ക് അററൻഡൻസ് മാർക്ക് ചെയ്തിട്ട് മാററിനിക്ക് പോകുന്ന എത്രയെത്ര ഉദ്യോഗസ്ഥൻമാരുണ്ട്. വിജിലൻസ് വിഭാഗത്തെ വിട്ട് അന്വേഷിച്ചാൽ ഇതു കണ്ടുപിടിക്കുവാൻ സാധിക്കുകയില്ലേ? തൊഴിൽ ശാലകളിൽ രാവിലെ ടൈം കാർഡ് പഞ്ച് ചെയ്തതിനു ശേഷം പന്ത്രണ്ടര വരെ ജോലി ചെയ്തിട്ട് ഉച്ചക്ക് വെളിയിലിറങ്ങി വീണ്ടും ഒന്നര മണിക്ക് ടൈം കാർഡ് പഞ്ചു ചെയ്തു അകത്തു കയറി വൈകുന്നേരം അഞ്ചുമണിവരെ കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളി വർഗ്ഗം ഇതു കണ്ടുകൊണ്ടു നിൽക്കുകയാണെന്നുള്ള കാര്യം ഭരണാധികാരികളെ ഓർമ്മപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഈ കാര്യത്തിൽ എന്തെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

തരത്തിലുള്ള നടപടി ആരുടെ എങ്കിലും പേരിൽ സ്വീകരിച്ചിട്ടുണ്ടോ? നടപടി എടുക്കാൻ സാദ്ധ്യമല്ല. കാരണം ഇതിനേക്കാരം താമസിച്ചാണ് വലിയ ഉദ്യോഗസ്ഥൻമാർ വരുന്നത്. അററൻഡൻസ് പരിശോധിക്കേണ്ട ഉദ്യോഗസ്ഥൻമാർ വരുന്നത് ഇതിനേക്കാരം താമസിച്ചാണ്. പിന്നെ എന്തു ചെയ്യാൻ കഴിയും? നമ്മുടെ ആഫീസുകളിലെ ഇന്നത്തെ സ്ഥിതി എന്താണ്? മേശമേൽ വാരിക്കൂട്ടിയിട്ടിരിക്കുന്ന ഫയലുകളിൽ തുടിക്കുന്ന ജനജീവിതത്തിൻെറ പ്രശ്നങ്ങളാണെന്നുള്ളത് മനസ്സിലാക്കാതെ ലാഘവ ബുദ്ധിയോടുകൂടി കാര്യങ്ങരം കൈകാര്യം ചെയ്യുന്നതിൻെറ ഫല മായി ഈ രാജ്യത്തെ പൊതുജനങ്ങളുടെ ക്ഷമ നശിച്ചിരിക്കുകയാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. എനിക്ക് നേരിട്ടറിയാവുന്ന അനേകം സംഭവ ങ്ങളുണ്ട്. ഒരു പഞ്ചായത്തു ഡിസ്പെൻസറിക്ക് കെട്ടിടമുണ്ടായ സംഭവം എനിക്കറിയാം. അതു കൈമാററം ചെയ്യണം. തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പഞ്ചായത്തിൽ നിന്നു കടലാസ് പോയിട്ട് മൂന്നു നാലു വർഷം കഴിഞ്ഞു. ഫയൽ അനങ്ങിയിട്ടില്ല. എം. എൽ. എ. സത്യാഗ്രഹം കിടക്കുമെന്നു നോട്ടീസ് കൊടുത്തതിനു ശേഷം മാത്രമേ ഫയൽ ചലിച്ചി ട്ടുള്ളു എന്ന വസ്തുത എനിക്ക് നേരിട്ടറിയാം. ലോകാരോഗ്യ സംഘടന നമ്മുടെ ഹെൽത്തു വകുപ്പിനുവേണ്ടി ഉപയോഗിക്കുന്നതിന് നൽകിയ 76 മോട്ടോർ സൈക്കിരം, വകുപ്പുകരം തമ്മിലുള്ള അഭിപ്രായ വ്യത്യാസം കാരണം ഒന്നര വർഷക്കാലം ബോംബേ പോർട്ടിൽ കിടന്നതിനുശേഷം ഒടുവിൽ വേറെ സ്റേററിന് അലോട്ടു ചെയ്തു. ചെന്ന് എടുക്കേണ്ടത് ഏതു വകുപ്പാണ് എന്നുള്ള അഭിപ്രായ വ്യത്യാസം മൂലമാണ് ഇതു സംഭവിച്ചത്. ഇതുപോലെ ധാരാളം സംഭവങ്ങളുണ്ട്. ഏതെങ്കിലും ഫയലിൻെറ പുറകേ ഏതെങ്കിലും സ്വാധീനമുള്ള ആളുകരം പോയി ല്ലെങ്കിൽ ഭരണ കക്ഷിക്കാരാകട്ടെ പ്രതിപക്ഷക്കാരാകട്ടെ പോയില്ലെങ്കിൽ അതു അനങ്ങിയിട്ടുണ്ടോ? അതുകൊണ്ട് ഇങ്ങനെ പഴകി തുരുമ്പിച്ചു പോയ സിവിരം സർവ്വീസിനെ വെച്ചുകൊണ്ട് ബ്രിട്ടീഷ് മേധാവിത്വ ത്തിനു വേണ്ടി അവർ ആവശ്യപ്പെടുന്നത് ചെയ്യാൻ വേണ്ടി പടച്ചു വെച്ച ഈ സിവിരം സർവ്വീസിനെ വെച്ചുകൊണ്ട്, ഒരു ഗവൺമെൻറിനും ജനക്ഷേമ കരമായ നടപടികരം നടത്താൻ സാദ്ധ്യമല്ല. അതുകൊണ്ട് ഇതിൽ എന്തെ ങ്കിലും കാര്യമായ മാററം വരുത്തണം.

ഈ ഉപധനാഭ്യർത്ഥനകളുടെ കൂട്ടത്തിൽ ഒന്നു രണ്ടു ഇനങ്ങരം കൂടി കാണുന്നുണ്ട്. കോടതിവിധികളും ആർബിട്രേഷനും അനുസരിച്ചു വേണ്ടിയുള്ള ചെലവ് യശശ്ശരീരനായ ശ്രീ. ടി. കെ. ദിവാകരൻ മരാമത്തു വകുപ്പു മന്ത്രിയായിരുന്ന സമയത്താണ് പൊതുമരാമത്തു പണിയുടെ കാര്യത്തിൽ തർക്കമുണ്ടായാൽ ആർബിട്രേഷന് വിടണമെന്ന് തീരുമാനിച്ചത്. അതിനുമുമ്പ് മന്ത്രിമാരായിരുന്നു തീരുമാനങ്ങളെടു ത്തിരുന്നത്. പക്ഷേ ഇപ്പോഴത്തെ ആർബിട്രേററർക്ക് ഇനി രണ്ടു മൂന്നു മാസമേയുള്ളു, അദ്ദേഹത്തിൻെറ അവസാനകാലത്തുള്ള ഈ ആർബിട്രേഷൻ അവാർഡുകളെ ഒരു പുനഃപരിശോധനക്ക് വിധേയമാക്കിയതിനുശേഷം മാത്രമേ പേയ്മെൻറ് നൽകാവൂ എന്ന് ഞാൻ ഗവൺമെൻറിനെ ഓർമ്മപ്പെ ടുത്തുകയാണ്. കോടതിവിധികളുടെ കാര്യത്തിൽവമ്പിച്ച തുക കൊടുത്ത തായി കാണുന്നു. ഗവൺമെൻറിൻെറ താൽപര്യങ്ങരം സംരക്ഷിക്കാൻ ഉള്ള ആളുകളാണ് ഗവൺമെൻറ് നിയോഗിക്കുന്ന ഗവൺമെൻറ് പ്ലീഡർ മാരും മററുള്ളവരും. പക്ഷേ അവർ ഗവൺമെൻറിനു വേണ്ടി ശരിയായി വാദിക്കുന്നുണ്ടോ എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ഈ ഗവൺമെൻറിൻെറ ശമ്പളം പററുകയും ഗവൺമെൻറ് നിയോഗിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന അഭിഭാഷകർ പ്രഗൽഭമായി ആത്മാർത്ഥമായി ഗവൺമെൻറിൻെറ താൽപ്പര്യം ഭദ്രമാക്കാൻ ശ്രദ്ധിക്കുന്നുണ്ടോ എന്ന കാര്യത്തിൽ എനിക്ക് ചില സംശയങ്ങളുണ്ട്. ഗവൺമെൻറിനു വേണ്ടി ഹാജരായിട്ടുള്ള ഗവൺമെൻറ് പ്ലീഡർമാരായാലും മററു അഭിഭാഷകരായാലും കാര്യമായ തെളിവ് കോടതിയിൽ ഹാജരാക്കാത്തതുകൊണ്ടും സമർത്ഥമായി വാദിക്കാത്തതുകൊണ്ടും പലപ്പോഴും കോടതിയുടെ വിധിതീർപ്പിൽ ഗവൺമെൻറിനെതിരായ ഓബ്സർവേഷൻസ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഗവൺമെൻറിൻെറ പ്രവർത്തനം സുഗമമായി മുന്നോട്ടു കൊണ്ടു പോകണമെങ്കിൽ, ഗവൺമെൻറിൻെറ താൽപ്പര്യം കാത്തുരക്ഷിക്കണമെങ്കിൽ ഗവൺമെൻറിന് പൂർണ്ണമായും വിശ്വാസമുള്ള, പ്രഗൽഭരായ ആളുകളെ മാത്രമേ ഇത്തരം സ്ഥാനങ്ങളിൽ നിയോഗിക്കാവൂ എന്നു പറയാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

പ്രത്യക്ഷമായി കുററം ചെയ്യുന്ന ആരുടെ പേരിലും നടപടി എടുക്കാൻ ഇപ്പോൾ ആരും തയ്യാറല്ല. എല്ലാ രാഷ്ട്രീയ പ്രസ്ഥാന
11 A.M.] ങ്ങൾക്കും എല്ലാ രാഷ്ട്രീയ നേതാക്കൻമാർക്കും അവരുടെ പിന്നണികളെ ഭയമാണെന്നുപറയാൻ എനിക്കു മടിയില്ല. കാരണം നേതൃത്വം വിട്ടുപോകും, പ്രതിപക്ഷം ഉൾപ്പെടെ ആർക്കും. ആരു തെററു ചെയ്യുന്നുവോ തെററുകാരെ കാത്തു സൂക്ഷിക്കാനുള്ള വ്യഗ്രത, എന്നാൽ മാത്രമേ അവരുടെ വോട്ടു കിട്ടുകയുള്ളു എന്ന അമിതമായ ചിന്തയും വ്യാമോഹവും ഇതിൽനിന്നും ഉണ്ടായിട്ടുള്ളതാണ് ഈ അരാജകാവസ്ഥ. രാഷ്ട്രീയം നോക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥനെ ശിക്ഷിക്കാൻ തയ്യാറാണോ? ഇതൊക്കെ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്കറിയാം ആരെ പിടിക്കണമെന്ന്, ആരെ സ്വാധീനിക്കണമെന്ന്. എല്ലാവർക്കും എന്തെങ്കിലും അവിഹിതമായ കാര്യങ്ങളാണെങ്കിലും അവരുടെ സംഘടനയിൽ പറഞ്ഞാൽ ശരിയാകുമെന്ന വിശ്വാസമുണ്ട്. അവരുടെ പക്ഷത്ത് ധാരാളം ആളുകൾ ഉണ്ടെന്നുള്ളതുകൊണ്ട് അവർ പറയുന്നത് തെററാണെങ്കിൽ പോലും അതു തെററാണെന്നു പറയാൻ അറയ്ക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജനപ്രതിനിധികളുമാണുള്ളത്. ഇത് കടുത്ത വഞ്ചനയാണ്, കടുത്ത ജനദ്രോഹമാണ്. കുററം ചെയ്യുന്ന ഉദ്യോഗസ്ഥനെ ശിക്ഷിക്കുമ്പോൾ പോലും സങ്കുചിതമായ ചിന്താഗതികൾ സാമുദായികവും ജാതീയവുമായ ചിന്താഗതികൾ, പൊക്കിപ്പിടിക്കുന്നത് ബഹുജനങ്ങളുടെ താൽപ്പര്യത്തിന് രാഷ്ട്രീയ സ്വാധീനമില്ലാത്ത ബഹുജനങ്ങളുടെ താൽപ്പര്യത്തിന് ഹാനികരമാകുമെന്ന ബോദ്ധ്യത്തോടുകൂടി മാത്രമേ ഇത്തരം കാര്യങ്ങളെ സമീപിക്കാവൂ. സംശുദ്ധമായി നല്ലതു ചെയ്യാതെ ചീത്ത ചെയ്യിക്കാൻ സ്വാധീനത്തിനു സാധിക്കുമെന്നുള്ളതുകൊണ്ട് നീതി നടത്തണമെങ്കിലും സ്വാധീനം വേണം, അതുപോലെ സ്വാധീനമുണ്ടെങ്കിൽ എന്തനീതിയും ചെയ്യാമെന്നുള്ള ബഹുജനങ്ങളുടെ തോന്നൽ ഒരു ഭരണകൂടത്തിനും നല്ലതല്ല. അതുകൊണ്ട് സംശുദ്ധമായ ഭരണം വേണമെങ്കിൽ തെററുചെയ്യുന്നവനെ കർശനമായി മുഖം നോക്കാതെ, ജാതി നോക്കാതെ, രാഷ്ട്രീയബന്ധം നോക്കാതെ ശിക്ഷിക്കാനുള്ള സംവിധാനം ഉണ്ടാകണം. അതിന് പരിഹാരം കണ്ടെത്താനുള്ള ഒരു പ്രവർത്തന പരിപാടിയുമായി മുന്നോട്ടു പോകണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുന്നു. സർ, ഗവൺമെൻറിൻെറ വിവിധങ്ങളായ സാമൂഹ്യക്ഷേമ പരിപാടികൾകൊണ്ട് തീർച്ചയായും ഇല്ലായ്മയിൽനിന്നും സാവധാനമായിട്ടാണെങ്കിൽപോലും പാവങ്ങൾ മുന്നോട്ടു പോകുന്ന സാഹചര്യത്തിൽ താഴെക്കിടയിലുള്ള അദ്ധ്വാനിക്കുന്നവരും, തൊഴിലില്ലാത്തവരും, വിധവകളും ഉൾപ്പെടെയുള്ള ആളുകൾ ഈ ഗവൺമെൻറിനെ നിലനിറുത്തുമെന്നും,

2/447—12

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറിൻെറ താങ്ങും തണലുമായി നിൽക്കുന്ന ആളുകൾ അവരാണെന്നുമുള്ള ബോദ്ധ്യത്തോടുകൂടി മുന്നോട്ടു പോകണമെന്നും വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. വട്ടിയൂർക്കാവ് രവി:- സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഗവൺമെൻറു ചെയ്യുന്ന നല്ല കാര്യങ്ങളെ ഞാനും എൻെറ പാർട്ടിയും അനുകൂലിക്കുമെന്നുള്ളത് ശരിയാണ്. പക്ഷേ ഇവിടെ ജനോപകാരപ്രദമായ കാര്യങ്ങൾ കാര്യക്ഷമതയോടു കൂടി ഊർജ്ജസ്വലതയോടുകൂടി നടക്കുന്നില്ല എന്നുള്ള ആക്ഷേപം പരക്കെ ഉണ്ടായിട്ടുണ്ട്. ഭരണത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ പ്രധാനമായും ഗതാഗതത്തിൻെറ കാര്യം ആലോചിക്കണം. റോഡുകളുടെ സ്ഥിതിയാണെങ്കിൽ ഇന്ന് വളരെയധികം പരിതാപകരമാണ്. റോഡുകളിൽ കൂടി ശരിയായ രീതിയിൽ വാഹനങ്ങൾ ഓടിച്ചു പോകാൻ കഴിയാത്ത രീതിയിൽ അത്ര കണ്ട് കുണ്ടും കുഴിയുമായി കിടക്കുന്ന സ്ഥിതിയിലേക്ക് മാറിയിരിക്കുന്നു. ഈ വക കാര്യങ്ങളിലൊന്നും ഈ ഗവൺമെൻറ് കാര്യമായി ശ്രദ്ധിക്കുന്നില്ല എന്നുള്ള ആക്ഷേപമാണ് എനിക്കുള്ളത്. കഴിഞ്ഞ വെള്ളപ്പൊക്കകാലത്ത് ഈ സംസ്ഥാനത്ത് പ്രത്യേകിച്ചും തിരുവനന്തപുരം ജില്ലയിൽ ആററിൻെറ തീരത്തും മററും ഇടിഞ്ഞു പോയിട്ടുള്ള ഭാഗങ്ങൾ നന്നാക്കിയെടുക്കുന്നതിന് കേന്ദ്രഗവൺമെൻറ് അനുവദിച്ചിട്ടുള്ള തുക ആവശ്യമായ രീതിയിൽ മുഴുവനും ചെലവഴിക്കുന്ന കാര്യത്തിൽ പോലും ഈ ഗവൺമെൻറ് പരാജയപ്പെട്ടിരിക്കുകയാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. വളരെയധികം തുക ചെലവാക്കാൻ കഴിയാതെ പോവുകയാണ്. ഈ വക കാര്യങ്ങൾ കൂടി ഈ ഗവൺമെൻറ് ശ്രദ്ധിക്കണം.

സർ, ട്രാൻസ്പോർട്ട് ബസ്സുകളെ സംബന്ധിച്ചാണെങ്കിൽ പല റൂട്ടുകളിലും ഷെഡ്യൂളുകൾ ശരിക്ക് നടക്കുന്നില്ല. ശരിയായ രീതിയിലുള്ള മേൽനോട്ടവും കാര്യക്ഷമതയും ഈ വക കാര്യങ്ങളിൽ ഗവൺമെൻറ് കാണിക്കുന്നില്ല. ഈ വക കാര്യങ്ങളിൽ ശരിയായി ഗവൺമെൻറ് ശ്രദ്ധിച്ചാൽ ഇന്ന് ട്രാൻസ്പോർട്ടിലുള്ള ഇത്തരം പരാതികൾ മുഴുവനായിട്ടല്ലെങ്കിലും ഭാഗികമായിട്ട് പരിഹരിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

അതുപോലെ ഈ സംസ്ഥാനത്തെ വ്യവസായ ശാലകളെല്ലാം മുതലാളിമാർ കൈവശം വച്ചനുഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണ് ഉള്ളത്. ചെറുകിട വ്യവസായങ്ങളെ ഗവൺമെൻറ് സാരമായി സഹായിക്കുന്നില്ല, അവരെ നില നിറുത്താൻ ശ്രമിക്കുന്നില്ല. ചെറുകിട വ്യവസായങ്ങളെ സഹായിക്കാനും അവയെ നിലനിറുത്താനും ആവശ്യമായ നടപടികൾ ഗവൺമെൻറ് കൈക്കൊള്ളണം. ട്രാൻസ്പോർട്ട്, ഇലക്ട്രിസിററി തുടങ്ങിയ സ്ററാററ്യൂട്ടറി കോർപ്പറേഷനുകൾ ഇന്ന് വമ്പിച്ച നഷ്ടത്തിലാണ് നടക്കുന്നത്. കാരണം ഗവൺമെൻറ് ശരിയായി ആ ഭാഗത്ത് ശ്രദ്ധ ചെലുത്തുന്നില്ല. വൻകിട വ്യവസായ മുതലാളിമാരെ സഹായിക്കുന്നതു പോലെ ചെറുകിട വ്യവസായം നടത്തുന്ന ആളുകളെയും സഹായിക്കേണ്ടത് ആവശ്യമാണ്. ഉദാഹരണമായി പറയുകയാണെങ്കിൽ സാമില്ലിന് ആപ്ലിക്കേഷൻ കൊടുത്താൽ അതുപോലും തള്ളിക്കളയാനുള്ള പ്രവണതയാണ് ഉദ്യോഗസ്ഥൻമാർ കാണിക്കുന്നത്. തിരുവനന്തപുരത്ത് വാട്ടർ ടാപ്പുകൾ എവിടെങ്കിലും സ്ഥലത്ത് വയ്ക്കണമെന്നാവശ്യപ്പെട്ടാൽ മാസങ്ങളായാലും അത് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥൻമാർ അനാസ്ഥ കാണിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയുള്ള ഉദ്യോഗസ്ഥൻമാർ എന്താണ് ഈ സംസ്ഥാനത്ത് ചെയ്യുന്നതെന്നുള്ള കാര്യം കൂടി ആലോചിക്കാനും അന്വേഷിക്കാനും ഈ ഗവൺമെൻറ് കാര്യമായി മുന്നോട്ടു വരണമെന്നു കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

[Shri Vakkom Purushothaman in the Chair.]

ശ്രീ. കെ. എ. മാത്യു: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ ഗവൺമെൻറ് തുടങ്ങിവച്ച ജനക്ഷേമകരമായ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും അതിനെ മുഴുമിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ ധനം ഗവൺമെൻറ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. സർ, കഴിഞ്ഞ ബഡ്ജററ് ഈ സഭയിൽ അവതരിപ്പിച്ചതിനുശേഷം ഈ നാട്ടിൽ നടന്നിട്ടുള്ള ജനക്ഷേമകരമായ പ്രവർത്തനങ്ങളെ ക്കുറിച്ച് നിഷ്പക്ഷബുദ്ധിയോടു കൂടി പ്രതിപക്ഷം ഒന്നു തിരിഞ്ഞു നോക്കാൻ തയ്യാറാകുമെങ്കിൽ നിശ്ചയമായും കക്ഷിഭേദമില്ലാതെ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങാൻ ഈ സഭയിലുള്ള എല്ലാ ആളുകളും ധാർമ്മികമായി ബാദ്ധ്യസ്ഥരാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കക്ഷി, രാഷ്ട്രീയത്തിനതീതമായി കാണേണ്ടതാണ് ഈ നാടിൻെറ വലുതായ പ്രശ്നമെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ ഈ നാട്ടിലുണ്ടായ അഭൂതപൂർവ്വമായ പേമാരിയും വെള്ളപ്പൊക്കവും ആ കാലഘട്ടത്തിൽ ഈ നാട്ടിലെ ജനജീവിതം എത്രമാത്രം ദുരിതപൂർണ്ണമാക്കിയോ ആ സമയത്ത് വളരെയധികം വേഗതയോടു കൂടി ഓടി എത്തി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഈ ഗവൺമെൻറ് നടപടി എടുത്തു. ഇന്നേവരെ നടന്നിട്ടുള്ളതിൽ ഏററവും ഭംഗിയായി കാര്യങ്ങൾ ചെയ്തു തീർക്കുന്നതിന് ഈ ഗവൺമെൻറിനു കഴിഞ്ഞു എന്നുള്ളത് കാര്യക്ഷമതയുടെ രംഗത്ത് ഈ ഗവൺമെൻറ് എത്രമാത്രം മുൻപന്തിയിൽ നിൽക്കുന്നു എന്നുള്ളതിന് തെളിവാണ്. വേദന അനുഭവിക്കുന്നവരെ, യാതന അനുഭവിക്കുന്നവരെ, അദ്ധ്വാനിക്കുന്നവരെ കൈ കൊടുത്തു താങ്ങുന്നതിനും അവരുടെ കണ്ണീരൊപ്പുന്നതിനും ഈ ഗവൺമെൻറ് എത്രമാത്രം പ്രതിബന്ധങ്ങൾ തരണം ചെയ്തിരിക്കുന്നു. ഇവിടെ പ്രതിപക്ഷത്തുനിന്ന് ആദ്യമായി സംസാരിച്ച സുഹൃത്ത് ചില കാര്യങ്ങൾ പറഞ്ഞു. ഏഴു മാസത്തിനു മുമ്പ് ഈ ഭാഗത്തിരുന്നപ്പോൾ ഇവിടെ ഒരു സൽഭരണവും ബഞ്ചു മാറിയപ്പോൾ ഇവിടെ നടക്കുന്നത് ദുർഭരണവുമാണോ? ഇത്ര മാത്രം മനസ്സാക്ഷിയില്ലാതെ നെഞ്ചത്തു കൈ വെച്ചു സംസാരിക്കാൻ അദ്ദേഹത്തെപോലെ പ്രാഗൽഭ്യമുള്ള മറെറാരു രാഷ്ട്രീയ നേതാവിനേയും നമുക്കു കാണാൻ കഴിയുകയില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, പോലീസ് വകുപ്പിനെ സംബന്ധിച്ച് ഇവിടെ ചില ദു:സൂചനകളെല്ലാം ഉണ്ടായി. ഒരു സ്ഥലത്തു പറയും പോലീസ് ഇവിടെ നിർവ്വീര്യമാണ്, ഇവിടെ ആക്രമണം നടക്കുന്നു ഇവിടെ അഴിമതി നടക്കുകയാണ് എന്നെല്ലാം. അതേ സ്വരത്തിൽ തന്നെ പറയും ഇവിടെ പോലീസ് അതിക്രമം കാണിക്കുന്നു, പോലീസിനെ നിലയ്ക്കു നിർത്തണം എന്ന്. സർ, ഇതു വിരോധാഭാസമല്ലേ? ആഭ്യന്തരവകുപ്പ് ഇന്നു കൈകാര്യം ചെയ്യുന്ന രീതിയെക്കുറിച്ച് കൂടുതലായൊന്നും പറയേണ്ട. സമാധാനപ്രിയരായ ഇന്നാട്ടിലെ ജനങ്ങളുടെ ഹൃദയങ്ങളിൽ ഇന്നത്തെ ആഭ്യന്തരമന്ത്രി ചിരകാലപ്രതിഷ്ട നേടിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്തിൽ കൂടിയാണ്. ഇവിടെ ഈ അട്ടിമറിയും റൗഡി ഫീസ് പിരിവും നാടു നീളെ നടക്കുകയല്ലായിരുന്നോ? ഞാനിതു പറയുമ്പോഠം അപ്പുറത്തിരിക്കുന്ന മാർക്സിസ്ററു പാർട്ടിയിലെ മെമ്പറൻമാർക്ക് അല്പം വേദനയുണ്ടാകാം. തൊഴിലാളികളുടെ അവകാശങ്ങളുടെമേൽ കൈവെക്കാൻ പോലീസ് മുന്നോട്ടു വന്നിട്ടില്ല സർ. പക്ഷേ എന്താണിവിടെ നടന്നത്? ഇന്നാട്ടിലെ സൈ്വരമായ ജനജീവിതം അസാധ്യമാക്കിത്തീർക്കാൻ വേണ്ടി തൊഴിലാളി സംഘടനകളുടെ പേരു പറഞ്ഞുകൊണ്ട് ഇന്നാട്ടിൽ ചില സമരാഭാസങ്ങഠം അഴിച്ചു വിട്ടപ്പോഠം അതിനെ തടഞ്ഞതു ശരിയല്ലേ സർ? ഒരിക്കൽ കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു ഇന്നാട്ടിലെ സമാധാന പ്രിയരായ ജനങ്ങഠം, സിവിക് ബോധമുള്ള ഇന്നാട്ടിലെ ജനങ്ങഠം അദ്ദേഹത്തെ എന്നുമെന്നും സ്മരിക്കുമെന്നു മാത്രം പറയാൻ ഞാനാഗ്രഹിക്കുന്നു.

സർ, വികസനരംഗത്തെ കുറിച്ചു കൂടി ചില കാര്യങ്ങഠം പറയാനുണ്ട്. കേന്ദ്രം സംസ്ഥാനത്തെ അവഗണിക്കുന്നു എന്ന ശബ്ദം നാം ഏകസ്വരത്തിൽ മുഴക്കുമ്പോഠം എനിക്കു വേറൊരു കാര്യം കൂടി ശ്രദ്ധയിൽ പെടുത്താനുണ്ട്. സർ, സന്തുലിതമായ വികസനം ഭാരതത്തിലായാലും കേരളത്തിലായാലും നടന്നേ മതിയാകൂ. ഈ വികസനം ഒരു ഭാഗത്തു മാത്രം നടന്നാൽ അതത്ര ശരിയാകുകയില്ല. ഒരു മനുഷ്യ ശരീരത്തിൻെറ ഏതെങ്കിലും ഒരവയവം വളരെക്കൂടുതൽ വലുതായാൽ, ശിരസ്സു മാത്രം വലുതായാൽ അതെത്ര വൃത്തിഹീനമായിരിക്കും? എത്ര ഭംഗിയുള്ള കൈകാലുകളാകട്ടെ, എത്ര മനോഹരമായ സൗകുമാര്യമുള്ള ശരീരമാകട്ടെ തലമാത്രം വലുതായാൽ എത്ര വൃത്തിഹീനമായിരിക്കും. സാധാരണ നമ്മുടെ കുഞ്ഞുങ്ങളെല്ലാം ഈർക്കിലിൽ വെള്ളക്ക കുത്തിക്കളിക്കുന്നതു കണ്ടിട്ടില്ലേ, അതു പോലെയിരിക്കും. ഞാൻ പറഞ്ഞു വന്നത് വികസനരംഗത്ത്....

ശ്രീ. ഇ. പി. ഗോപാലൻ: എല്ലാ ഭാഗങ്ങളും ഒരു പോലെ വികസിച്ചാലോ?

ശ്രീ. കെ. എ. മാത്യു: ഞാൻ പറഞ്ഞതു ബഹുമാനപ്പെട്ട മെമ്പർക്കു മനസ്സിലായില്ലായിരിക്കും. ഞാൻ പറഞ്ഞത് വികസിച്ച ഭാഗങ്ങഠം മാത്രം കൂടുതൽ വികസിച്ചാൽ വൃത്തികേടായിരിക്കുമെന്നാണ്. ഞാൻ സൂചിപ്പിച്ചു വന്നത് ഇൻറഗ്രേററഡ് റൂറൽ ഡവലപ്മെൻറ് സ്കീമാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: വികസിക്കേണ്ട അവയവങ്ങഠം വികസിക്കാതിരുന്നാലും വിഷമമുണ്ടാകുകയില്ലേ?

ശ്രീ. കെ. എ. മാത്യു: അതു വികസിപ്പിക്കുവാൻ നമുക്കു മാർഗ്ഗമുണ്ട്. അതു നമുക്കു രണ്ടുപേർക്കുമറിയാം. അങ്ങനെ ഇൻറഗ്രേററഡ് റൂറൽ ഡവലപ്മെൻറ് സ്കീം, വില്ലേജ് റോഡ് സ്കീം എല്ലാം നമ്മുടെ വികസനരംഗത്തു സുപ്രധാനമായ സംഭാവന കാഴ്ചവെക്കുന്ന നല്ല നല്ല പരിപാടികളാണ്. അതിലേക്കു കടന്നു കയറി നോക്കിയാൽ ചില ഭാഗങ്ങഠം ഈ രംഗത്തു അവഗണിക്കപ്പെട്ടിട്ടുണ്ടെന്നു സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം കൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. അതു വനം വകുപ്പിനെ സംബന്ധിച്ചാണ്. ഞാൻ അധിവസിക്കുന്നത് ഒരു മലയോര പ്രദേശത്താണ്. വനവിഭവങ്ങൾ ധാരാളമുള്ള ഒരു പ്രദേശത്തുനിന്നാണ് ഞാൻ കടന്നു വരുന്നത്. സാധാരണ മീനം മേടം മാസങ്ങളാകുമ്പോൾ പുതുമഴ പെയ്യുമ്പോൾ മലയോരപ്രദേശത്തെ കർഷകർ ഒരു പിടി നെല്ലു വാരി വിതയ്ക്കും. കഴിഞ്ഞ ദിവസവും മലയോര പ്രദേശങ്ങളിലേക്കു കടന്നു കയറാൻ എനിക്ക് അവസരം ലഭിച്ചു, അവിടുത്തെ ജനങ്ങളുടെ കഷ്ടപ്പാടുകളിലേക്ക്, അവരുടെ ദുരിത പൂർണ്ണമായ ജീവിതത്തിലേക്ക്, അവരുടെ കദന കഥകളിലേക്ക് ഞാൻ ഈ ഗവൺമെൻറിൻെറ ശ്രദ്ധ ക്ഷണിക്കുകയാണ്. ഒരു പിടി നെല്ലു വാരി വിതയ്ക്കുന്ന കർഷകരുടെ നേരെ വനം വകുപ്പുദ്യോഗസ്ഥൻമാർ കാണിക്കുന്ന കൊള്ളരുതായ്മകളെ സംബന്ധിച്ച് ദിവസങ്ങളോളം വിവരിക്കുവാനുണ്ട്. അതേ സമയം മറുഭാഗത്തു എന്താണ് നടക്കുന്നതെന്ന് ഈ ഗവൺമെൻറാലോചിക്കണം. ഈ ഉദ്യോഗസ്ഥൻമാർ ഏതാനും ചില കോൺട്രാക്ററർമാരുടെ സ്വകാര്യ വ്യക്തികളുടെ ഇംഗിതത്തിനു വശംവദരായി വളരെ ഗണ്യമായ നിലയിൽ വനംകുംഭകോണം ഇവിടെ നടത്തുകയാണ്. അതിനെക്കുറിച്ച് നാം ബോധവാൻമാരാകുകയും അതിനെ തടഞ്ഞു നിർത്താൻ കാര്യമായി ആലോചിക്കുകയും ചെയ്യണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ കഴിഞ്ഞ ദിവസം ഈ സഭയിൽ ചോദിച്ചു ഈ റിസർവ്വു വനത്തിൻെറ നടുക്ക് ഒരു സാമിൽ പ്രവർത്തിക്കുന്നില്ലേ എന്ന്. ഏതാനും ദിവസങ്ങൾക്കു മുമ്പ് എനിക്കു എഴുതിക്കിട്ടിയ ഒരു മറുപടിയിൽ ഒരു വാസുദേവൻ നായർക്കു ഇങ്ങനെയൊന്നു കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. ഇവിടെ നടക്കുന്നതെന്താണ്? ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ ചലനാത്മകത്വം ഇല്ലെന്നു പറഞ്ഞു. അടിയന്തിരാവസ്ഥക്കാലത്തു ചലനാത്മകത്വം നടന്നപ്പോഴാണ് റിസർവ്വു വനത്തിനകത്ത് തടിയറുക്കാൻ കോൺട്രാക്ററർക്കു ലൈസൻസ് കൊടുത്തിരിക്കുന്നത്. ഇതു തെററാണ്, ഇതിനേ പററി അന്വേഷിക്കണം. സ്ളീപ്പർ അറുക്കാനെന്ന വ്യാജേന തമ്പകം മുഴുവൻ അറുത്ത് അതിൻെറ പുറന്തോടു മാത്രം സ്ളീപ്പറാക്കുകയും ബാക്കിയെല്ലാം സ്വകാര്യവ്യക്തിയുടെ വെളിയിലുള്ള മില്ലിലേക്ക് കൊണ്ടുപോയി കള്ളക്കോലുകളാക്കി മാററുകയും ചെയ്യുന്ന സംഭവവികാസത്തെക്കുറിച്ച് ഗവൺമെൻറ് ശ്രദ്ധിക്കുകയും ആലോചിക്കുകയും ചെയ്യണമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

ഒരു കാര്യം കൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. ആവർത്തനത്തിൻെറ വിരസത അനുഭവപ്പെടുമെന്നു ഞാനും ഭയപ്പെടുന്നുണ്ട്. എന്നിരുന്നാൽ തന്നെയും റാന്നിയിൽ അധിവസിക്കുന്ന ജനലക്ഷങ്ങളുടെ തീവ്രവും ഉൽക്കടവുമായ വികാരങ്ങൾ ഉൾക്കൊള്ളുമ്പോൾ എനിക്കതിനെക്കുറിച്ച് സംസാരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രിയോടും പറയാൻ ഞാനാഗ്രഹിക്കുന്നു. നിങ്ങൾ ഭരണ സാരഥ്യം വഹിക്കുന്ന ഈ കാലഘട്ടത്തിൽ റാന്നിയിലെ ജനലക്ഷങ്ങളുടെ ചിരകാലാഭിലാഷമായ റാന്നി താലൂക്ക് രൂപീകരിച്ച് മുന്നോട്ടു പോകുന്നുവെങ്കിൽ നിശ്ചയമായും റാന്നിയിലെ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽ നിങ്ങളുടെ നാമം തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെടുമെന്നും അല്ല മറിച്ചാണു സംഭവിക്കുന്നതെങ്കിൽ ചരിത്രം നിങ്ങൾക്കു മാപ്പു തരികയില്ലെന്നും കൂടി പറയാൻ ഞാനാഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ ഐ, ആർ. ഡി. സ്കീമിനെ കുറിച്ചു കൂടി എനിക്ക് ഒന്നു പറയാനുണ്ട്. ഒരു നല്ല പദ്ധതിയാണ്. ഇന്നാട്ടിലെ ഹരിജനങ്ങൾക്ക്, ഇന്നാട്ടിലെ പാവപ്പെട്ടവർക്ക്, ഇന്നാട്ടിലെ അടിസ്ഥാന വർഗ്ഗങ്ങൾക്കു നിശ്ചയമായും പ്രയോജനം ഉണ്ടാകാൻ വേണ്ടി രൂപം കൊടുത്തിട്ടുള്ള ഈ ഐ. ആർ. ഡി. സ്കീം ഒരു പരിധി വരെ ഇന്ന് അവതാളത്തിലാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ സ്കീം നടപ്പിലാക്കാൻ ആവശ്യമായ ഏജൻസികൾ ഇന്നും ഉണ്ടായിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ സാമ്പത്തിക വർഷം അവസാനിക്കുവാൻ പോകുകയാണ്. ഈയവസരത്തിൽപോലും ഈ ഐ. ആർ. ഡി. സ്കീം ശരിയായ രീതിയിൽ നടത്തുന്നതിന് ഉത്തരവാദപ്പെട്ട ഏജൻസികൾ ഉണ്ടായിട്ടില്ല. എനിക്ക് ഒരു കാര്യം സൂചിപ്പിക്കുവാനുണ്ട്. നമ്മുടെ എസ്. എഫ്. ഡി. എ. യുടെ പ്രവർത്തനം ഇന്നു മന്ദീഭവിച്ചിരിക്കുന്നു. കേന്ദ്രത്തിൽ നിന്നും കിട്ടാനുള്ള വിഹിതം കിട്ടുന്നില്ലെന്നറിയുന്നു. അതുകൊണ്ട് ഈ സ്കീം എസ്.എഫ്.ഡി.എ. കൈകാര്യം ചെയ്യാൻ ഏൽപ്പിക്കുന്നതു നന്നായിരിക്കുമെന്നു സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

ഒരു കാര്യം കൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. അതു കേന്ദ്ര ഗവൺമെൻറിൻെറ നയവൈകല്യങ്ങളെ സംബന്ധിച്ചാണ്. സർ, ഈ അടുത്ത ദിവസം പത്രങ്ങളിൽ വായിക്കുകയുണ്ടായി, റബ്ബറിൻെറ കുത്തക വ്യാപാരം ഏറ്റെടുക്കുവാൻ പോകുന്നുവെന്ന്. 1300 രൂപ ഈ നാട്ടിൽ റബ്ബറിനു വിലയുണ്ടായിരുന്നപ്പോൾ 650 രൂപ തറവില പ്രഖ്യാപിക്കുവാൻ ചങ്കൂററം കാണിച്ച കേന്ദ്ര സർക്കാർ ഈ റബ്ബർ വ്യാപാര രംഗത്ത് കടന്നുവന്ന് ഈ വ്യാപാരം ഏറ്റെടുത്താൽ ഇന്നാട്ടിലെ ചെറുകിട റബ്ബർ കർഷകൻ എവിടെപോയി നിൽക്കുമെന്നു നാം ആലോചിക്കേണ്ടതുണ്ട്. ഇന്നോളം നടന്നിട്ടുള്ള അനുഭവത്തിൻെറ വെളിച്ചത്തിൽ റബ്ബറിൻെറ കുത്തകവ്യാപാരം കേന്ദ്രം ഏറ്റെടുക്കുന്നുവെങ്കിൽ നിശ്ചയമായും കുത്തഴിഞ്ഞ് ഈ വ്യവസായം ഗോസായിമാരെ സഹായിക്കുന്നതിനും പ്രീണിപ്പിക്കുന്നതിനുമുള്ള ജനതാ ഗവൺമെൻറിൻെറ നഗ്നമായ ഒരു നീക്കമായിരിക്കും. സംസ്ഥാന ഗവൺമെൻറ് അതിനെക്കുറിച്ച് ബോധവാൻമാരാകുകയും ആ നടപടിയിൽനിന്നും കേന്ദ്രത്തെ പിൻമാററാൻ മുന്നോട്ടു വരികയും ചെയ്യണം. റബ്ബറിൻെറ ഉൽപ്പാദനം ഏററവും കൂടുതൽ നടക്കുന്നതു കേരളത്തിലാണെങ്കിലും വ്യവസായങ്ങൾ മുഴുവൻ നടക്കുന്നത് ഉത്തരേന്ത്യയിലാണ്. ആ ഉത്തരേന്ത്യൻ മേധാവിത്വത്തിനു അടിമയായി കഴിയുന്ന ജനതാ ഗവൺമെൻറ് ഈ രംഗത്തു കടന്നു വന്നാൽ ഈ രാജ്യത്തെ കർഷകൻെറ ഉത്തമതാൽപ്പര്യത്തിനു വിഘാതം സൃഷ്ടിക്കുമെന്നും അതുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഈ ഗവൺമെൻറു മുന്നോട്ടു വരണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. പുതിയ സാമ്പത്തിക വർഷം പിറക്കുന്നതോടുകൂടി വരും കൊല്ലത്തേക്കുള്ള ബഡ്ജററു പാസ്സാക്കുന്നതിനു മുമ്പ് തന്നാണ്ടിൽ വരുന്ന ചെലവുകൾ ക്രമീകരിക്കുന്നതിനു വേണ്ടി സാധാരണ രീതിയിൽ ഇവിടെ അവതരിപ്പിക്കപ്പെടുന്നതാണ് ഈ ഉപധനാഭ്യർത്ഥനകൾ. പ്രതിപക്ഷത്തിന് സ്വാഭാവികമായും അതിനെ എതിർക്കേണ്ടതുണ്ട്. എതിർക്കുകയും ആവാം, നല്ല കാര്യം. എന്നാൽ സാധാരണ ചെലവുകൾ ചെയ്യുന്ന കാര്യത്തിൽ ഒക്കെ പങ്കാളികളാകുക, ചെലവു നിയമപ്രകാരം അനുവദിക്കേണ്ടുന്ന സമയത്ത് മാറി നിന്നെതിർക്കുക, അതിൽ യുക്തിഭംഗം ഉണ്ട്, അല്ലെങ്കിൽ അത്തരം വാദഗതികൾ യുക്തിഭദ്രമല്ല. എതിർക്കുന്നതുകൊണ്ട് വിരോധമുണ്ടായിട്ടല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതിൽ രണ്ടാമത്തെ പേജ് എടുത്തു നോക്കിയാൽ അതിൽ അധികം വകയിരുത്തിയിട്ടുള്ളത്

The current year's provision is insufficient for meeting the Travel Expenses of Members of the Legislative Assembly. Further on account of the meeting of the Legislature Committees and the study tours undertaken by the Legislature Committees inside and outside the State, additional funds are required. Therefore a supplementary grant of Rs. 1,25,000 is sought.

ഇതുപോലുള്ള അധിക ചെലവുകൾ അനാവശ്യമാണ്, ധൂർത്താണ് എന്നു പറയുന്നവരോട് വാദിച്ചുനോക്കിയിട്ടൊന്നും കാര്യമില്ല. അതു വേറെ ചില സുഖക്കേടിന്റെ ലക്ഷണമാണ്. അതിനു മറുപടി പറയണമെന്നു ഉദ്ദേശിക്കുന്നില്ല. ഒരു ഉദാഹരണം പറഞ്ഞു എന്നു മാത്രമേയുള്ളു.

അതുപോലെ തന്നെ അപ്രതീക്ഷിതമായിട്ടുള്ള രീതിയിൽ വന്ന കൊടുങ്കാററും നാശനഷ്ടങ്ങളും അതിന്റെ പരിഹാരത്തിനുവേണ്ടി ചെലവാക്കിയിട്ടുള്ളതും ധൂർത്തെന്നു പറയാമോ? എന്നാൽ ധൂർത്ത് എന്ന വാക്കിന്റെ അർത്ഥം ഒന്നു മാററി വെക്കേണ്ടി വരും. വാക്കുകളുടെ അർത്ഥവും മാറി മാറി വരുന്ന കാലമാണല്ലോ; നിവൃത്തിയില്ല. അങ്ങനെയൊക്കെ വന്നേയ്ക്കാം.

സർ, ശമ്പളവർദ്ധനവുണ്ടായി. ആ ശമ്പളവർദ്ധനവ് ഇപ്പോൾ കൊടുത്തു തുടങ്ങുകയും ചെയ്തു. അതിന് ബഡ്ജററിൽ വകയിരുത്തേണ്ടെന്നാണോ? ബഹുമാനപ്പെട്ട കുറുപ്പ് ഈ ശമ്പള വർദ്ധനവൊന്നും പോര, ജീവനക്കാരോട് ആലോചിച്ചിരുന്നെങ്കിൽ ചെലവ് കൂടുകയാണോ ചെയ്യുന്നത്—കുറയുമെന്നുവരെ പറഞ്ഞ് ഒപ്പിച്ചവരുണ്ട്. അവരോടു കൂടിയാലോചിച്ചിരുന്നെങ്കിൽ 30 കോടി വേണ്ടിവരികയില്ല എന്നാണോ? ഇപ്പോൾ പറയുന്നത് കേട്ടപ്പോൾ 30 കോടിയിൽ അധികരിക്കേണ്ടിവരും എന്നുറപ്പായി. 30 കോടി ഉള്ളത് കൊടുക്കേണ്ടവർക്ക് കൊടുക്കാൻ ഈ ഗവൺമെൻറിന് അർഹതയില്ലെന്നാണ് ഇപ്പോൾ പറയുന്നത്. ഈ ഗവൺമെൻറിന് ചെലവു ചെയ്യാൻ അർഹതയില്ലെന്ന് പറഞ്ഞ ഉടനെ അടുത്ത വാചകത്തിൽ കുറച്ചു കൂടി കൊടുത്താൽ തരക്കേടില്ലെന്നു പറയുന്നു. എന്താണ് അതിന്റെ അർത്ഥം. അസംബ്ലിയാണ്, ബഡ്ജററാണ്, ഉപധനാഭ്യർത്ഥനയാണ്, എന്നൊക്കെ വരുമ്പോൾ എന്തെങ്കിലും പറയാൻ പററുന്ന സ്ഥലമാണെന്ന് ഞങ്ങൾ ഇതുവരെ ധരിച്ചിട്ടില്ല. വാദത്തിന് ചില യുക്തിയും മര്യാദയും ന്യായവാദങ്ങളും ഒക്കെയുണ്ട്. സർവ്വോപരി യുക്തിഭദ്രവും യുക്തിസഹവും ഒക്കെ ആകേണ്ട സ്ഥലമാണ് അസംബ്ലി എന്നാണ് ഞങ്ങൾ ധരിച്ചിരിക്കുന്നത്. അപ്പപ്പോൾ തരാതരം പോലെ പറയുന്ന സ്ഥലമാണ് എന്നു ധരിച്ചു പോയാൽ ഒന്നും പറയാനില്ല. ചെലവു ചെയ്തു പോയതും മാർച്ച് 31 വരെ ചെലവു ചെയ്യാൻ ഇരിക്കുന്നതുമായ കാര്യങ്ങളിൽ അധികച്ചെലവുണ്ടെങ്കിൽ, അനാവശ്യച്ചെലവുണ്ടെങ്കിൽ അത് എടുത്തു പറയേണ്ടത് ആവശ്യമാണ്. ഞാൻ അതിനോടു യോജിക്കുന്ന ആളാണ്. ഇതിൽ രൂപയ്ക്ക് 100 പൈസയും ഭംഗിയായി, ഭദ്രമായി, സത്യമായി ചെലവഴിച്ചതാണ് എന്നൊന്നും പറയാൻ ഞാൻ തയ്യാറില്ല. ഇങ്ങേ ഭാഗത്ത് ഇരിക്കുന്നതു കൊണ്ട് അങ്ങനെ പറഞ്ഞു കൊള്ളണമെന്ന് എവിടെയും പറഞ്ഞിട്ടുമില്ല. വോട്ടു ചെയ്യും അതു വേറെ കാര്യം. എന്നാൽ മൊത്തമായി വട്ടിപ്പാക്ക് അളക്കുന്ന മട്ടിൽ എല്ലാം പാഴ്ചെലവാണ്, എല്ലാം അനാവശ്യച്ചെലവാണ് എന്നു പറയുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. നാരായണൻ നായർ: ഇതിൽ അനാവശ്യച്ചെലവ് ഏതാണെന്ന് ഒന്ന് ഇനം തിരിച്ചു പറഞ്ഞു തരാമോ?

ശ്രീ. ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ട നാരായണൻ നായരുടെ പണി ഞാൻ നടത്തണമോ? അതിന്റെ ആവശ്യമുണ്ടോ? എന്റെ പണി തന്നെ നടത്താൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് നാരായണൻ നായർ തന്നെ അതൊന്നു കണ്ടുപിടിക്കുക. ഞാനും സഹായിക്കാം. മനുഷ്യസ്നേഹപരമായിട്ട് ഞാനും സഹായിക്കാം. അതൊക്കെ ലോഹ്യത്തിന്റെ കാര്യം. ഞാൻ തന്നെ അതു പറയണമെന്നു പറഞ്ഞാൽ നിങ്ങളുടെ പണി പിന്നെ എന്താകും?

ശ്രീ. പി. കെ. ശങ്കരൻ കുട്ടി: ഐറ്റം തിരിച്ചു കാണിച്ചു കൊടുത്തില്ലെങ്കിലും ഞങ്ങൾ കാണിച്ചു തന്നാൽ അതു ന്യായമാണെന്നു പറയുകയും യോജിക്കുകയും ചെയ്യുമോ?

ശ്രീ. ഇ. പി. ഗോപാലൻ: കാണിച്ചുതരേണ്ടതു കാണിച്ചു തരാം. പക്ഷേ അതിലപ്പുറം പററില്ലല്ലോ, മാത്രമല്ല, അത് എപ്പോഴും പററുന്ന പണിയൊന്നുമല്ല.

ഞാൻ പറയുന്നത് എന്താണെന്നു വച്ചാൽ ഇതിൽ പാഴ്ച്ചെലവുകൾ അനാവശ്യച്ചെലവുകൾ ഉണ്ടെന്ന്. ഇനം തിരിച്ച് പറഞ്ഞാൽ ശ്രദ്ധവെച്ചു കേൾക്കണം. ഞാൻ ഒരു കാര്യം പറയാം. നമുക്ക് ഇവിടെ ഭരണച്ചെലവുണ്ട്. ഇത് എപ്പോഴും കൂടിക്കൂടി വരുന്നു. ഭരണച്ചെലവ് കൂടുക, കാര്യക്ഷമത കുറയുക എന്നതാണിവിടത്തെ സ്ഥിതി. ഇത് ഈ ഗവൺമെൻറിന്റെ മാത്രം കുററം കൊണ്ടുണ്ടായതല്ല. വളരെക്കാലമായി ഇതു കാണാൻ തുടങ്ങിയിട്ടെന്നാണ് എന്റെ അഭിപ്രായം. ദിവസേനയെന്നോണം ഇത് കൂടുകയാണ്. നമ്മുടെ സെക്രട്ടേറിയററ് തന്നെ എടുക്കാം. ഇന്നുള്ള സ്ററാഫിന്റെ പകുതിമതി കാര്യക്ഷമമായിട്ട് സെക്രട്ടേറിയററ് പ്രവർത്തിപ്പിക്കാൻ. പകുതി ആളുകളെ വീട്ടിലേക്കയച്ച് അവർക്ക് ശമ്പളം മണി ഓർഡറായി അയച്ചു കൊടുത്താൽ ദോഷം വരില്ല. ബാക്കിയുള്ളവരെങ്കിലും പണിയെടുക്കും. ഇത് ആരെങ്കിലും കൈകാര്യം ചെയ്യാൻ ഒരുങ്ങുമ്പോൾ അവരെ വെറുതേ വിടുമോ. അതാണ് വിഷമം. അതുകൊണ്ട് ചെലവിനെക്കുറിച്ചുള്ള 'കാര്യം പൊതുവായി നമ്മൾ ആലോചിക്കേണ്ടതാണ്.

അതുപോലെതന്നെ ഏതു ഗവൺമെൻറിനായാലും പുതിയ ചില പദ്ധതികൾ നടപ്പാക്കേണ്ടിവരും. അങ്ങനെ നടപ്പാക്കുമ്പോൾ അതിന് ആദ്യം വരിക പുതിയ ഒരു സ്ററാഫ് പാറേറൺ. അതാണ് ഉദ്യോഗസ്ഥൻമാർ മുമ്പേ വെക്കുക. ഉദ്യോഗസ്ഥൻമാരുടെ കാര്യം മേശ, കസേര, ഓഫീസ് ഇതെല്ലാം കൃത്യമായി വരും. എന്നാൽ അതിനു മുമ്പുണ്ടായിരുന്നിട്ടുള്ള പദ്ധതികളും അതിനുവേണ്ടിയുള്ള സ്ററാഫും നരച്ചു കുരച്ചു കിടക്കുന്നുണ്ടാകും. അതു മറക്കും. പുതിയ സർവ്വീസ്, പുതിയ സ്ററാഫ്. പഴയ ആളുകളും പഴയ സർവ്വീസും ഒരു പ്രയോജനവുമില്ലെങ്കിലും ശമ്പളവും വാങ്ങിക്കൊണ്ട് കിടപ്പുണ്ടാകും. അതെല്ലാം കൃത്യമായിട്ടു നടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഒരുദാഹരണം പറയാം. കമ്മ്യൂണിററി ഡവലപ്മെൻറ് ബ്ലോക്കുകളുടെ കാര്യം എടുക്കാം. പുതുതായി കുറെ ഏലാകൾ ആരംഭിച്ചു. പക്ഷേ, ഇന്നെന്താണവിടത്തെ സ്ഥിതി? കുറെ ഉദ്യോഗസ്ഥൻമാർ അവിടെ ഉണ്ട്. കമ്മ്യൂണിററി ഡവലപ്മെൻറ് ബ്ലോക്കിൽ ഗ്രാമസേവകൻ രൂപാന്തരപ്പെട്ട് വില്ലേജ് എക്സ്ററൻഷൻ ഓഫീസറായി നടക്കുന്നു. കൃഷി തന്നെയാണ് പണി. ഓരോ വഴിക്കുള്ള പോക്ക്. ഒരേകീകരണവുമില്ല. നിശ്ചയമായും കാര്യക്ഷമത വർദ്ധിപ്പിക്കുകയും അനാവശ്യച്ചെലവുകൾ ചുരുക്കുകയും ചെയ്യുക എന്നുള്ള പരിപാടി ധൈര്യപൂർവം സർക്കാർ ഏറെറടുത്തില്ലെങ്കിൽ വേറെ ഒന്നിനും കുഴപ്പം വരികയില്ല, ഈ രാജ്യത്തിൻെറ നില നാശമാവും എന്നാണെൻെറ അഭിപ്രായം. ഇവിടെ ഒരു സ്നേഹിതൻ പുതിയ താലൂക്കിൻെറ ആവശ്യം പറഞ്ഞു. താലൂക്കുകൾ പുന:സംഘടിപ്പിക്കേണ്ടതാവശ്യമാണ്. പക്ഷേ അതിൻെറ പേരിൽ ഒരൊററ ഉദ്യോഗസ്ഥനെപോലും പുതുതായി നിയമിക്കേണ്ടിവരില്ല. നിയമിക്കരുത് എന്നാണെനിക്കു പറയാനുള്ളത്. നിലവിലുള്ളവ മാററി പ്രതിഷ്ഠിക്കാം. ഇന്നു പല സർക്കാരാഫീസുകളിലെയും ജീവനക്കാർ ചായ കുടിക്കാൻ പോകുന്നതും പലതവണ പുറത്തു പോകുന്നതും കാണുമ്പോൾ ഇവർക്കെന്തെങ്കിലും സുഖക്കേടാണോ എന്ന് പരിശോധിപ്പിക്കണമോ എന്നു തോന്നിപ്പോകും. ഇവർക്കു പണി കൊടുക്കണം. അവരെ കുററപ്പെടുത്താൻ ഞാനുദ്ദേശിക്കുന്നില്ല. ജീവനക്കാർ അധികമുള്ള ആഫീസിൽനിന്നും കുറവുള്ള ആഫീസുകളിലേക്ക് ഇവരെ മാററി പ്രതിഷ്ഠിച്ചാൽ മതി. കഴിഞ്ഞ ഏഴെട്ടു വർഷത്തിനു മുമ്പുണ്ടായിരുന്നതിൻെറ ഇരട്ടിയായിട്ടുണ്ട് ഇന്ന് സർക്കാർ ജീവനക്കാർ. അദ്ധ്യാപകരും മററുമാകുമ്പോൾ സ്വാഭാവികമായി കുറേ വർദ്ധിക്കും. മററുള്ള ആഫീസുകളിലുള്ള വർദ്ധനവ് തടയുക തന്നെ വേണം. ഈ മാതിരി കാര്യങ്ങളിൽ ഗവൺമെൻറ് പരിപൂർണ്ണ ശ്രദ്ധചെലുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ സപ്ലിമെൻററി ഡിമാൻറുകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. പി. എം. അബൂബേക്കർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. മൊത്തം നാൽപ്പത്താറു കോടി നാൽപ്പത്തിരണ്ടു ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് വിവിധ വകുപ്പുകളിലേക്കായി ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എല്ലാ വകുപ്പുകളെക്കുറിച്ചും സംസാരിക്കുന്നതിനു സമയമില്ലാത്തതിനാൽ പ്രധാനപ്പെട്ട ഒരു വകുപ്പു മാത്രം കേന്ദ്രീകരിച്ചുകൊണ്ട് വളരെ ശ്രദ്ധേയമായ ഒന്നു രണ്ടു കാര്യങ്ങൾ മാത്രം സംസാരിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. അതായത് പോലീസ് വകുപ്പ്. പോലീസ് വകുപ്പിനു വേണ്ടി ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രി ആവശ്യപ്പെട്ടിട്ടുള്ളത് ഒരു കോടി മുപ്പതു ലക്ഷം രൂപയാണ്. അതിൽ ഒരു കോടി പന്ത്രണ്ടു ലക്ഷത്തി എൺപത്തെണ്ണായിരത്തി ഇരുന്നൂററുരൂപയും കഴിഞ്ഞ മൂന്നു നാലു കൊല്ലമായി ഇവിടെ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന മദ്ധ്യപ്രദേശ് പോലീസിൻെറ ചെലവിലേക്കാണ്. മദ്ധ്യപ്രദേശ് പോലീസിൻെറ പ്രവർത്തനവും സേവനവും ഏതെല്ലാം വിധത്തിലാണ് ഈ സംസ്ഥാനത്തിനുപയോഗപ്പെട്ടത്, ഇത്രയും ഭീമമായ തുക ചെലവഴിച്ചതുകൊണ്ട് എത്രത്തോളം പ്രയോജനമുണ്ടായി എന്നുള്ളതിൻെറയെല്ലാം ഒരു വിശദീകരണം ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രിയിൽനിന്നും ലഭിക്കുന്നതിനുള്ള അർഹതയും അവകാശവും ഈ സഭയ്ക്കും ഈ നാട്ടിനും ഉണ്ടെന്നുള്ള വിശ്വാസത്തോടുകൂടിയാണ് ഞാൻ ഇതു ചൂണ്ടിക്കാണിക്കുന്നത്. സർ, പോലീസിൻെറ പ്രവർത്തനത്തെക്കുറിച്ച് ഇവിടെ പല പരാമർശങ്ങളും നടന്നു. രണ്ടുദാഹരണങ്ങൾ മാത്രം ശ്രദ്ധയിൽപെടുത്താനാണ് ഞാനാഗ്രഹിക്കുന്നത്.

പോലീസിന്റെ നിഷ്ക്രിയത്വത്തെപ്പററിയും ഇവിടെ പറഞ്ഞിട്ടുണ്ട്, പോലീസിന്റെ അതിവീര്യത്തെപ്പററിയും ഇവിടെ പറഞ്ഞിട്ടുണ്ട്. ഇതു രണ്ടും വിവേചനത്തോടുകൂടിവേണം നടപ്പിലാക്കേണ്ടത്. നിഷ്പക്ഷമായി പ്രവർത്തിക്കേണ്ട കാര്യങ്ങൾ നിഷ്പക്ഷമായിതന്നെ പ്രവർത്തിക്കണം. അങ്ങനെ ചെയ്യാത്തതുകൊണ്ടുണ്ടായ രണ്ടു പ്രശ്നങ്ങളാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നത്. സർ, കഴിഞ്ഞ വെള്ളിയാഴ്ച കോഴിക്കോട് സിററിയിൽ ഒരു സംഭവമുണ്ടായി. വിദ്യാഭ്യാസ വകുപ്പു മന്ത്രി മുഹമ്മദ്കോയക്കുംകൂടി പരിചയമുള്ള ഒരു പ്രദേശമാണ് കോഴിക്കോട്. കോഴിക്കോടു സിററിയിൽ പരപ്പിൽ എന്ന പ്രദേശത്ത് ശാദുലിപ്പള്ളി എന്ന ഒരു പള്ളിയുടെ നടത്തിപ്പിൽ തർക്കമുണ്ടായി. അതിനിടയാക്കിയ കാരണത്തിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ആ പള്ളിയുടെ സംരക്ഷണം മാർച്ച് 2-ാം തീയതി വെള്ളിയാഴ്ച രാവിലെ മുതൽ കളക്ററർ ഏറെറടുത്തുകൊണ്ട് വിജ്ഞാപനം പുറത്തുവന്നു. നടത്തിപ്പ് കളക്ററർ ഏറെറടുത്തു എന്നുള്ളതു മാത്രമല്ല അതു കോഴിക്കോട് ടൗൺ പോലീസ് സർക്കിൾ ഇൻസ്പെക്ററെ ഏൽപ്പിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്. അതിനുശേഷം ഞങ്ങളുടെ ഇടയിലുള്ള സുന്നികൾ എന്നറിയപ്പെടുന്ന ഒരു വിഭാഗം ആളുകൾ പള്ളിയിലും പരിസരത്തുമൊന്നും പ്രവേശിക്കാൻപാടില്ല എന്ന് ഉച്ചഭാഷിണിയിൽകൂടി വിളിച്ചു പറഞ്ഞു. സുന്നികളാണോ മുജാഹിദുകളാണോ എന്ന് തിരിച്ചറിയാനുള്ള കാർഡ് മാണിയുടെ പോലീസ് നൽകിയിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. സുന്നികളാണോ മുജാഹിദുകളാണോ എന്ന വിവരം നെററിയിൽ എഴുതിപ്പററിച്ചുകൊണ്ടു നടക്കാനൊക്കുമോ? ഈയൊരു പ്രഖ്യാപനം ഒരു വിഭാഗം ആളുകളെ വളരെയേറെ നിരാശരാക്കി. അന്നു രാത്രി ഒൻപതു മണിയോടുകൂടി കോഴിക്കോട് പരപ്പിൽ, മുകദാർ, ഇടിയാങ്ങര എന്നീ സ്ഥലങ്ങളിൽ പോലീസ് ഒരു നരനായാട്ടുതന്നെ നടത്തി. ഒരു യുദ്ധത്തിന്റെ പ്രതീതി ജനിപ്പിക്കത്തക്കവിധത്തിലായിരുന്നു ആ സംഭവം. രാത്രിയിൽ ഒൻപതു വാൻ പോലീസ് അവിടെ വന്നു. അതിനും വേണ്ടി അവിടെ എന്തു പ്രകോപനമാണ് ഉണ്ടായതെന്ന് എനിക്ക് അറിഞ്ഞുകൂടാ. വഴിയിൽകണ്ട എല്ലാവരേയും പോലീസുകാർ തല്ലി. കടകളിലും ഹോട്ടലുകളിലും കയറി കണ്ടമാനം ലാത്തിചാർജ് നടത്തി. സ്ററുഡൻറ്സ് റെസ്റേറാറൻറിൽ കൈയേററം നടത്തി. നിരപരാധികളായ വഴിയാത്രക്കാരെ അടിച്ചു. ബയണററുകൊണ്ടു കുത്തി. വീടുകളിൽ കയറി സ്ത്രീകളെയും കുട്ടികളെയും മർദ്ദിക്കുന്നതിനുപോലും അവർ മടികാണിച്ചില്ല. ആറുപേരെ കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. പത്തു പേരെ പ്രഥമ ശുശ്രൂഷകൾ നൽകി വിട്ടയച്ചു. പരിക്കേററ നിരവധി ആളുകൾ സ്വകാര്യ ചികിൽസയിലാണ്. അൻപതു വയസ് പ്രായമുള്ള അബൂബേക്കർ എന്ന ഒരാളെ ബയണററു കൊണ്ടു കുത്തി കുഞ്ഞുമോൻ എന്നൊരാൾക്കും തലക്കു പരിക്കേററു. ട്രോളിയിൽ ഐസ് കൊണ്ടുപോയിരുന്ന സെയ്താലിക്കുട്ടിക്ക് തലയിലാണ് പരിക്കേററത്. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് കക്ഷിഭേദമെന്യേ ആ പ്രദേശത്ത് മിനിഞ്ഞാന്ന് ഹർത്താൽ ആചരിച്ചു. പ്രദേശത്തെ എം. എം. ഹൈസ്കൂളിന് അവധി പ്രഖ്യാപിക്കേണ്ട സ്ഥിതി വിശേഷമാണുണ്ടായത്. ഇപ്പോഴും അവിടെ സംഘർഷാവസ്ഥ നിലവിലിരിക്കുകയാണ്. ഇന്നലെ രാത്രിയും ആളുകളെ പോലീസ് ഭീഷണിപ്പെടുത്തി എന്നാണ് അറിയാൻ കഴിഞ്ഞത്. ഈ സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്നത് ശ്രീ.കെ.എം. മാണിയാണ്. സംസ്ഥാന പോലീസിന്റെ ചുമതല വഹിക്കുന്ന എം. കെ. ജോസഫ്, കോഴിക്കോട് നോർത്തേൺ റെയിഞ്ച് ഡി. ഐ. ജി. ജോൺ മത്തായി, കോഴിക്കോട് പോലീസ് സൂപ്രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ജോസഫ് എന്നിവരടങ്ങുന്ന ഇന്നത്തെ പോലീസ് സംവിധാനത്തിൽ പോലീസുകാർ വിവേചനത്തോടുകൂടി പെരുമാറിയില്ലെങ്കിൽ പലവിധത്തിലുള്ള വ്യാഖ്യാനങ്ങളും തെററിദ്ധാരണകളും ഒക്കെ ജനങ്ങളുടെ ഇടയിലുണ്ടാകും. അതുകൊണ്ട് ഈ വക കാര്യങ്ങളിൽ കുറേക്കൂടി ആത്മസംയമനത്തോടുകൂടി വിവേചനത്തോടുകൂടി പ്രവർത്തിക്കുന്നതിന് ബഹുമാനപ്പെട്ട മാണിയെങ്കിലും നിർദ്ദേശം കൊടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇനി ചിത്രത്തിന്റെ മറെറാരു വശം: കഴിഞ്ഞ ഫെബ്രുവരി 23-ാം തീയതി വെള്ളിയാഴ്ച വടകരയിൽ ഞങ്ങളുടെ പാർട്ടിയുടെ താലൂക്ക് സമ്മേളനം നടന്നു. ആ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുള്ള പ്രകടന ജാഥ വന്നപ്പോൾ റോഡിന്റെ ഒരു വശത്ത് മുഹമ്മദ് കോയക്കും മുഹമ്മദാലി ശിഹാബ് തങ്ങൾക്കും ജയ് വിളിച്ചു കൊണ്ടു നിന്നിരുന്ന ആൾക്കാർ ജാഥയെ അലങ്കോലപ്പെടുത്തുന്നതിനും യോഗം കലക്കുന്നതിനും ഒരു ശ്രമം നടത്തി. കല്ലേറും കൂക്കുവിളിയും നടന്നു. അതിലൊന്നും ഞങ്ങൾക്കതിശയമില്ല. അതു രണ്ടും ഞങ്ങൾ പരിചയിച്ചതാണ്. അതിൽ പുതുമയൊന്നുമില്ല. അതിന്റെ പേരിൽ ഇന്നൊരു സംഘർഷാവസ്ഥ നിലവിലിരിക്കുകയാണ്. അവിടെ ആ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി ഞാൻ അവിടെ പോയപ്പോൾ ഡി. വൈ. എസ്. പി.യെ നേരിട്ടു ഫോണിൽ വിളിച്ചു സംഗതി പറഞ്ഞു. അടിയന്തിരമായി നടപടി എടുക്കണമെന്നും ഞാനാവശ്യപ്പെട്ടു. പക്ഷേ അവിടത്തെ കുഴപ്പങ്ങളെല്ലാം അവസാനിച്ചശേഷമാണ് പോലീസ് സ്ഥലത്തെത്തിയത്. അതിനുമുമ്പ് ആ ഭാഗത്തേക്ക് തിരിഞ്ഞുനോക്കിയില്ല. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും സ്വതന്ത്രമായി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിനു കേരളത്തിൽ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മേൽപ്പറഞ്ഞ രണ്ടു പ്രശ്നങ്ങളിൻമേലും സമഗ്രമായ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, ഈ വർഷത്തിന്റെ അവസാനത്തിൽ മന്ത്രിമാരുടെ പ്രധാനപ്പെട്ട വകുപ്പുകളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബഡ്ജററിലുണ്ടാകാവുന്ന എല്ലാ പ്രധാനപ്പെട്ട വകുപ്പുകളിലും ഉപധനാഭ്യർത്ഥനകളുമായി മന്ത്രിസഭക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിമാർ സഭമുമ്പാകെ വന്നിരിക്കുകയാണ്. മറുഭാഗത്തുനിന്ന് പലരും സംസാരിക്കുകയുണ്ടായി. ഭരണകക്ഷിക്കെതിരായിട്ടുള്ള പകപോക്കൽ ഉള്ളിൽ വെച്ചുകൊണ്ടാണ് ഈ ഭാഗത്തുനിന്നു വരുന്നത്, അല്ലെങ്കിൽ അംഗീകരിക്കാൻ തയ്യാറായിരുന്നു എന്ന്. എന്റെ സ്നേഹിതൻ ഇ. പി. ഗോപാലന്റെയും മററു ചിലരുടെയും പ്രസംഗം കേട്ടപ്പോൾ തോന്നി മലയാള ഭാഷയിലെ ചില വാക്കുകൾക്ക് ഇന്ന് കൊടുത്തിരിക്കുന്ന അർത്ഥം മാറേറണ്ടിവരുമോ എന്ന്. ഈ ഗവൺമെന്റിന്റെ അഴിമതികളെക്കുറിച്ച് ചൂണ്ടിക്കാണിച്ചാൽ, കഴിവില്ലായ്മയെക്കുറിച്ചും സ്വജനപക്ഷപാതത്തെക്കുറിച്ചും ചൂണ്ടിക്കാണിച്ചാൽ ഈ പാസാക്കുന്ന ചെലവുകൾ നടപ്പിൽ വരുത്തുന്നതിനുള്ള പോരായ്മകളെക്കുറിച്ച് ചൂണ്ടിക്കാണിച്ചാൽ തെററാണ്. ചൂണ്ടിക്കാണിച്ചില്ലെങ്കിൽ ചൂണ്ടിക്കാണിക്കണമെന്നു പറയും. ചൂണ്ടിക്കാണിക്കുന്നത് സ്വാഗതാർഹമാണെന്നു പറയും. ചൂണ്ടിക്കാണിച്ചാൽ തെററാണ്. തെററു ചൂണ്ടിക്കാണിക്കുന്നതു സ്വാഗതാർഹമാണെന്നു ഇ. പി. ഗോപാലൻ പറയുമ്പോൾ അതിന്റെ അർത്ഥം സ്വജന പക്ഷപാതം, അഴിമതി, കാര്യക്ഷമതയില്ലായ്മ തുടങ്ങിയ വാക്കുകൾക്ക് അർത്ഥം മാറിക്കാണണമെന്നാണ്. അതുകൊണ്ട് ഞാൻ സംശയിക്കുന്നത് 1975-76, 1976-77, 1977-78 എന്നീ കാലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

മദ്ധ്യപ്രദേശിലെ സ്പെഷ്യൽ ആംഡ് ഫോഴ്സിനെ കേരളത്തിൽ ഉപയോഗിച്ച വകയിൽ 1,12,88,200 ക. കൊടുക്കാൻ വേണ്ടിയാണ് ഒരു ഉപധനാഭ്യർത്ഥന. ഇ. പി. ഗോപാലൻ പറയണം, ഇതുകൊണ്ട് എന്താ പ്രയോജനമുണ്ടായത്? സർ, ബഡ്ജററിൽ പോലീസിലേക്കു പാസാക്കിയെടുത്ത കാര്യങ്ങൾ തന്നെ സ്വജനപക്ഷപാതത്തിനും അഴിമതിക്കും വേണ്ടി ഉപയോഗിക്കുമ്പോൾ അത്തരം ചെലവുകൾ ഇനിയും കൂടുന്നതുകൊണ്ടാണ് ഈ ഉപധനാഭ്യർത്ഥന. ശ്രീ. മാണിയുടെ ശ്രദ്ധയിൽ പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്, കഴിഞ്ഞ കാലത്ത് തലപ്പത്തിരിക്കുന്ന എത്ര പോലീസുകാരുണ്ടായിട്ടുണ്ട് ഇവിടെ? മുപ്പത്തഞ്ചോ മുപ്പത്താറോ ഡി. ഐ. ജി. മാരുണ്ട് കേരളത്തിൽ എന്ന് അസംബ്ലിയിൽ തന്നെ പറഞ്ഞു. എന്തിനാണ് പോലീസ് വകുപ്പിന് ഇത്? ഫോറസ്ററ് കാക്കാൻ ഡി. ഐ. ജി. മാർ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നന്നാക്കി നടപ്പിൽ വരുത്താൻ ഡി. ഐ. ജി. മാർ, എഫ്. എ. സി. ടി. യുടെ സെക്യൂരിററി ഫോഴ്സിനു നേതൃത്വം കൊടുക്കാൻ ഡി. ഐ. ജി. മാർ, അഗ്രോ മെഷീനറി കോർപ്പറേഷൻ നന്നാക്കാൻ ഡി. ഐ. ജി. മാർ നമ്മുടെ കേരളാ ഹൈക്കോടതിയിൽ ഒരു ഹെഡ് കോൺസ്ററബിളും 15 പോലീസുകാരുംകൂടി നോക്കേണ്ട ഒരു കാര്യത്തിന് അവിടെ ഒരു ഡി. ഐ. ജി. യെ വെച്ചിരിക്കുന്നു. മുപ്പത്താറു ഡി. ഐ. ജി. മാർക്കു കൊടുക്കാനുള്ള ശമ്പളത്തിനുവേണ്ടി കൂടിയാണ് ഈ ഉപധനാഭ്യർത്ഥന ഇപ്പോൾ വന്നിട്ടുള്ളത്. ഇ. പി. ഗോപാലൻ പറയണം; ഇത് ആവശ്യമുണ്ടോ? ഹൈക്കോടതിയിൽ ഒരു ഹെഡ്കോൺസ്ററബിളും പതിനഞ്ചു പോലീസുകാരുംകൂടി നടത്താൻ കഴിയുന്നിടത്ത് എന്തിന് ഒരു ഡി. ഐ. ജി.? വ്യാവസായികമായ കാര്യങ്ങൾ പഠിച്ച് അതിനു നേതൃത്വം കൊടുത്തു സാമ്പത്തികമായ കാര്യങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവർ കൈകാര്യം ചെയ്യേണ്ട അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ ഡി. ഐ. ജി. എന്തിന്? വിജിലൻസിൻെറ പേരിലായാലും സെക്യൂരിററിയുടെ പേരിലായാലും മറെറന്തിൻെറയെങ്കിലും പേരിലായാലും ഈ ഡി. ഐ. ജി. മാരെ വെച്ചു നടത്തിക്കേണ്ട കാര്യം എന്താണുള്ളത്? അതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. ശരിയായ വിമർശനങ്ങൾ വരുന്നില്ലെന്നു പറയുന്ന മറുപക്ഷക്കാരോട് ഒരു കാര്യം ചോദിക്കാനാഗ്രഹിക്കുകയാണ്. എന്തെങ്കിലും കാര്യം കാണുമ്പോഴൊക്കെ ജനതാ ഗവൺമെൻറിനെ പിന്തിരിപ്പൻ ഗവൺമെൻറ് എന്നു മാത്രം പറഞ്ഞ് മഞ്ഞക്കാമില രാഷ്ട്രീയം മാത്രം തലയിൽ കയറിയിട്ടുള്ള പ്രൊഫസർ മാത്യുവിനെപ്പോലുള്ളവരോടു ഞാൻ ചോദിക്കുകയാണ്. അദ്ദേഹം കേറിക്കേറി ഇപ്പോൾ പറയുന്നത് റബ്ബറിനു തറവില പോരാത്തതിനെ പററിയാണ്. തറവില നിശ്ചയിക്കാത്ത കാലത്ത് കോൺഗ്രസ് ഗവൺമെൻറിനെക്കുറിച്ച് ഒന്നും പറയാനില്ല. തറവില നിശ്ചയിച്ചതു പോരാത്തതിനെക്കുറിച്ചാണ പറയുന്നത്. തറവില നിശ്ചയിച്ചാലും കൃഷിക്കാർക്ക് രക്ഷ കിട്ടുകയില്ലെന്നു നമ്മളെല്ലാംതന്നെ പറയുമ്പോൾ പ്രൊഫസർ മാത്യു അതിൽ നിന്നു മാറിയിട്ടു പറയുകയാണ് കേന്ദ്രഗവൺമെൻറ് കുത്തക ഗവൺമെൻറാണ്, കുത്തകക്കാർക്കുള്ള ഗവൺമെൻറാണ് എന്ന്. പ്രൊഫസർ മാത്യു, മറെറാരു ഭാഷയിൽ സംസാരിക്കുകയാണ്, കുത്തകക്കാർക്കുവേണ്ടി, വൻകിട എസ്റേററുകാർക്കുവേണ്ടി ഗവൺമെൻറ് ഇവിടെ ഇടപെടരുത്, ആ റബ്ബർ ഒന്നും ശേഖരിക്കരുത് എന്നാണു പറയുന്നത്. കേരളാ ഗവൺമെൻറായാലും കേന്ദ്രഗവൺമെൻറായാലും ഇടപെട്ടുകൊണ്ട് കൃഷിക്കാർക്കു ന്യായമായ വില കൊടുക്കാനുള്ള സംഭരണം നടത്തണം. അതിരിക്കട്ടെ,

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അക്കാര്യത്തിലേക്കു കൂടുതൽ കടക്കുന്നില്ല. ന്യായമായ കാര്യം പറഞ്ഞാലെങ്കിലും കേൾക്കണം എന്നു പറയുന്നുണ്ട്. സർ, എന്തിനൊക്കെയാണ് ഉപധനാഭ്യർത്ഥന? എല്ലാ വകുപ്പുകളുമുണ്ട്. കൃഷി, വ്യവസായം, ആഭ്യന്തരം, വിദ്യാഭ്യാസം ഇങ്ങിനെ എല്ലാ വകുപ്പുകൾക്കും, സ്റേററ്റ് ലെജിസ്ലേച്ചറിൻേറതും ഉണ്ട് സർ. ആദ്യം മുതൽക്കു ഞാൻ പറയാം. ലെജിസ്ലേററീവ് അസംബ്ലി തന്നെ ഇപ്പോൾ കൂടി. പ്രധാനമായി ഭരണഘടനയിൽ വകുപ്പുള്ളതുകൊണ്ട് ഇനി അഞ്ചാറു ദിവസത്തിലധികം നീട്ടിക്കൊണ്ടുപോകാൻ കഴിയുകയില്ലെന്ന് അവസാന നിമിഷം വന്നപ്പോഴാണ് കൂടിയത്. എന്നിട്ടു രണ്ടു മൂന്നു മാസം തുടർച്ചയായി വയ്ക്കുന്നു. ജനപ്രതിനിധികളെ വിളിച്ച്, അതാതു സമയത്ത് അഭിമുഖീകരിക്കാൻ തയ്യാറുണ്ടോ? എന്തുകൊണ്ട് ഈ മൽപ്പിടുത്തത്തിനു നിൽക്കുന്നു? എന്തുകൊണ്ട് കാലാകാലങ്ങളിൽ അസംബ്ലി കൂടുന്നില്ല. എന്തിന് ഇങ്ങനെ ചെയ്തിട്ട് ആർഡിനൻസുകൾ കൊണ്ടുവരുന്നു? അതുകൊണ്ട് ഈ പാസാക്കുന്ന പണവും ഇതുവരെ കഴിഞ്ഞ ബഡ്ജററിൽ ഉൾക്കൊള്ളിച്ച പണവും ദുരുപയോഗപ്പെടുത്താൻ വേണ്ടിയുള്ളതാണെന്നു ഞാൻ ആരോപിക്കുകയാണ്. വിദ്യാഭ്യാസകാര്യത്തെക്കുറിച്ച് ഞാൻ പറയട്ടെ, ഇവിടെ ഒരു കച്ചവടം നടന്നില്ലേ, 360 ഓളം സ്കൂളുകൾ കൊടുത്തിട്ട്. അത് ഇനിയും നടത്താനല്ലേ ഈ കാര്യങ്ങൾ പാസാക്കിക്കൊടുക്കുന്നത്? എന്തുകൊണ്ട് അതിൽ ഇവിടെ ജനപ്രതിനിധികളോട് അഭിപ്രായം ചോദിച്ചുകൂട? പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെപ്പററി എന്തുകൊണ്ട് അന്വേഷിച്ചുകൂട? ഈ വിദ്യാഭ്യാസക്കച്ചവടവും സ്വജനപക്ഷപാതമാണു സർ. മുഴുവൻ കക്ഷിരാഷ്ട്രീയമാണ്. അതുകൊണ്ടാണ് സർ, വിദ്യാഭ്യാസ വകുപ്പിനുള്ള ഉപധനാഭ്യർത്ഥനയെ ഞാൻ എതിർക്കാനാഗ്രഹിക്കുന്നത്. വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടതാണ് വയോജന വിദ്യാഭ്യാസം. നല്ല കാര്യങ്ങൾക്കു വേണ്ടി ഞങ്ങൾ ചെലവഴിക്കുന്നു എന്ന് ഇ. പി. ഗോപാലനും മററും പറയാറുണ്ട്; അതിനെയും നിങ്ങൾ എതിർക്കണമോ എന്നു ചോദിക്കാറുണ്ട്. അദ്ദേഹം 1,60,000 ക. യുടെ കണക്കു പറഞ്ഞു സർ. 1,88,000 ക. മദ്ധ്യപ്രദേശ് ഗവൺമെൻറിൻെറ പോലീസിനു കൊടുത്തത് എന്തിനാണ്? ജനങ്ങളെ അടിച്ചമർത്താൻ അടിയന്തിരാവസ്ഥക്കാലത്തു ജനാധിപത്യത്തിനെതിരായി പ്രവർത്തിക്കാൻ. അതിനെക്കുറിച്ച് ഇ. പി. ഗോപാലൻ പഠിക്കണം. സ്കൂൾ അനുവദിച്ചതിൽ നടന്ന രാഷ്ട്രീയ കുതിരക്കച്ചവടത്തെക്കുറിച്ച് ഇ. പി. ഗോപാലൻ ആലോചിക്കണം. വയോജന വിദ്യാഭ്യാസം ഉണ്ടല്ലോ, കോടിക്കണക്കിനുറുപ്പിക കേന്ദ്രഗവൺമെൻറിൽനിന്ന് അതിനു കിട്ടുന്നു. അതിനു വല്ല സംവിധാനവും ഉണ്ടായിട്ടുണ്ടോ? പ്രചരണവേലയും ജീപ്പുജാഥയുമൊക്കെ നടന്നു സർ. സാമൂഹ്യ സാംസ്കാരിക കേന്ദ്രങ്ങളിൽ അതിനു വേണ്ടി പ്രവർത്തിക്കുന്ന രംഗത്തുള്ള ആളുകളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഇത് വമ്പിച്ച ഒരു വിജയമാക്കിക്കൂടേ? അതിലൊക്കെ പോരായ്മയുണ്ടെന്നു ചൂണ്ടിക്കാണിച്ചാൽ തെററാണെന്നു ഇ. പി. ഗോപാലൻ പറയുമോ? ആ തെററു തിരുത്താൻ വേണ്ടിയുള്ള ധനാഭ്യർത്ഥനയാണെങ്കിൽ അനുകൂലിക്കാം. വിദ്യാഭ്യാസത്തെപററി ഞാൻ പറഞ്ഞു. അസംബ്ലി വിളിച്ചു കൂട്ടുന്ന സമ്പ്രദായത്തെപററി പറഞ്ഞു. ഇനി കൃഷിയുടെ കാര്യം എടുത്തു നോക്കാം. കൃഷിക്കുവേണ്ടി വളരെയധികം പണം കേന്ദ്രത്തിൽനിന്നു കിട്ടുന്നു. കൃഷികാര്യ മന്ത്രി അവിടെ ഇരിക്കുകയാണ്. സംയോജിത ഗ്രാമ വികസന പദ്ധതിയുണ്ട്. നിങ്ങൾ എങ്ങനെയാണ് ഈ വികസന പദ്ധതിക്കു ബ്ലോക്കുകൾ തിരഞ്ഞെടുത്തത്? എം. എൽ. എ. മാർ ഇവിടെ ഉണ്ട്. പക്ഷേ പ്രതിപക്ഷത്തോടു ചോദിക്കാതെകണ്ട് ഗ്രാമ വികസനത്തെപററി അന്വേഷിക്കാതെ തിരഞ്ഞെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

ആസൂത്രിത വികസനത്തെക്കുറിച്ചു പറയുന്ന പ്രൊഫസർ മാത്യുവിനെ പോലെയുള്ളവരോടു ഞാൻ ചോദിക്കാനാഗ്രഹിക്കുകയാണ്. പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളാണോ നോക്കിയത്. ന്യായമായ രീതിയിലാണോ വിതരണം നടത്തിയത്? ഇപ്പോഴത്തെ കൃഷി മന്ത്രി അതു നോക്കണം. കഴിഞ്ഞ ബഡ്ജററിൽ ഇവിടെ രണ്ടു കോക്കനട്ട് കോംപ്ലക്സുകൾ ഉണ്ടാക്കാമെന്നു പറഞ്ഞു. ആലത്തൂരിൽ ഒരു സ്ഥലം നിശ്ചയിച്ചു. കോക്കനട്ട് കോംപ്ലക്സ് ഉണ്ടാക്കി തെങ്ങുകൃഷിക്കു രക്ഷ നേടാൻ വേണ്ടി ഈ അസംബ്ലിയിലുള്ള മലബാർ ഭാഗത്തുള്ളവരെല്ലാം യോജിച്ചുകൊണ്ട് അത് ആലത്തൂരിൽ വേണമെന്നു പറഞ്ഞു. ചില സ്ഥാപിത താൽപ്പര്യക്കാർ അവരുടെ സ്വന്തം മതത്തിന്റെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പേരു പറഞ്ഞുകൊണ്ട് അവിടെ ലാൻറ് അക്വിസിഷൻ നടത്തി മുന്നോട്ടു പോകാൻ പോകുമ്പോൾ അതിനെ എതിർത്തിരിക്കുകയാണ്. ഇപ്പോൾ മന്ത്രി പറയുകയാണ് അവിടെ വേണ്ടത്ര സ്ഥലമില്ല എന്ന്. അവിടെ വേണ്ടത്ര സ്ഥലം കണ്ട് അക്വയർ ചെയ്യാൻ പോകുന്നു എന്നു പറഞ്ഞതാണ്. ഇന്നു മന്ത്രി പിന്നോക്കം പോകാൻ കാരണം അതിനു പിന്നിലുള്ള ചിലരുടെ ചരടു വലികളാണ്. പിന്നോക്കം പോകുകയാണെങ്കിൽ ഇതിനു പിന്നിലുള്ള മററു ചരിത്രങ്ങൾ ഞാൻ അപ്പോൾ പറയാം. അതുകൊണ്ട് കാര്യക്ഷമതയില്ലാത്ത വകുപ്പാണിത്. കൃഷി മന്ത്രി കാര്യക്ഷമത കാണിക്കുകയാണെങ്കിൽ കഴിഞ്ഞ സാങ്കേതിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ചു, നിങ്ങളുടെ മുമ്പുണ്ടായിരുന്ന മന്ത്രി അംഗീകരിച്ചു തീരുമാനിച്ച കാര്യമാണ് ആലത്തൂരിലെ കോക്കനട്ട് കോംപ്ലക്സ് എന്നു മനസ്സിലാക്കി ഉദ്യോഗസ്ഥൻമാരുടെ ചുവപ്പുനാടയിൽ പെടുത്താതെ കണ്ട് ധൈര്യത്തോടുകൂടി നേതൃത്വം കൊടുത്ത് കൃഷി മന്ത്രി ആ കാര്യം നടപ്പിൽ വരുത്തണമെന്നു ഞാൻ പറയുകയാണ്. ഇവിടെ സാമൂഹിക വികസന വകുപ്പുണ്ട്. പല കാര്യങ്ങൾ ഉണ്ട്. എന്തിനുവേണ്ടിയാണ് കഴിഞ്ഞ കാലത്ത് പണം ചെലവാക്കിയത്? ആദിവാസികൾക്ക്, പാവപ്പെട്ടവർക്ക്, നഷ്ടപ്പെട്ടു പോയ ഭൂമികൾ തിരിച്ചു കൊടുക്കണമെന്ന നിയമം ഉണ്ടാക്കി. അതു നടപ്പിൽ വരുത്താതിരിക്കുക; അതേ സമയം ഇവിടെ യൂണിവേഴ്സിററി അദ്ധ്യാപകർക്ക് എതിരായ നിയമം ഉണ്ടാക്കി; അതു നടപ്പിൽ വരുത്തി. പൊതു സ്വത്തുക്കൾ നശിപ്പിക്കുന്നതിനെതിരായിട്ടുള്ള നിയമമുണ്ടാക്കി. അത് ഈ രാജ്യത്തെ കാർഷികതൊഴിലാളികൾക്കെതിരായിട്ടു നടപ്പിൽ വരുത്തി. ഇഷ്ടദാനം വേണമെന്നു പറഞ്ഞുകൊണ്ട് ഇഷ്ടദാനബിൽ കൊണ്ടുവരാൻ മന്ത്രിമാരുടെ സമയവും മററുള്ളവരുടെ സമയവും കളഞ്ഞു. കാരായ്മ കുടിയാൻമാർക്കു വേണ്ടിയോ മലബാറിലെയും കൊച്ചിയിലെയും കാണക്കുടിയാൻമാരുടെ പോരായ്മകൾ പരിഹരിക്കുന്നതിനു വേണ്ടിയോ ഉള്ള വകുപ്പുകൾ കൊണ്ടുവരാൻ റവന്യൂ മന്ത്രി തയ്യാറില്ല. റവന്യൂ മിനിസ്ട്രി അതിനുവേണ്ടി ചലിക്കുന്നില്ല. കൃഷിക്കാരന്റെ കാര്യങ്ങൾക്കു വേണ്ടിയുള്ള നല്ല കാര്യങ്ങൾ കേന്ദ്ര ഗവൺമെൻറ് കൊടുത്തത് വേണ്ട വിധത്തിൽ ചെയ്യാൻ തയ്യാറില്ല. ഏതു വകുപ്പിലെ ധനാഭ്യർത്ഥന എടുത്തു നോക്കിയാലും ശ്രീ. ഇ. പി. ഗോപാലൻ പറഞ്ഞ മാതിരി ഉള്ള ന്യായമായ കാര്യങ്ങൾക്കു വേണ്ടിയല്ല. ഒരു ഉദാഹരണം കൂടി പറയുകയാണ്. ഈ ധനാഭ്യർത്ഥന ഇ. പി. ഗോപാലൻ ഒന്നു വായിച്ചു നോക്കണം. ന്യൂ സർവ്വീസസ് എന്നു പറഞ്ഞ് ക്രിയേററു ചെയ്യാൻ എത്ര ലക്ഷം ഉറുപ്പിക അതിൽ ഉണ്ട്. ഞാൻ പറഞ്ഞ മുപ്പത്താറു ഡി. ഐ. ജി. മാരെ എന്തിനാണു വെയ്ക്കുന്നത്. ഇതിലൊക്കെ ഇ. പി. ഗോപാലനും എന്റെ അഭിപ്രായത്തോടു യോജിക്കുമെന്നു ഞാൻ വിചാരിക്കുകയാണ്. എന്തിനു

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയിൽ ഡി. ഐ. ജി. വേണം? എന്തിന് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലും വ്യവസായശാലകളിലുമൊക്കെ ഡി. ഐ. ജി. വേണം? വിദ്യുച്ഛക്തി ബോർഡ്, വ്യവസായശാലകൾ ഇവിടെയൊക്കെയുണ്ട് കോടിക്കണക്കിനുറുപ്പിക അനുവദിച്ചിട്ട്. മുഖ്യമന്ത്രിയോട് ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്, ഡിസ്ട്രിക്ററ് ഇൻഡസ്ട്രീസ് സെൻററുകളുടെ കാര്യം. 75 ശതമാനം തുക കേന്ദ്രഗവൺമെൻറിൽ നിന്നു തരുന്നു. ലക്ഷക്കണക്കിനുറുപ്പിക ഇതിനു വേണ്ടി വാങ്ങിച്ചിട്ട് കേരളാ ഗവൺമെൻറ് ഈ ഡിസ്ട്രിക്ററ് ഇൻഡസ്ട്രീസ് സെൻറർ എന്ന ബോർഡ് എഴുതി വെച്ചുകൊണ്ട് 11 ദിക്കിൽ തുടങ്ങി എന്നു പറഞ്ഞിരിക്കുകയാണ്. അതുകൊണ്ടാണ് ഇ. പി., കാര്യക്ഷമതയില്ലാത്ത ഗവൺമെൻറാണെന്നു ഞങ്ങൾ പറഞ്ഞത്. 75 ശതമാനം തുക കേന്ദ്ര ഗവൺമെൻറിൽ നിന്നു നിങ്ങൾക്കു തന്നിട്ടും എന്തുകൊണ്ട് 25 ശതമാനം കൂടി കൊടുത്ത് ഡിസ്ട്രിക്ററ് ഇൻഡസ്ട്രീസ് സെൻററുകൾ തുടങ്ങി അവിടെ ഉദ്യോഗസ്ഥൻമാരെ നിയമിച്ച് അവരെക്കൊണ്ടു പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല? അതു ചെയ്യാത്തതു തെററല്ലേ എന്ന് ഒന്നു പറഞ്ഞാൽ തരക്കേടില്ല. അതുപോലെ ഇവിടുത്തെ പൊതു മേഖലാ സ്ഥാപനങ്ങൾ, ഞാൻ ഇ. പി. ഗോപാലനോടു ചോദിക്കുകയാണ് കോടിക്കണക്കായ നാട്ടുകാരുടെ നികുതിപ്പണം ചെലവഴിച്ചിട്ട് അത് എന്തുകൊണ്ട് ലാഭകരമായി നടത്താൻ സാധിക്കുന്നില്ല? വിദ്യുച്ഛക്തിയെക്കുറിച്ചു പറയുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചു പഠിക്കാനുള്ള ഈ നിയമസഭയുടെ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിററിയുണ്ട്. അവർ കാലാകാലങ്ങളിൽ കൊടുക്കുന്ന റിപ്പോർട്ടുകൾ ഈ മന്ത്രിമാർ ഒന്നു മറിച്ചു നോക്കുമോ എന്ന് ഇ. പി. ഗോപാലനോടു ഞാൻ ചോദിക്കാനാഗ്രഹിക്കുകയാണ്. നിയമസഭയുടെ കാര്യവും ഭരണകക്ഷിക്കാർ എങ്ങനെ പെരുമാറണമെന്ന കാര്യവും പ്രതിപക്ഷങ്ങൾ എന്തെല്ലാം സപ്ലിമെൻററി ഗ്രാൻറിനെ പററി സംസാരിക്കണമെന്ന കാര്യവുമെല്ലാം പറഞ്ഞല്ലോ; ഈ പണം ചെലവാക്കിയിട്ട് പി. യു. സി. യുടെ ആ റിപ്പോർട്ട് മന്ത്രിമാർ നോക്കണ്ടേ? ഉദ്യോഗസ്ഥൻമാർ തെററു കാണിച്ചാൽ അതു നോക്കണ്ടേ? ലക്ഷക്കണക്കിനുറുപ്പിക കട്ടു മുടിച്ച ഇലക്ട്രിസിററി ബോർഡിലെ പല കാര്യങ്ങളും പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിററിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് വാസുദേവൻ നായർ നോക്കേണ്ടതല്ലേ? നോക്കുന്നില്ലെങ്കിൽ നോക്കണമെന്നു പറയാൻ ഇ. പി. ഗോപാലൻ തയ്യാറുണ്ടോ? ചന്ദ്രശേഖരക്കുറുപ്പ് മുമ്പു പറഞ്ഞ മാതിരി, പൊതു മേഖലാ സ്ഥാപനങ്ങളിൽ 50-56 കോടി രൂപ മുതൽമുടക്കി കൊല്ലംതോറും 23 കോടി രൂപ നഷ്ടമുണ്ടാക്കുന്നു എന്നുള്ളതു ശരിയല്ലേ?ഇവിടത്തെ ഫിഷറീസ് വകുപ്പിനു ധനാഭ്യർത്ഥന വന്നു സർ. എന്താണ് അവിടെ നടക്കുന്നത്? ബേപ്പൂർ പോർട്ടിൽ എന്തു നടക്കുന്നു? അവിടെ മീന എന്നു പറഞ്ഞ് ഒരു മണ്ണു മാന്തിക്കപ്പൽ കൊണ്ടുവന്നു. രണ്ടാഴ്ചയോ നാലാഴ്ചയോ പണി നടത്തിയിട്ട് പിന്നെ മറെറവിടേയോ കൊണ്ടുപോയി. ശരിയായിട്ട് അതുപയോഗിക്കുന്നില്ല. കാര്യക്ഷമതയില്ലാത്ത, അധികാര ദുർവിനിയോഗം ചെയ്യുന്ന, ജനാധിപത്യവിരുദ്ധമായിട്ട് അടിയന്തിരാവസ്ഥക്കാലത്ത് പോലീസിനെ കൊണ്ടുവന്നു കേരള സംസ്ഥാനത്തിൽ താമസിപ്പിച്ച് ആ പോലീസിന് ഒന്നരക്കോടി ഉറുപ്പിക കൊടുത്തു കൊണ്ടുള്ള ഭരണം നടത്തിയിട്ട് അതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ധനാഭ്യർത്ഥനകളാണ്. കഴിവില്ലാത്ത, കാര്യക്ഷമതയില്ലാത്ത, ദുർഭരണം നടത്തുന്ന, അഴിമതി നടത്തുന്ന, സ്വജനപക്ഷപാതം നടത്തുന്ന അങ്ങനെ എല്ലാ വിധത്തിലുമുള്ള വകുപ്പുകൾക്കു വേണ്ടി വേണ്ട വിധത്തിലുള്ള കാര്യങ്ങൾ നോക്കാതിരിക്കുന്നതുകൊണ്ട് ഈ രാജ്യത്തെ ഡിപ്പാർട്ടുമെൻറുകളിൽ വന്നിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടങ്ങൾ, വികസനത്തിൽ വന്നിട്ടുള്ള കാലതാമസങ്ങൾ, അസന്തുലിതമായ വികസനം നിലനിർത്താനുള്ള പ്രവണത—ഇതിനെല്ലാമെതിരായിട്ടുള്ള ഞങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തുന്നതിനു വേണ്ടി എതിർക്കുകയാണ്. മേലിലെങ്കിലും ഇതു തിരുത്തിക്കൊണ്ടു മുന്നോട്ടു പോകാൻ തയ്യാറുണ്ടോ എന്നു ചോദിക്കുകയാണ്. ഈ പറഞ്ഞ കാര്യങ്ങൾക്കു മന്ത്രിമാർ മറുപടി പറയണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

(Deputy Speaker in the Chair)

ശ്രീ. ഇ. അഹമ്മദ്:- സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ടുള്ള ചില പ്രതിപക്ഷ മെമ്പർമാരുടെ പ്രസംഗങ്ങൾ കേട്ടപ്പോൾ ഈ ഗവൺമെൻറ് ധനാഭ്യർത്ഥനകൾ കൊണ്ടുവന്നത് കൊള്ളരുതാത്ത കാര്യങ്ങൾക്കു വേണ്ടി പാഴ്ചെലവുകൾക്കു വേണ്ടിയാണെന്നുള്ള ഒരു ആശങ്ക അവരുടെ മനസ്സിൽ ഉള്ളതു പോലെ തോന്നി. എന്റെ സ്നേഹിതൻ ശ്രീ. ശങ്കരൻകുട്ടി വളരെ ആവേശത്തോടുകൂടി ചിലതെല്ലാം ഇതിനെ എതിർത്തുകൊണ്ട് സംസാരിക്കുകയുണ്ടായി. പക്ഷേ 1978 ൽ ഉണ്ടായ പ്രളയത്തിന്റെ കെടുതികൾ അനുഭവിച്ച ആളുകൾക്ക് സഹായം ചെയ്യുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയതിനേയും ശ്രീ. ശങ്കരൻകുട്ടി എതിർക്കുകയാണ് ചെയ്തത്. അതുപോലെ തന്നെ എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ചന്ദ്രശേഖരക്കുറുപ്പ് ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയുണ്ടായി. കോഴിക്കോട് ഒരു മെഡിക്കൽ കോളേജിനുവേണ്ടി ചെലവാക്കിയ തുകയും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലം കൂടി ഉൾപ്പെട്ട പ്രദേശമാണ്. അതിനേയും അദ്ദേഹം എതിർക്കുകയാണ് ചെയ്തത്. അത് വളരെ ഖേദകരമായിപ്പോയി. എതിർപ്പിനുവേണ്ടി എതിർക്കുകയെന്നുള്ള നിലപാടിൽ നിന്നും നിങ്ങൾ വിമുക്തരാകണമെന്നാണ് എനിക്കു പറയാനുള്ളത്. നമ്മൾ പല വികസന രംഗങ്ങളിലും മററും ചെലവഴിച്ചിട്ടുള്ള ഈ തുകയെ രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ മാത്രം എതിർക്കുകയെന്നുള്ളത് ശരിയായിരിക്കുകയില്ലെന്നു മാത്രമാണ് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്.

സർ, ഞാൻ ചില വസ്തുതകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുകയാണ്. കേരളം മററു പല സംസ്ഥാനങ്ങളേയും അപേക്ഷിച്ചു ഭരണപരമായി വളരെ മുന്നോക്കം പോയിട്ടുള്ള ഒരു സംസ്ഥാനമാണ്. അതേ സമയം കേരളത്തിലെ ജനങ്ങൾ വളരെയേറെ രാഷ്ട്രീയ പ്രബുദ്ധരും ആവശ്യങ്ങൾ സംബന്ധിച്ച് ബോധവാൻമാരുമാണെന്ന കാര്യം മറക്കരുതെന്നാണ് എനിക്കു പറയാനുള്ളത്. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നമ്മുടെ ഭരണ വ്യവസ്ഥിതി നല്ലതാണെങ്കിലും ഈ രാജ്യത്ത് ഇന്നു നടക്കുന്ന ഭരണ വ്യവസ്ഥിതി കണക്കിലെടുക്കുമ്പോൾ വളരെയധികം ഖേദത്തോടുകൂടി ചില വസ്തുതകൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ സ്നേഹിതൻ ശ്രീ. കെ. സി. വാമദേവൻ ഇവിടെ സൂചിപ്പിച്ച പല കാര്യങ്ങളും ഗവൺമെൻറ് സശ്രദ്ധം വിലയിരുത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഇന്നു നമ്മുടെ സിവിൽ സർവ്വീസിന്റെ സ്ഥിതി എന്താണ്? ഇവിടെ ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിനു വേണ്ടി 30 കോടി രൂപ നൽകിയിട്ടുണ്ട്. ഇതുതന്നെ പോരെന്നു പറയുന്ന ആളുകൾ ഒരു പക്ഷേ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരിക്കും. ഇവിടത്തെ പൊതുമരാമത്തു വകുപ്പിനു വേണ്ടി $9\frac{1}{2}$ കോടി രൂപ വകയിരുത്തിയിരിക്കുന്ന ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളത്തിനു വേണ്ടി 30 കോടി രൂപ മാററി വെച്ചിട്ടുണ്ടെന്നുള്ള കാര്യം ഓർക്കുമ്പോൾ നാം ഒരു പക്ഷേ അദ്ഭുതപ്പെട്ടുപോകും. എന്നിട്ടും ഈ സിവിൽ സർവ്വീസിൻെറ കെട്ടുറപ്പ് കൂട്ടാനും ഭദ്രമാക്കാനും എഫിഷ്യൻസി വർദ്ധിപ്പിക്കാനും സാധിച്ചിട്ടില്ല. ഈ കാര്യത്തിൽ ദുഃഖകരമായ അവസ്ഥാ വിശേഷമാണ് ഇവിടെ ഉള്ളത്. ഭരണകക്ഷികളായാലും പ്രതിപക്ഷമായാലും ഈ കാര്യത്തിൽ യോജിക്കാതെ നിർവ്വാഹമില്ല. സിവിൽ സർവ്വീസിലെ ആളുകളുടെ അവകാശങ്ങളെ സംബന്ധിച്ചെല്ലാം ഇവിടെ വീറോടെ എല്ലാവരും സംസാരിക്കുന്നുണ്ട്. ഇവിടെയുള്ള എൻ. ജി. ഒ. മാർ ആയാലും ഗസററഡ് ഓഫീസർമാരായാലും മററു വിഭാഗം ജീവനക്കാരായാലും അവരുടെ അവകാശങ്ങളെ സംബന്ധിച്ചുള്ള മുറവിളിയാണ് നമുക്ക് കേൾക്കാൻ സാധിക്കുന്നത്. പാവപ്പെട്ട ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സെക്രട്ടേറിയററിലും മററ് ആഫീസുകളിലും ഫയൽ നീക്കുന്നതിനെ സംബന്ധിച്ചോ സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനെ സംബന്ധിച്ചോ യാതൊന്നും നടക്കുന്നില്ല. ഈ സ്ഥിതി വിശേഷം മാററാത്തിടത്തോളം കാലം ഇവിടത്തെ ഭരണം കൊണ്ട് ജനങ്ങൾ തൃപ്തരാകുമെന്ന് കരുതുന്നത് തെററാണ്.

സർ, മറെറാരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് നമ്മുടെ സെക്രട്ടേറിയററിൻെറ സ്ഥിതിയാണ്. ഒരു ഉദ്യോഗസ്ഥനും ഒരു ഉത്തരവാദിത്വും ഏൽക്കുകയില്ല. യു. ഡി., അസിസ്ററൻറ് സെക്ഷൻ ഓഫീസറുടെ മേൽ ഉത്തരവാദിത്വം വെയ്ക്കും. സെക്ഷൻ ഓഫീസർ അണ്ടർ സെക്രട്ടറിയുടെ മേൽ വയ്ക്കും. അണ്ടർ സെക്രട്ടറി ഡെപ്യൂട്ടി സെക്രട്ടറിയുടെ മേൽ ഉത്തരവാദിത്വം വെയ്ക്കും. ഈ രീതിയിൽ ഉയർന്ന നിലവാരങ്ങളിൽ വന്നു മന്ത്രി തന്നെ എല്ലാ കാര്യങ്ങളുടേയും ഉത്തരവാദിത്വം ഏൽക്കേണ്ട ഒരു സ്ഥിതി വിശേഷം ഉണ്ട്. ഈയിടെ ഒരാൾ പറയുകയുണ്ടായി ഏററവും വലിയ ഒരു വിപ്ലവകാരിയെതന്നെ കേരളത്തിൻെറ ഭരണത്തലവനായി കൊണ്ടു വന്നാൽ 6 മാസം കൊണ്ട് അദ്ദേഹത്തിൻെറ വിപ്ലവം സർക്കാർ വിപ്ലവം മുറപോലെ നടക്കുമെന്നുള്ള രീതിയിലാകുമെന്ന്. ഈ നിലപാടുള്ളിടത്തോളം കാലം ഇവിടത്തെ സർവ്വീസിനെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്കു വലിയ വിശ്വാസം ഉണ്ടാവുകയില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ചട്ടങ്ങളിൽ കുടുങ്ങിയിരിക്കുകയാണ് നമ്മുടെ ഭരണകൂടം. ശ്രീ. വാമദേവൻ ചൂണ്ടിക്കാണിച്ചതുപോലെ വിവാഹത്തിനു നൽകുന്ന സഹായം പോലും സമയത്തിന് കിട്ടുന്നില്ല. എനിക്കറിയാം അങ്ങനെയുള്ള ഒന്നു രണ്ടു സംഗതികൾ. വിവാഹ മുഹൂർത്തങ്ങൾ ഉദ്യോഗസ്ഥൻമാർ പറയുന്ന ചട്ടങ്ങൾക്ക് അനുസരണമായി മാററി വെക്കേണ്ട ഗതികേട് ഇന്ന് നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ട്. അങ്ങനെ പാവപ്പെട്ട ആളുകൾക്ക് കിട്ടേണ്ട സഹായധനം പോലും കിട്ടുന്നതിനു പ്രയാസകരമായ ഒരു സ്ഥിതി വിശേഷം നമ്മുടെ നാട്ടിൽ ഉണ്ട്. അതിനെ സംബന്ധിച്ച് ജനങ്ങൾക്ക് പറയാനോ ആശ്വാസം കൊള്ളാനോ സാധിക്കാത്ത സാഹചര്യം ഉണ്ടെന്നുള്ളകാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. അതോടൊപ്പം തന്നെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം, ഉള്ള പ്രശ്നം സർക്കാരിൻെറ കയ്യിൽ വരുന്നു. എന്തു കൊണ്ട് ഈ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് വരുന്ന ഈ പ്രശ്നങ്ങൾ അന്വേഷിക്കുന്നതിനു വേണ്ടി ഒരു ഏജൻസിയേയോ അല്ലെങ്കിൽ ട്രൈബ്യൂണലിനേയോ നിയമിക്കാൻ തയ്യാറാകുന്നില്ല? അതുകൊണ്ട് ആ കാര്യം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ഗവൺമെൻറ് ഉദ്യോഗ നിയമനങ്ങളിലും മററും സാമുദായിക പ്രാതിനിധ്യം നിലനിറുത്തണമെന്ന് ആഗ്രഹിക്കുന്ന ഗവൺമെൻറാണ്. സാമുദായിക സംവരണം നിലനിറുത്തണമെന്ന് ഉദ്ദേശിച്ചുകൊണ്ട് ഗവൺമെൻറ് പല ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷേ ഇവിടത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഇന്നും പിന്നോക്ക സമുദായത്തിന് അർഹമായ പ്രാതിനിധ്യം കൊടുക്കുന്നതിന് തയ്യാറായിട്ടില്ല. ഈ സഭയിൽ തന്നെ വളരെയധികം പ്രാവശ്യം ആ കാര്യം ഉന്നയിച്ചപ്പോൾ ആ കാര്യം പരിഗണിക്കാമെന്ന് ഗവൺമെൻറ് പറഞ്ഞതാണ്. അത് ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഗവൺമെൻറിനോട് വിനയ പൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

സർ, സെക്രട്ടേറിയററിൻെറ സ്ഥിതിയെപ്പററി കൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇന്ന് സെക്രട്ടേറിയററിൽ മുസ്ലീം സമുദായത്തിൽ പെട്ട ഒററ സെക്രട്ടറിയോ അഡീഷണൽ സെക്രട്ടറിയോ ഇല്ല. ഇവിടെയുള്ള 60 ജോയിൻറ് സെക്രട്ടറിമാരിൽ മുസ്ലീം ഒരാൾ മാത്രമാണുള്ളത്. 150 ഡെപ്യൂട്ടി സെക്രട്ടറിമാരിൽ മൂന്നോ നാലോ പേർ മാത്രമാണ് എൻെറ സമുദായത്തിൽ പെട്ട അംഗങ്ങളായി ഉള്ളത്. 300 ൽ പരം പേർ അണ്ടർ സെക്രട്ടറിമാരായി ഉള്ളതിൽ അര ഡസൻ പേർ മാത്രമാണ് എൻെറ സമുദായത്തിൽ പെട്ടവരായി ഉള്ളത്. അതുപോലെ ധാരാളം സെക്ഷൻ ഓഫീസർമാർ ഉണ്ടായിട്ടുപോലും ഞങ്ങളുടെ സമുദായത്തിൽ പെട്ട ആളുകൾക്ക് വേണ്ടത്ര പ്രാതിനിധ്യം കിട്ടിയിട്ടില്ല. ഇത് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് സാമുദായിക പ്രാതിനിധ്യം എല്ലാ തലത്തിലും നിലനിറുത്തണമെന്ന് പറയാൻ വേണ്ടി മാത്രമാണ്.

സർ, പിന്നോക്ക സമുദായത്തിൽ പെട്ട മുസ്ലീം സമുദായം ഇന്ന് അനുഭവിക്കുന്ന ചില അവശതകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ഹൈക്കോടതിയിലേക്കുള്ള നിയമനം നടക്കുന്നുണ്ട്. ഹൈക്കോടതിക്കാവശ്യമായ ചെലവ് നൽകുന്നത് ഈ രാജ്യത്തെ പാവപ്പെട്ട ജനങ്ങളുടെ നികുതിയിൽ നിന്നും ആണ്. പക്ഷെ അവിടത്തെ നിയമനം നടത്തുന്നത് ചീഫ് ജസ്ററിസാണ്. അവിടെയുള്ള 480 ഉദ്യോഗങ്ങളിൽ വളരെ കുറഞ്ഞ പ്രാതിനിധ്യമുള്ള രണ്ട് വിഭാഗം മുസ്ലീങ്ങളും ഹരിജനങ്ങളുമാണ്. 480 പേരിൽ മുസ്ലീം 25 പേർ മാത്രമാണുള്ളത്. അവിടത്തെ 65 ഗസററഡ് പോസ്ററുകളിൽ മുസ്ലീം സമുദായത്തിന് 4 പേർ മാത്രമാണുള്ളത്. 415 നോൺഗസററഡ് പോസ്ററിൽ മുസ്ലീം സമുദായത്തിന് 21 പേർ മാത്രമാണുള്ളത്. നീതി നടത്തണമെന്നു പറയുകയും നീതി നടത്തുന്നു എന്നു മററുള്ളവരെ ബോധ്യമാക്കുകയും ചെയ്യുന്ന ഒരു സ്ഥാപനമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി. ഹൈക്കോടതിയിലെ നിയമനം ചീഫ് ജസ്ററിസാണ് നടത്തുന്നത്.

ശ്രീ. വക്കം പുരുഷോത്തമൻ: നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയിരുന്നു എങ്കിൽ ഇതെല്ലാം കിട്ടുമായിരുന്നുവല്ലോ.

ശ്രീ. ഇ. അഹമ്മദ്: അതു നടപ്പിലാക്കിയിരുന്നു എങ്കിൽ 8000 രൂപയിൽ കൂടുതൽ വരുമാനമുള്ളവർക്ക് കിട്ടുകയില്ല.

ശ്രീ. വക്കം പുരുഷോത്തമൻ: പ്രൊമോഷൻ ഉൾപ്പെടെയുള്ള തസ്തികകളിൽ സംവരണം നടപ്പിലാക്കണമെന്ന് നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിൽ റെക്കമെൻറ് ചെയ്തിരുന്നുവല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: പ്രൊമോഷന്റെ കാര്യത്തിലും വരുമാന പരിധി വെച്ചിട്ടുണ്ട്. വരുമാനപരിധിയില്ലാതെ തന്നെ എന്റെ സമുദായത്തിന് വേണ്ടത്ര പ്രാതിനിധ്യം ഇല്ലാതിരിക്കുന്ന സമയത്ത് വരുമാന പരിധി കൂടി ഉള്ള റിപ്പോർട്ട് നടപ്പിലാക്കണമെന്ന് പറഞ്ഞാൽ എങ്ങനെയാണ് പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്ക് പ്രാതിനിധ്യം കിട്ടുകയെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ ഓർക്കേണ്ടതുണ്ട്. അതിനെപ്പററി നമുക്ക് വേണമെങ്കിൽ മറെറാരു സ്ഥലത്തു വെച്ച് ആലോചിക്കാവുന്നതാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: അതിൽ പറഞ്ഞിരിക്കുന്ന വരുമാനത്തിനകത്തുള്ള ആളുകൾ ക്വാളിഫൈഡ് ആയിട്ടില്ലെങ്കിൽ അതേ സമുദായത്തിനുതന്നെ കൊടുക്കണമെന്നു നമ്മൾ രണ്ടു പേരും ഒന്നിച്ചു പറഞ്ഞതാണല്ലോ. അത് നടപ്പിലാക്കിയാൽ മതിയായിരുന്നല്ലോ.

12 NOON.

ശ്രീ. ഇ. അഹമ്മദ്: അത് നടപ്പിലാക്കിയാലും അത് ശരിവെക്കേണ്ടത് ഈ പറയുന്നതു പോലുള്ള ഹൈക്കോടതി ആണെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർ ഓർക്കണം എന്നു ഞാനോർമ്മിപ്പിക്കുകയാണ്.

പ്രൊമോഷനെ സംബന്ധിച്ചു പറയുമ്പോൾ നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ മാത്രം പോരാ; അതുകൊണ്ട് പ്രശ്നം പരിഹരിക്കപ്പെടുകയില്ല. ഈ രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളുടേയും നികുതിപ്പണംകൊണ്ട് ശമ്പളം കൊടുക്കുന്ന കേരളത്തിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സാമാന്യ നീതിക്ക് വേണ്ടി നാചുറൽ ജസ്ററീസിന്റെ പേരിൽ ധാരാളം ജഡ്ജ്മെൻറുകൾ വരുന്ന നീതി പീഠത്തിൽ നടക്കുന്ന സെലക്ഷനിൽ നീതി ലഭിക്കാത്ത ഒരു സമുദായത്തിന്റെ വേദന ഈ സഭയിലൂടെ അറിയിക്കാൻ വേണ്ടി മാത്രമാണ് ഞാൻ ഇത്രയുംപറഞ്ഞത്. അതേയവസരത്തിൽ ഒന്നു രണ്ടു കാര്യങ്ങൾ കൂടി പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

സമരം നടത്തിയാൽ മാത്രമേ എന്തും ലഭ്യമാകൂ എന്നുള്ള ചുററുപാട് ഉണ്ടാകുന്നത് ശരിയല്ല. ഇത് പറയാൻ കാരണം കണ്ണൂരിൽ ഒരു പുതിയ സമരത്തിന്റെ പുറപ്പാട് ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ജില്ലാ തലസ്ഥാനമായ കണ്ണൂരിൽ ഒരു അഡീഷണൽ മുൻസിഫ് കോടതി ഉണ്ടായിരുന്നു. ഒരു സുപ്രഭാതത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി അത് വേണ്ടാ എന്നു വെച്ചു. ഇതിനു കാരണം പറഞ്ഞത് വേണ്ടത്ര കേസ്സുകൾ ഇല്ലായെന്ന് ആണ്. മററു പല സ്ഥലങ്ങളിലും വേണ്ടത്ര കേസ്സുകൾ ഇല്ലാഞ്ഞിട്ടുപോലും മുൻസിഫ് കോടതി വെയ്ക്കുവാൻ ഹൈക്കോടതി ഉത്തരവ് ഇട്ടിട്ടുണ്ട്. ആ സ്ഥിതിയ്ക്ക് കണ്ണൂരിന്റെ കാര്യത്തിൽ പക്ഷപാതപരമായി പെരുമാറിയതുകൊണ്ടുള്ള ജനങ്ങളുടെ വികാരം ഈ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ്. കണ്ണൂരിൽ ഒരു അഡീഷണൽ ഫസ്ററ് ക്ലാസ് മജിസ്ട്രേററ് കോടതി സ്ഥാപിക്കണമെന്ന് അവിടത്തെ ജനങ്ങൾ ആഭ്യന്തര മന്ത്രിയുടെ മുമ്പിൽ സമർപ്പിച്ച നിവേദനത്തിന് ബഹുമാനപ്പെട്ട മന്ത്രി വേണ്ടത്ര പരിഗണന നൽകണമെന്നു കൂടി പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

സർ, ഇവിടെ പോലീസിനെക്കുറിച്ച് ചില പരാമർശനങ്ങളുണ്ടായി. പോലീസ് വളരെ നല്ല നിലയിൽ സേവനം നടത്തുന്നുവെന്നോ, എല്ലാവരുടേയും പ്രശംസയ്ക്കു പാത്രീഭൂതമായി എന്നോ ഇവിടെ ആർക്കും തന്നെ അഭിപ്രായമില്ല. പിന്നെ പോലീസിനെ അനാവശ്യമായി പഴി ചാരുന്ന സമ്പ്രദായം ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈയിടെ ഒരു ഫിലിം മ്യൂസിക് ഡയറക്റററുടെ ആക്ഷേപത്തെക്കുറിച്ചു ചില വാർത്തകഠം പത്രങ്ങളിൽ കാണുകയുണ്ടായി. അതിനേക്കുറിച്ച് എന്റെ സ്നേഹിതൻ അഡ്വക്കേററ് കുഞ്ഞുരാമമേനോന്റെ മറുപടി കണ്ടപ്പോഠം പോലീസിനെ സംബന്ധിച്ചിടത്തോളമുള്ള ആക്ഷേപത്തിന്റെ അടിസ്ഥാനരാഹിത്യം എത്രയാണെന്നു മനസ്സിലാക്കുവാൻ സാധിച്ചു. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് ഏതെങ്കിലും നിലയിൽ പോലീസിനെ കളങ്കപ്പെടുത്തുന്നത് ശരിയല്ലായെന്നാണ്. അവർ ചെയ്യുന്ന തെററുകളെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കണം. എന്റെ ബഹുമാന്യ സ്നേഹിതൻ അബൂബേക്കർ കോഴിക്കോട് നടന്ന ചില സംഭവങ്ങളെക്കുറിച്ച് ഇവിടെ പരാമർശിച്ചു കേട്ടു. അതിനെക്കുറിച്ചു പലതും പറയണം എന്നുള്ള ആഗ്രഹമുണ്ടെങ്കിലും ആ സംഭവത്തിന്റെ സെൻസിററീവ്നസ് മനസ്സിലാക്കിക്കൊണ്ട് കൂടുതൽ പറയണമെന്നാഗ്രഹിക്കുന്നില്ല. ശ്രീ. അബൂബേക്കറിന്റേയും എന്റേയും സമുദായത്തിൽ പെട്ട രണ്ടു കക്ഷികഠം തമ്മിലുള്ള വഴക്കിനെ സംബന്ധിച്ചാണ് പറഞ്ഞത്. അതുകൊണ്ട് എനിക്കു പറയുവാനുള്ളത്, ഈ കക്ഷി വഴക്കിന്റെ കാര്യത്തിൽ ആത്മസംയമനം പാലിക്കണം എന്നാണ്. പിന്നെ ശ്രീ. അബൂബേക്കർ സൂചിപ്പിച്ച മറെറാരു കാര്യം പോലീസ് നടത്തിയ ആക്രമത്തെ സംബന്ധിച്ചാണ്. ഇന്നു രാവിലെ എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. യു. എ. ബീരാനും ഞാനുമായി, ഈ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം കൊടുത്തപ്പോഠം പറഞ്ഞ ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. പോലീസ് നീതി പാലിച്ചാൽ മാത്രം പോരാ, നീതി പാലിക്കുന്നു എന്നു മററുള്ളവരെ ബോധ്യപ്പെടുത്തുകയും ചെയ്യണം. ആ നിലയ്ക്ക് നീങ്ങിയാൽ മാത്രമേ അവിടത്തെ ജനങ്ങഠക്ക് സമാധാനവും സംതൃപ്തിയും ഉണ്ടാകൂ.

ശ്രീ. പി. എം. അബൂബേക്കർ: പോലീസ് ചെയ്തത് എല്ലാം ശരിയാണെന്നു നിങ്ങഠക്കു ബോധ്യപ്പെട്ടു കഴിഞ്ഞല്ലോ?

ശ്രീ. ഇ. അഹമ്മദ്: പോലീസ് ചെയ്തത് ശരിയാണെന്നു ഞാൻ ഒരിക്കലും പറയുന്നില്ല. എങ്കിൽ പിന്നെ നിവേദനം കൊടുക്കേണ്ടതില്ലല്ലോ. ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ തെററിദ്ധരിച്ചു പോകരുത്. ഈ സംഭവത്തിന്റെ പ്രാധാന്യവും അതിൽ ഉഠംക്കൊള്ളുന്ന വികാരങ്ങളും കണക്കിലെടുത്തു കൊണ്ടുവേണം രാഷ്ട്രീയ നേതാക്കൻമാരായ ശ്രീ. അബൂബേക്കറിനെ പോലുള്ളവരും എന്നെപ്പോലുള്ളവരും സംസാരിക്കുവാൻ. എന്തെങ്കിലും ഒരു പ്രശ്നമുണ്ടായാൽ അത് ഊതി വീർപ്പിക്കുവാൻ ശ്രമിക്കാതെ അവിടം കൊണ്ടു തന്നെ അവസാനിപ്പിക്കുവാൻശ്രമിക്കണം. അത് നമ്മുടെ സമുദായത്തിനു മാത്രമല്ല, മറേറത് സമുദായത്തിനും സഹായകരമായിരിക്കും.

വടകരയിലുണ്ടായ മറെറാരു സംഭവത്തെക്കുറിച്ചും ബഹുമാനപ്പെട്ട അബൂബേക്കർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ നിർഭാഗ്യകരമായ സംഭവത്തിൽ എനിക്ക് വളരെയേറെ വേദനയുണ്ട്. പക്ഷേ അതിനുത്തരവാദി എന്റെ പാർട്ടിയിൽ പെട്ടവരാണെന്ന ധ്വനി വരുത്തിയതിൽ ഞാൻ ഖേദിക്കുകയാണ്. അതിൽ എന്റെ പാർട്ടിക്ക് യാതൊരുത്തരവാദിത്വവും ഇല്ല. ബഹുമാനപ്പെട്ട അബൂബേക്കറിനോട് ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഏത് ജാഥയും എന്തും നടത്താനുള്ള സ്വാതന്ത്ര്യം

LIBRARY ARCHIVES Kerala Legislative Assembly

നമുക്കുണ്ട്. പക്ഷേ അത് അതിരു കവിഞ്ഞ് ഉപയോഗിക്കുകയും ആ വിഭാഗത്തിന്റെ നേതാവിനെ ചീത്ത പറഞ്ഞ്, തെറി പറഞ്ഞ് അസംബന്ധം പറഞ്ഞ്, 'ദുശ്ശീലം പറഞ്ഞ് ഇങ്ങനെ അബദ്ധ ജഡിലങ്ങളായ മുദ്രാവാക്യങ്ങൾ മുഴക്കി ആ വിഭാഗത്തിന്റെ മനോവികാരം വ്രണപ്പെടുത്താതെ സൂക്ഷിക്കേണ്ടത് ഒരു രാഷ്ട്രീയ പാർട്ടി നേതാവിന്റെ കടമയാണ്. ശ്രീ. അബൂബേക്കറിന്റെ പാർട്ടിക്കാർ അവിടെ ജാഥ നടത്തി. അതു കണ്ടുനിന്ന ചില ആളുകൾ ചിലതെല്ലാം ചെയ്തുവെന്നു ശ്രീ. അബൂബേക്കറാണ് ഇവിടെ പറഞ്ഞത്. ആര് മുദ്രാവാക്യം വിളിച്ചു എന്നും ആരുടെ വികാരം വ്രണപ്പെട്ടു എന്നും ഈ സഭ നിശ്ചയിച്ചാൽ മതി. ആ കാര്യത്തിൽ ഞാൻ ഒരു വിധികർത്താവാകാൻ ആഗ്രഹിക്കുന്നില്ല. എന്റെ പാർട്ടി നിയമലംഘനമോ നിഷേധമോ നടത്തിയിട്ടില്ല. ഏത് ജനാധിപത്യാവകാശം വിനിയോഗിക്കുമ്പോഴും ആത്മസംയമനം ഉണ്ടായിരിക്കണം. മറ്റൊരു വിഭാഗത്തിന്റെ വികാരം വ്രണപ്പെടുത്തുന്നതുകൊണ്ട് ആർക്കും ഒന്നും തന്നെ നേടിയെടുക്കുവാൻ സാധ്യമല്ല. ഇത് മാത്രമേ ഞാൻ അതിനെക്കുറിച്ച് പറയുന്നുള്ളു. എന്റെ പാർട്ടിയെ പരാമർശിക്കുന്ന രീതിയിലുള്ള എല്ലാ ആക്ഷേപങ്ങളും നിഷേധിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഈ ഗവൺമെന്റിന് നല്ല പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടത്ര സഹായസഹകരണങ്ങൾ എല്ലാ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ട്. ജനോപകാരപ്രദമായ പരിപാടികൾ ബഹുമാനപ്പെട്ട ഗവർണ്ണരുടെ നയപ്രഖ്യാപനത്തിൽകൂടി ജനങ്ങളുടെ മുമ്പിൽവെച്ച ഈ ഗവൺമെന്റ് ഈ രാജ്യത്തെ സിവിൽസർവ്വീസിന് ഒരു കെട്ടുറപ്പും ഭദ്രതയും അച്ചടക്കവും സമയനിഷ്ടയുമുണ്ടാക്കിക്കൊണ്ട് മുമ്പോട്ടു പോയാൽ ഈ രാജ്യത്തെ ജനങ്ങളുടെ മുഴുവൻ പിന്തുണയും ഈ ഗവൺമെന്റിനുണ്ടായിരിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എതിർക്കുവാനുള്ള കാരണങ്ങളെക്കുറിച്ച് സമയക്കുറവുകൊണ്ട് ദീർഘമായി പറയാൻ ആഗ്രഹിക്കുന്നില്ല. ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് അപ്പുറത്തു നിന്നും പറയുന്നതു കേട്ടു, ഈ ഗവൺമെന്റ് പാവങ്ങളോട് കാരുണ്യമുള്ള ഗവൺമെന്റാണ്. അതുകൊണ്ട് ഇതു പാസ്സാക്കി കൊടുക്കണം എന്ന്. സർ, ഈ കാരണത്താൽതന്നെ ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് പാവങ്ങൾക്കു കാരുണ്യം ചെയ്യുന്ന ഒരു ഗവൺമെന്റ് അല്ല. സർ, കാരുണ്യം പോകട്ടെ. കേരളത്തിലെ 22 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികൾക്ക് അതായത് എല്ലാ ജാതിയിലും മതത്തിലും രാഷ്ട്രീയത്തിലും പെട്ട ആളുകൾക്കുവേണ്ടി നമ്മുടെ സംസ്ഥാനത്ത് ഈ സഭ അംഗീകരിച്ചു 1975 ഒക്ടോബർ 2-ാം തിയ്യതി ഗാന്ധി ജയന്തി ദിനത്തിൽ നടപ്പിലാക്കിയ ഒരു നിയമമാണ് കർഷകത്തൊഴിലാളി നിയമം. ഇതുപോലെ തന്നെ 1975-ൽ വേറൊരു നിയമവും പാസ്സാക്കി നടപ്പിലാക്കി. അതായത് ആദിവാസികൾക്ക് അന്യാധീനപ്പെട്ടുപോയ ഭൂമി വീണ്ടെടുത്ത് അവർക്കുതന്നെ കൊടുക്കുവാൻ വേണ്ടിയുള്ള നിയമമാണിത്. അതുപോലെതന്നെ നമ്മുടെ രാജ്യത്ത് നിലവിൽ വന്നിട്ടുള്ള മറ്റൊരു നിയമമാണ് മിനിമം വേജസ് നിയമം. ഈ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള പരിരക്ഷ കിട്ടണമെന്നാണ് തൊഴിലാളികൾ ഉന്നയിച്ചത്. ആരുടേയും ദയയും കാരുണ്യവുമല്ല ചോദിച്ചത്. കേരളാ ഭൂപരിഷ്കരണ ഭേദഗതി നിയമം പാസ്സാക്കി നടപ്പിലാക്കിയിട്ട് 9 വർഷങ്ങൾ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ആ നിയമത്തിൽ കർഷകത്തൊഴിലാളികൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ കിട്ടണമെന്നുള്ളതുകൊണ്ട് ആ ആവശ്യങ്ങൾ കർഷകത്തൊഴിലാളിയൂണിയൻ ഉന്നയിക്കുകയുണ്ടായി. അതുപോലെതന്നെ മിനിമം വേജസ് നിശ്ചയിച്ച് ഈ ഗവൺമെൻറ് നടപ്പിലാക്കിയെന്നു പ്രഖ്യാപിച്ചു.

നിയമപരമായുള്ള കൂലി കിട്ടണമെന്നാണ് കർഷകത്തൊഴിലാളികൾ ഉന്നയിച്ചത്. 1975-ൽ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ാം തിയ്യതി നടപ്പാക്കിയ കർഷകത്തൊഴിലാളി നിയമത്തിൻെറ ആനുകൂല്യങ്ങൾ കിട്ടണമെന്നാണ് ഈ തൊഴിലാളികൾ ആവശ്യപ്പെട്ടത്. ആ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കർഷകത്തൊഴിലാളികൾ നടത്തിയ ഒരു സമരം ഉണ്ടായിരുന്നു ജനുവരി മാസത്തിൽ. ആ സമരത്തോട് ഈ ഗവൺമെൻറിൻെറ സമീപനം എന്തായിരുന്നു? ആ സമരം നിയമവിരുദ്ധമാണ്. സമരത്തെ അടിച്ചമർത്തണമെന്ന് എൻെറ ബഹുമാന്യ സുഹൃത്ത് കെ. എം. മാണി പറഞ്ഞു. നിയമം എന്നു പറഞ്ഞാൽ ക്രമസമാധാനപാലനം മാത്രമല്ല. നമ്മുടെ രാജ്യത്ത് നിലവിലുള്ള എല്ലാ നിയമങ്ങളും പാർലമെൻറു പാസ്സാക്കിയാലും കൊള്ളാം അസംബ്ലി പാസ്സാക്കിയാലും കൊള്ളാം ആ നിയമം എല്ലാ ആളുകൾക്കും ബാധകമാണ്. ശ്രീ. മാണി ക്രമസമാധാനത്തിൻെറ പ്രശ്നം മാത്രം വെച്ചുകൊണ്ട് കർഷകത്തൊഴിലാളികൾ നടത്തുന്ന സമരം അന്യായമാണെന്നു പറഞ്ഞു. ആഭ്യന്തര മന്ത്രി നിയമം ലംഘിച്ചു. എങ്ങനെയാണ് അദ്ദേഹം നിയമം ലംഘിച്ചത്? നമ്മുടെ സംസ്ഥാനത്തെ ആഭ്യന്തര മന്ത്രി, ജയിൽ മന്ത്രിയുമാണ്. നിലവിലുള്ള ജയിലുകളിൽ എത്ര ആളുകളെ വയ്ക്കാമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ആഭ്യന്തര മന്ത്രിക്ക് നാല് ആളുകളെ വയ്ക്കേണ്ട ജയിലിൽ നാല്പത് ആളുകളെ വയ്ക്കാനുള്ള ഗതികേടുണ്ടായി. അദ്ദേഹം നിയമം ലംഘിച്ചു. പാലക്കാട് സബ് ജയിൽ നാല്പത്തിയെട്ട് ആളുകളെ വയ്ക്കാനുള്ള ജയിലാണ്. ഈ സമരം ആരംഭിക്കുന്നതിൻെറ തലേദിവസം പാലക്കാട് ജയിലിൽ നക്സലൈററുകൾ ഉൾപ്പെടെ അൻപത്തിരണ്ടുപേർ ഉണ്ടായിരുന്നു. സമരം ആരംഭിച്ചു കഴിഞ്ഞപ്പോൾ 250 കർഷകത്തൊഴിലാളികളെ ആ സബ് ജയിലിനകത്ത് കൊണ്ടുപോയി. 48 ആളുകളെ വയ്ക്കാനുള്ള ജയിലിൽ 302 ആളുകളെ വയ്ക്കേണ്ടിവന്നു ശ്രീ. മാണിക്ക്. അങ്ങനെ ആഭ്യന്തര മന്ത്രി നിയമം ലംഘിച്ചു. സർ, അതേക്കുറിച്ചു കൂടുതൽ പറയുന്നില്ല. ഈ ഗവൺമെൻറിൻെറ സമീപനം എന്താണ്? കർഷകത്തൊഴിലാളികളായിട്ടുള്ള നിരവധി ആളുകളെ നിയമം ലംഘിച്ച് സബ് ജയിലിൽ കൊണ്ടുപോയി. കർഷകത്തൊഴിലാളികളുടെ സമരം അക്രമസമരമാണെന്ന് ഗവൺമെൻറു പോലും പറഞ്ഞില്ല സമരം കഴിഞ്ഞിട്ടും, നിയമം നടപ്പാക്കിക്കിട്ടുന്നതിനുവേണ്ടി നിയമം പാസ്സാക്കി വർഷങ്ങൾ കഴിഞ്ഞിട്ട് ആ നിയമത്തിൻെറ ആനുകൂല്യങ്ങൾ വേണമെന്ന് കർഷകത്തൊഴിലാളികൾ പറഞ്ഞപ്പോൾ അവരെ പിടിച്ച് അകത്തുവെച്ചു എന്നുമാത്രമല്ല പത്തനാപുരത്ത് കർഷകത്തൊഴിലാളി വാളൻറിയർമാരെ കയ്യാമം വെച്ചു. ചാത്തനൂരിലെ കർഷകത്തൊഴിലാളി വാളൻറിയർമാരെ കയ്യാമം വെച്ചു. നിരവധി സ്ഥലങ്ങളിൽ സമര വാളൻറിയർമാരെ പോലീസ് മർദ്ദിച്ചു. കർഷകത്തൊഴിലാളികൾ നിയമം അനുശാസിക്കുന്ന ആനുകൂല്യം കിട്ടണമെന്നു പറഞ്ഞുകൊണ്ട് നടത്തിയ സമരത്തിനു നേരെ ഗവൺമെൻറിൻെറ നിലപാട് ഇതായിരുന്നു. മന്ത്രി രണ്ടു ദിവസം മുമ്പ് ഈ അസംബ്ലിയിൽ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞു, വിശ്വനാഥയ്യർ കമ്മീഷൻ റിപ്പോർട്ടിനെപ്പററി. ആ റിപ്പോർട്ടിൽ വർക്കല വിജയനെ പിടിച്ചു കൊണ്ടുപോയി ശാസ്തമംഗലം ക്യാമ്പിലിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കൊന്നുവെന്നു പറഞ്ഞിട്ടുണ്ട്. ഗവൺമെൻറ് നിയോഗിച്ച അന്വേഷണ കമ്മീഷൻെറ റിപ്പോർട്ടാണ്. കണ്ണനെ കൊണ്ടുപോയി കൊന്നുവെന്ന് വിശ്വനാഥയ്യർ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. വിജയനെ കൊന്ന ആളുകളുടെ നേരെ ഈ ഗവൺമെൻറിൻെറ സമീപനം എന്തായിരുന്നു? അതിലെ കുററക്കാർ ആരെല്ലാമാണെന്ന് അക്കമിട്ട് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ആ ആളുകൾ ഇപ്പോഴും സർവ്വീസിലുണ്ട്. ആഭ്യന്തരമന്ത്രി എടുത്ത സമീപനം എന്താണ്? അവരെ സസ്പെൻറ് ചെയ്യേണ്ട കാര്യമില്ല. Suspension is not a punishment എന്നാണ് ശ്രീ. മാണിയുടെ ന്യായം. നമ്മുടെ സംസ്ഥാനത്തെ മനുഷ്യരെ പിടിച്ചു കൊണ്ടുപോയി ക്യാമ്പിലിട്ട് അടിച്ചുകൊന്നുവെന്ന് ഈ ഗവൺമെൻറ് നിശ്ചയിച്ച ഒരു അന്വേഷണക്കമ്മീഷൻ റിപ്പോർട്ട് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. അതിൽ കുററക്കാരായിട്ടുള്ള ആളുകൾ ഇന്നും സർവ്വീസിൽ ഇരിക്കുന്നു. അവരെ സസ്പെൻറ് ചെയ്യേണ്ട കാര്യമില്ല എന്നാണ് ഈ ഗവൺമെൻറിൻെറ വാദം. Suspension is not a punishment നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട ഗവൺമെൻറു ജീവനക്കാർ തങ്ങളുടെ ആവശ്യത്തിനു വേണ്ടി ഒരു ദിവസം പണി മുടക്കിയാൽ എന്തെങ്കിലും കാരണവശാൽ പോലീസുദ്യോഗസ്ഥൻ അവൻെറ പേരിൽ കേസ്സ് ഉണ്ടാക്കിയാൽ ആ കേസിൽപ്പെട്ട ആളെ സസ്പെൻറു ചെയ്തിട്ട് സസ്പെൻറ് ചെയ്ത ദിവസത്തെ ശമ്പളം കൊടുക്കാൻ പാടില്ലെന്ന് കെ. എസ്. ആറിൽ എഴുതി വെച്ചിട്ടുണ്ട്. നിരവധി ജീവനക്കാർക്ക് ശമ്പളം നിഷേധിച്ചിട്ടുണ്ട്. ഡി. വൈ. എസ്. പി. മാരും സർക്കിൾ ഇൻസ്പെക്ടറും മററും ആയതുകൊണ്ട് കൊലക്കുററത്തിന് ശിക്ഷിക്കപ്പെട്ടവരാണെന്ന് ഈ സഭ മുമ്പാകെ ഒരു കമ്മീഷൻ റിപ്പോർട്ട് വെച്ചതിനുശേഷവും അവരെ സസ്പെൻറ് ചെയ്യേണ്ടതില്ലെന്നാണ് ഈ ഗവൺമെൻറിൻെറ വാദം. ആ ഗവൺമെൻറ് ആണ് ഈ സഭ പാസ്സാക്കിയ നിയമത്തിൻെറ ആനുകൂല്യം കിട്ടണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സമരം നടത്തിയ കർഷകത്തൊഴിലാളികളുടെ നേരെ ക്രൂരമായ നിലപാട് സ്വീകരിച്ചത്; അവരെ കയ്യാമം വെച്ചത്; നാല് ആളുകളെ ഇടേണ്ട ജയിലിൽ നാല്പത് ആളുകളെ ഇട്ടത്. ഈ ഗവൺമെൻറ് പാവങ്ങളോട് കരുണ കാണിക്കുന്ന ഗവൺമെൻറാണെന്ന് എങ്ങനെ അവകാശപ്പെടാൻ കഴിയും? കരുണ ആവശ്യമില്ല. ഈ സംസ്ഥാനത്ത് നടപ്പാക്കിയ നിയമത്തിൻെറ ആനുകൂല്യം കിട്ടണമെന്നാണ് അവർ ആവശ്യപ്പെട്ടത്. ഇഷ്ടദാനത്തിന് ഭേദഗതി കൊണ്ടുവരാൻ പോകുന്നു അപ്പുറത്തുള്ളവർ. ഭേദഗതി കൊണ്ടുവരുന്നതുവഴിയും ഈ സഭ പാസ്സാക്കുന്നതുവഴിയും ഇഷ്ടദാനം സാധുവാകും. ഇഷ്ടദാനം അസാധുവാണ് കേരളാ ഹൈക്കോടതി വിധി പ്രകാരം. കേരളാ ഹൈക്കോടതി വിധിപ്രകാരം ഇഷ്ടദാനം അസാധുവാണെന്ന് കണ്ടുകൊണ്ട് ഭൂമി എടുത്ത് പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യാനുള്ള ഒരു മനോഭാവമാണോ കാണിക്കുന്നത്. ഇഷ്ടദാനത്തിന് എതിരാണ് ഞങ്ങളെന്ന് ആരും ധരിച്ചുപോകരുത്. അതിന് എതിരല്ല. പരിധിക്കകത്ത് ഭൂമിയുള്ള ആളുകളുടെ മക്കൾക്കോ മക്കളുടെ മക്കൾക്കോ നിയമപ്രകാരം കൈവശം വയ്ക്കാനുള്ള ഭൂമി ഇഷ്ടദാനം കൊടുക്കുന്നതിൽ ഞങ്ങൾ എതിരല്ല. ഭൂപരിഷ്കരണനിയമപ്രകാരം പരിധിക്ക് പുറത്തുള്ള ഭൂമി ഇഷ്ടദാനമായി കൊടുക്കാൻ ആർക്കും അവകാശമില്ല. അസന്നിഗ്ദ്ധമായി കേരളാ ഹൈക്കോടതി പ്രഖ്യാപിച്ച വിധി മൂലം പറഞ്ഞത് അതാണ്. 1974-ൽ വിധിയുണ്ടായി. 1976-ൽ ആണ് ഗവൺമെൻറ് താലൂക്ക് ബോർഡുകൾക്ക് നിർദ്ദേശം കൊടുത്തത് ഇത്തരം കേസ്സുകൾ ഒന്നും കേൾക്കരുതെന്ന്. ഇപ്പോൾ ഭേദഗതി കൊണ്ടുവരാൻ ആലോചിക്കുന്നു. ആർക്കുവേണ്ടി? പാവപ്പെട്ട കർഷകത്തൊഴിലാളികൾക്കുവേണ്ടി ആണോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിപ്പണിക്കാരായ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും വേണ്ടിയാണോ? അല്ല. നേരെ മറിച്ച് ഭൂമിയുള്ള ആളുകളെ രക്ഷിക്കുന്നതിനു വേണ്ടിയാണ്. ഈ സംസ്ഥാനത്ത് ഒരു പിടി മണ്ണുമില്ലാതെ മരിച്ചാൽ കുഴിച്ചിടാൻ ആറടി ഭൂമിയില്ലാത്ത പാവപ്പെട്ട ഹരിജനങ്ങൾക്ക് കിട്ടേണ്ട ഭൂമി, നിയമം മൂലം സിദ്ധിച്ച ഭൂമി അന്യാധീനപ്പെടുത്തുന്നത് അസാധുവാണെന്ന് കേരളാ ഹൈക്കോടതി പ്രഖ്യാപിച്ചിട്ട് ആ വിധിയെ മാനിച്ച് പാവങ്ങളെ രക്ഷിക്കാൻ കൂട്ടാക്കാത്ത പ്രമാണിമാരുടെ മക്കൾക്കു വേണ്ടി അവരെ രക്ഷിക്കാൻ വേണ്ടി ഇഷ്ടദാനത്തിന് അംഗീകാരം കൊടുക്കുന്ന ഗവൺമെൻറ് പാവങ്ങളുടെ ഗവൺമെൻറാണോ? പാവങ്ങളോട് കരുണ കാണിക്കുന്ന ഗവൺമെൻറാണോ? പൊന്തൻപുഴയിൽനിന്ന് ഇറക്കി വിട്ട 255 കുടുംബങ്ങൾ സത്യാഗ്രഹത്തിലാണ് സെക്രട്ടേറിയററു നടയിൽ. പാവപ്പെട്ട ഹരിജനങ്ങളും ഗിരിജനങ്ങളും അടങ്ങിയതാണ് ആ കുടുംബങ്ങൾ. പാവങ്ങളുടെ സ്ഥലം കയ്യേറി അവരെ അടിച്ചോടിച്ചു. അവർ റോഡ് സൈഡിൽ വീടു വച്ചു. അവരുടെ പെററക്കൂരകൾ കത്തിച്ച് അവരെ വഴിയാധാരമാക്കി. പാവങ്ങളോട് കരുണ കാണിക്കുന്ന ഗവൺമെൻറാണോ ഇത്? പാവങ്ങളോട് കരുണ കാണിക്കുന്ന ഗവൺമെൻറല്ല ഇത്. രണ്ടര ലക്ഷം തോട്ടം തൊഴിലാളികൾ ഇന്ന് പണിമുടക്കിയിരിക്കുകയാണ്. എ.ഐ. ടി. യു. സി., സി.ഐ.ടി. യു. സി., ഐ. എൻ. ടി. യു. സി. തുടങ്ങിയ എല്ലാ യൂണിയനുകളുമുണ്ട്. അവർ ഉന്നയിച്ച ന്യായമായ ആവശ്യങ്ങൾ കണക്കിലെടുക്കാത്ത, അനുരഞ്ജനസമ്മേളനംപോലും വിളിച്ചുകൂട്ടാൻ തയ്യാറാകാത്ത ഗവൺമെൻറ് പാവങ്ങളുടെ ഗവൺമെൻറാണോ? പാവങ്ങളുടെ താൽപ്പര്യത്തെ എതിർക്കുന്ന ഗവൺമെൻറാണ്. ഈ ഉപധനാഭ്യർത്ഥനയെ ഒന്നുകൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കണിയാപുരം രാമചന്ദ്രൻ:</u> സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഇതിന് ഒരു ചടങ്ങ് എന്ന വിധത്തിൽ എതിർത്തുകൊണ്ട് പ്രതിപക്ഷത്തു നിന്നു ചില സുഹൃത്തുക്കൾ സംസാരിച്ചപ്പോൾ അൽഭുതം തോന്നി. ജനതാ പാർട്ടി തൊട്ട് ഇന്നലെ രണ്ടായ എൻ. ഡി. പി. യിലെ ഇരുവിഭാഗവും ഉൾപ്പെടെ എസ്. തങ്കപ്പൻ പിള്ളയുടെ എസ്. ററി. പി. യും എൻ. ഭാസ്കരൻ നായരുടെ എൻ. ഡി. പി. യും അവർ വരെ ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തിരിക്കുന്നു. ഈ ഉപധനാഭ്യർത്ഥനകളിൽ വെള്ളപ്പൊക്കക്കാലത്ത് സൗജന്യമായി ഔഷധം കൊടുത്തത്, ശമ്പളപരിഷ്കരണ വർദ്ധനവ്, വിധവകളുടെ പെൺമക്കളെ വിവാഹം കഴിപ്പിച്ച് അയക്കുന്നതിനുള്ള സഹായം, വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ, Assistance to family of M. L. As. who died in Harness അതുവരെയുള്ള കാര്യങ്ങൾവരെ പറഞ്ഞിട്ടുണ്ട്. അതുമാത്രമല്ല നോൺ പ്ലാൻ എക്സ്പെണ്ടീച്ചർ എന്നു പറയുന്നതുപോലെ ഫയൽ ഇല്ലാത്ത ഒരു നോൺപ്ലാൻ മിനിസ്ററർ ഉണ്ട് ഇവിടെ. ഔദ്യോഗികമായി മന്ത്രിമാർക്കുള്ളതുപോലെ കാറും രണ്ടു ഡ്രൈവറും അതുപോലുള്ള പേഴ്സണൽ സ്ററാഫും എല്ലാം ഉണ്ട്. ഇതെല്ലാം ഉപയോഗിച്ചുകൊണ്ട് ഈ രാജ്യത്ത് അങ്ങോളമിങ്ങോളം ഓടിനടന്നു ഇപ്പോൾ ഫണ്ട് പിരിവ് വാങ്ങുന്ന ഫയൽ ഇല്ലാത്ത ഒരു മന്ത്രിയുണ്ട്. ഈ സഭ അതു അനുവദിച്ചത് എന്തായാലും അനാവശ്യമായിപ്പോയി. അതിൻെറ ചെലവും ഇതിൻെറ കൂട്ടത്തിൽ വരുന്നതാണ്. അങ്ങനെ ഇതിനെല്ലാം വേണ്ടി ചെലവു ചെയ്ത തുകയ്ക്ക് അനുവാദം ചോദിക്കുമ്പോൾ പ്രധാനമായി പരിഗണനക്ക് എടുക്കേണ്ടത് ഈ ഗവൺമെൻറിന് അതിനുള്ള ക്രെഡിബിലിററി ഉണ്ടോ എന്നുള്ളതാണ്. ഇല്ലെന്നാണ് അപ്പുറ

LIBRARY ARCHIVES Kerala Legislative Assembly

ത്തുള്ളവർ പറയുന്നത്. മററാരുപറഞ്ഞാലും അതു കേൾക്കാൻ സുഖമുണ്ടായിരുന്നു. പക്ഷേ ജനതാ പാർട്ടിയിൽ പെട്ട ചില സുഹൃത്തുക്കൾ, അതും ഇപ്പോൾ പറയുന്നത് കേട്ടാൽ കൊള്ളരുതാത്ത ഒരു ഗവൺമെൻറ് അനാവശ്യമായി ചെലവ് ചെയ്യുന്ന ഒരു ഗവൺമെൻറായതുകൊണ്ട് ഇതു പാസ്സാക്കരുതെന്ന് പറയുന്നത് അതിക്രൂരമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. ഇൻഡ്യൻ ജനതയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ഏഴു മാസമായി കേന്ദ്ര ഗവൺമെൻറിൽ ഇല്ലാതിരുന്ന ഒരാൾ വീണ്ടും മന്ത്രിയായി വന്നു. It was a home without a Home Minister. അദ്ദേഹത്തിന് ധനകാര്യം വിട്ടുകൊടുത്തു. അദ്ദേഹം വന്നു 36 ദിവസം കഴിഞ്ഞപ്പോൾ ഇൻഡ്യൻ ജനതയെ സംബന്ധിച്ചിടത്തോളം അദ്ദേഹം ചരൺസിംഗല്ല, മിസ്ററർ മരൺസിംഗായി മാറി. ജനതാ പാർട്ടിയുടെ വിഴുപ്പലക്കാൻ വേണ്ടി വരുന്ന സോപ്പിനു വില കൂടി. ഇനി വിഴുപ്പലക്കണമെങ്കിൽ വില കൂട്ടിക്കൊടുത്ത് സോപ്പു വാങ്ങണം. അതുപോലെ പ്രസംഗിക്കുമ്പോൾ ഒന്നു സോഡ കുടിക്കണമെന്നു തോന്നിയാൽ അതിനും വില കൂട്ടി. അങ്ങനെ ഒരു ബഡ്ജററു കൊണ്ടുവന്നു പണ്ടു പറയുന്നതുപോലെ ഉപ്പു തൊട്ടു കർപ്പൂരം വരെ വില കൂടി. ഇനി എന്തിനാണ് ടാക്സ് ചെയ്യാനുള്ളത്? ഇവിടെ പല കണക്കുകളും പറഞ്ഞു. ഞാൻ കണക്കുകൾ ഉദ്ധരിക്കുന്നില്ല. സാധാരണ പറയും, Statistics is like a mini-skirt. It reveals many parts of the body but conceals the vital parts Of the body എന്ന്. ഒരു പാട് ഉപായം കാണിച്ച് ചെലവു മറച്ചു വെയ്ക്കുന്ന ഒന്നിനെയാണ് കണക്ക് എന്നു പറയുന്നത്. അതിൻെറ മിനി സ്കർട്ടാണ് ഈ കണക്കെന്നു പറയാറുണ്ട്. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. എന്താണ് സർ, ഈ ഗവൺമെൻറ് ഇന്ന് ഈ സഭയിൽ അനുമതി ചോദിക്കുമ്പോൾ ഇവിടെ പലരും അനുമതി കൊടുക്കരുതെന്നു പറഞ്ഞു. ഇതുവരെ ശമ്പളപരിഷ്കാരം അപര്യാപ്തമാണ്, കുറച്ചുകൂടി കൊടുക്കണമെന്നായിരുന്നു. എന്നാൽ അതിനുള്ള ബിൽ പാസാക്കി കൊടുക്കുകയില്ല. വിധവകളുടെ മക്കളെ വിവാഹം ചെയ്തു അയക്കാൻ സഹായധനം നൽകുന്നത് നല്ലതെന്ന് ആയിരുന്നു പറഞ്ഞത്. അതിനുള്ള പണം പാസാക്കിത്തരണമെന്നുപറഞ്ഞാൽ പാസാക്കിത്തരുകയില്ല. കാരണം ഈ ഗവൺമെൻറ് മോശപ്പെട്ട ഗവൺമെൻറാണ്. ആവശ്യമില്ലാതെ ചെലവിടുന്ന ഒരു ഗവൺമെൻറാണ് എന്നാണ് പറയുന്നത്. ഞാൻ പറയുന്നു, ഡൈബറിറിക് പേഷ്യൻറ് ആയ മന്ത്രിമാർ ഇവിടെയുണ്ട് അവർക്ക് കാറും വേണ്ട ഡ്രൈവറും വേണ്ട, കുറേ നടക്കുന്നത് തടി കുറയ്ക്കാനും ആരോഗ്യം വർദ്ധിപ്പിക്കാനും നല്ലതാണ്. പേഴ്സണൽ സ്ററാഫ് വേണ്ട മററു യാതൊന്നും വേണ്ട, ആ മാർഗ്ഗം സ്വീകരിച്ചാൽ നമുക്ക് ചെലവ് വളരെയേറെ കുറയ്ക്കുന്നതിനു കഴിയും. വെള്ളപ്പൊക്ക കാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ പോരാ എന്നായിരുന്നു പരാതി. അതിനെ ഒരു യുദ്ധകാല പരിതഃസ്ഥിതിയോടെ ഏറ്റെടുത്ത് സഹായം എത്തിച്ചു കൊടുത്ത ഒരു ഗവൺമെൻറാണ് ഇത്. അതിന് കാശു ചോദിക്കുമ്പോൾ തരുകയില്ല എന്നു പറയുന്നതിൽ എന്താണ് അർത്ഥം. ശ്രീമാൻ എം. കെ. കൃഷ്ണൻ ഈ ഗവൺമെൻറിന് തുക പാസാക്കിക്കൊടുക്കരുതെന്ന് പറയുന്നത് കാർഷികത്തൊഴിലാളികളുടെ പേരിൽ മുതലക്കണ്ണീർ ഒഴുക്കിക്കൊണ്ടാണ്. അദ്ദേഹത്തിന് ഇപ്പോൾ ഇഷ്ടദാനം എന്ന വാക്കുപോലും ഡിക്ഷണറിയിൽ നിന്നു മാററിയാൽ കൊള്ളാമെന്നു തോന്നും അദ്ദേഹത്തിൻെറ പ്രസംഗം കേൾക്കുമ്പോൾ. ആരോടൊക്കെ എത്ര വാൽസല്യം വേണം, സ്വന്തം ബന്ധുക്കളായാലും ആരോടെല്ലാം വാൽസല്യം ഉണ്ടോ അവർക്കെല്ലാം കൊടുക്കാമെന്നു നിയമത്തിൽ എഴുതിവെച്ച് ഈ സഭയിൽ കൊണ്ടുവന്ന ഒരു നേതാവിൻെറ ഇപ്പോഴത്തെ അനുയായിയാണ്

2/447/15

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണനെന്നുള്ള കാര്യം അദ്ദേഹം മറന്നുപോകരുത്. ആ പഴയ കഥകളൊക്കെ വീണ്ടും ഇപ്പുറത്തിരിക്കുന്നവരെക്കൊണ്ട് പറയിപ്പിക്കരുതെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

സർ, ഈ ഉപധനാഭ്യർത്ഥനകൾക്ക് അനുമതി സഭയോട് ചോദിക്കുമ്പോൾ തീർച്ചയായും ഭരണപക്ഷത്തിരിക്കുന്ന ഞങ്ങൾക്ക് ക്രിയാത്മകമായ ചില നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. പ്രതിപക്ഷത്തിരിക്കുന്ന സ്നേഹിതൻമാർ ചെയ്യുന്നതുപോലെ വെറുതെ ചടങ്ങിനു വേണ്ടിയുള്ള എതിർപ്പിനു വേണ്ടിയുള്ള എതിർപ്പല്ല. എന്റെ മാന്യ സ്നേഹിതൻ ശ്രീ. അഹമ്മദ് ചൂണ്ടിക്കാണിച്ചതുപോലെ പരമ്പരാഗതമായ ഒരു പരാതി നമ്മുടെ രാജ്യത്തെ ഉദ്യോഗസ്ഥൻമാരെക്കുറിച്ച് നിലനിൽക്കുന്നുണ്ട്. ഭാഗ്യവശാലോ നിർഭാഗ്യവശാലോ എം. എൽ. എ. മാരായി പോയിട്ടുള്ള ഞങ്ങൾക്ക് പോലും ഈ സെക്രട്ടേറിയററിലെ ഉള്ളിൽ കയറിയാൽ തിരിച്ചിറങ്ങാൻ വഴിയില്ലാതെ കാൽ പോയ പോലെയാണ് തോന്നിയിട്ടുള്ളത്. ഒരു കടലാസ് കൊടുത്താൽ തിരിച്ചുവരണമെങ്കിൽ ദൈവത്തോട് പ്രാർത്ഥിക്കണം! നിസാരകാര്യങ്ങൾക്കു പോലും. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനേയോ ഏതെങ്കിലും ഒരു വ്യക്തിയേയോ കുററപ്പെടുത്താൻ വേണ്ടിയല്ല ഞാൻ ഇതു പറയുന്നത്. നേരെമറിച്ച് ഇവിടെ ആരു ഭരിച്ചാലും, രാവണൻ ഭരിച്ചാലും, രാമൻ ഭരിച്ചാലും ഈ ഉദ്യോഗസ്ഥൻമാർ ശമ്പളം വാങ്ങും, സർക്കാർ കാര്യം മുറപോലെ നടക്കും എന്നുള്ളതിൽ എന്തെങ്കിലും മാററം വരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. വക്കം പുരുഷോത്തമൻ: പോലീസുകാരെല്ലാം കൂടി ഒരു കലാകാരനെ ട്രെയിനിലിട്ട് അടിച്ചു എന്നു കേട്ടിട്ട് ഒരു കലാകാരനായ അങ്ങേക്ക് അതിനെ പററി ഒന്നും പറയാൻ ഉണ്ടായിരുന്നില്ലേ?

ശ്രീ. കണിയാപുരം രാമചന്ദ്രൻ: ഇതുവരെ, ഇത്രയും ദിവസമായിട്ട് സാധാരണ ഗതിയിൽ ഒരു പോലീസുകാരൻ തുമ്മി എന്നു പറഞ്ഞാൽ ഉടൻ തന്നെ പ്രമേയവുമായി വരുന്ന ആളുകൾ പോലും, ഈ സഭയിൽ ഞങ്ങൾക്ക് അതിന് കഴിയുകയില്ലെന്നു അറിയാമല്ലോ. ശ്രീ. വക്കം പുരുഷോത്തമനെപോലുള്ള നിയമപണ്ഡിതൻമാർ പോലും ഇങ്ങനെ ഒരു കലാകാരനെ മർദ്ദിച്ചു എന്നു പരാതി വന്നിട്ട് മിണ്ടാതിരുന്നതു തന്നെ ശ്രീ. വക്കം പുരുഷോത്തമന് അതിനുള്ള മറുപടിയാണ്. അതിന്റെ സ്ക്രീൻ ഭാഗ്യയെപററി പറയാനുള്ള സമയമില്ലാത്തതുകൊണ്ട് ക്ഷമിക്കണം.

എനിക്ക് പറയാനുള്ളത് ഈ സമ്പ്രദായത്തിന്, ഇന്നുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തെങ്കിലും ക്രമീകരണം ഉണ്ടാക്കണമെന്നാണ്. അന്തരിച്ചു പോയ സുഗതൻ സാർ ഈ സഭയിൽ വെച്ച് പണ്ട് പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന് കഴിയുന്ന ഭാഷയിൽ പറഞ്ഞിട്ടുണ്ട്, സെക്രട്ടേറിയററ് ഇടിച്ചു നിരത്തി അവിടെ ചൊറിയണം വെയ്ക്കണം എന്ന്. ഞങ്ങൾക്ക് അതുപോലെ പറയാൻ നിവൃത്തിയില്ല. എങ്കിലും ഈ സഭയിലെ എല്ലാ അംഗങ്ങളും പൊതു പ്രവർത്തകരും നിസാരമായ ചെറിയ കാര്യങ്ങൾക്കുപോലും നിയമപരമായി തടസ്സമില്ലാത്ത കാര്യങ്ങൾക്കു പോലും അനുഭവിക്കേണ്ടി വരുന്ന ദൈനംദിന വൈഷമ്യങ്ങൾ കണക്കിലെടുത്ത് ഇന്നത്തെ ഈ ഔദ്യോഗിക നടപടി ക്രമത്തിൽ എന്തെങ്കിലും സാരമായ മാററം വരുത്തണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സർ, ഒരു സബ്മിഷൻ, ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ പ്രതിപക്ഷ നേതാവിന്റെ സ്റ്റാഫിന്റെ കാര്യത്തെക്കുറിച്ചു പറഞ്ഞു. വയ്ക്കാൻ അധികാരമുള്ള പി. എ., അഡീഷണൽ പി. എ., അസിസ്റ്റന്റ് പി. എ. ഇങ്ങനെയുള്ള പോസ്റ്റുകളിലൊന്നും ഞാൻ ആരേയും വെച്ചിട്ടില്ല. വയ്ക്കാവുന്നതാണ്, വച്ചിട്ടില്ല. വിമർശനമായിട്ടു പറയുകയല്ല. അതുപോലെതന്നെ പാർട്ടി ഫണ്ടു പിരിക്കുന്നതിനു പോകുന്നത് പാർട്ടിയുടെ വാഹനത്തിൽ തന്നെയാണ്. സ്റ്റേറ്റുവണ്ടി ഉപയോഗിച്ചിട്ടില്ല. തെറ്റിദ്ധരിക്കാതിരിക്കാൻ പറയുകയാണ്.

[Mr. Speaker in the Chair]

ശ്രീ. പി. സിറിയക്ക് ജോൺ: സർ, കേന്ദ്രത്തിലെ ജനതാ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജററിനെത്തുടർന്ന്, അതിന്റെ നടുക്കത്തിൽ നിന്ന് എങ്ങനെ ഒന്ന് പുനർജീവിക്കാൻ സാധിക്കും എന്നുള്ള വേവലാതിയുമായി കഴിയുമ്പോഴാണ് ഈ സപ്ലിമെന്ററി ഡിമാൻറ് നമ്മൾ ഇപ്പോൾ ഇവിടെ ചർച്ച ചെയ്യുന്നത്. ഈ ഡിമാൻറിനെ സംബന്ധിച്ചിടത്തോളം ചർച്ച ചെയ്യുമ്പോൾ ഇതിനെ സംബന്ധിച്ച് അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും ഒരുപാടു വിമർശനങ്ങളുണ്ടായി. ഇവിടെ പല സുഹൃത്തുക്കളും പറഞ്ഞതുപോലെ വിമർശനങ്ങൾക്കുവേണ്ടി മാത്രമുള്ള വിമർശനം എന്നതിൽ കവിഞ്ഞ് ഈ ഗവൺമെന്റിനെ എന്തെങ്കിലും അടിസ്ഥാനപരമായി വിമർശിക്കുന്നതിന്ന് ഇവരുടെ ആവനാഴി മുഴുവൻ തപ്പിയിട്ടും ഒന്നും കിട്ടിയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. സർ, കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ കേട്ടുകേൾവിയില്ലാത്ത തരത്തിലുള്ള വെള്ളപ്പൊക്കവും അതുപോലുള്ള പ്രകൃതി ക്ഷോഭവുമുണ്ടായി. ഇങ്ങനെ പ്രകൃതി ക്ഷോഭമുണ്ടായപ്പോൾ അതിന് ഇരയായിത്തീർന്ന ആളുകൾക്ക് ആശ്വാസം എത്തിച്ചു. അങ്ങനെ ആശ്വാസമെത്തിച്ചത് പോരാ പോരാ എന്ന് പരാതിപ്പെട്ടിരുന്ന ആളുകളാണ് ഇപ്പോൾ ഇവിടെ വന്നിരുന്ന് അതിനെ സംബന്ധിച്ചിടത്തോളമുള്ള ധനാഭ്യർത്ഥനകൾക്ക് അനുമതി നൽകുകയില്ല എന്നു പറയുന്നത്. അതുപോലെതന്നെ മററു പല ആശ്വാസ നടപടികളും ഈ രാജ്യത്തെ താഴ്ന്ന വരുമാനക്കാർക്കായാലും, ദുരിതമനുഭവിക്കുന്നവർക്കാകട്ടെ, അവശ ജനവിഭാഗങ്ങൾക്കാകട്ടെ അവർക്കുവേണ്ടി ഈ ഗവൺമെന്റ് ആവിഷ്കരിച്ചു. അവശ ജനവിഭാഗങ്ങളുടെ കണ്ണീരൊപ്പുന്നതിനു വേണ്ടി പല പരിപാടികളും ഈ ഗവൺമെന്റ് ആവിഷ്കരിച്ചു. ഇതൊക്കെ പ്രത്യുൽപ്പാദനപരമല്ലാത്ത നടപടികളാണെന്ന പേരിൽ ഈ ഗവൺമെന്റിന്റെ പരിപാടികളെല്ലാം പിൻതിരിപ്പൻ പരിപാടികളാണ്, ഗവൺമെൻറ് ധൂർത്തടിക്കുകയാണെന്നൊക്കെ പറഞ്ഞാൽ ''ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും, ചോര തന്നെ കൊതുകിനു കൗതുകം'' എന്നു പറയാറുള്ളതു പോലെയല്ലേ? ശ്രീ. സേവ്യർ അറയ്ക്കൽ പറയുന്നതാണ് ഏററവും വിചിത്രം. ഈ കൊച്ചു കേരളത്തിൽ 26 ഡി. ഐ. ജി. മാരേയും ഏഴ് ഐ. ജി. മാരേയും അതുപോലുള്ള പോലീസ് ഓഫീസറൻമാരേയും ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിച്ച് സ്വന്തം കൃത്രിമങ്ങൾ മൂടി വെയ്ക്കാൻ അവരെ പ്രീണിപ്പിച്ച ശ്രീ. കരുണാകരന്റെ അനുയായികളാണ് ഇതു പറയുന്നത്. ''കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലി'' എന്നു പറഞ്ഞ തരത്തിൽ ഈ രാജ്യത്തെ വനം മുഴുവനും പാറുക്കുട്ടിയമ്മയ്ക്കും, ശങ്കരനാരായണനും

LIBRARY ARCHIVES Kerala Legislative Assembly

പതിച്ചു കൊടുത്ത അടിയോടിയുടെ അനുയായിയായ അറയ്ക്കലൊണ് പറയുന്നത്. ഇത് വിചിത്രം മാത്രമല്ല, കൗതുകകരം കൂടിയാണ്. അതുപോലെ അവരുടെ ധൂർത്തിനെ സംബന്ധിച്ചിടത്തോളമൊന്നും ഞാൻ അധികം വിസ്തരിക്കുന്നില്ല.

സർ, ഇവിടെ ഈ ധനാഭ്യർത്ഥനകളിൽ പ്രധാനമായിട്ടുള്ളത് ശമ്പളപരിഷ്കരണത്തെ സംബന്ധിച്ചാണ്. ഇവിടത്തെ താഴ്ന്ന ശമ്പളക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് ജീവിക്കാനുതകുന്ന വേതനം നൽകണം. അതേയവസരത്തിൽ ശമ്പളം വർദ്ധിപ്പിച്ചു കൊടുക്കുമ്പോൾ, അവർക്ക് ശമ്പളം വർദ്ധിപ്പിച്ചു കൊടുക്കുന്നതുവഴി ഭാരം പേറേണ്ട ജനങ്ങളോടുള്ള ഉത്തരവാദിത്വം അവർ നിർവ്വഹിക്കുന്നുണ്ടോ? അവർ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും സംവിധാനം ആവശ്യമാണ്. എന്താണ് ഇവിടെ ഇന്നു നടക്കുന്നത്. പല സുഹൃത്തുക്കളും ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഏകാഭിപ്രായക്കാരാണ്. അപ്പുറത്തുള്ളവരായാലും ശരി, ഇപ്പുറത്തുള്ളവരായാലും ശരി. അങ്ങനെയാണെങ്കിൽ ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കുന്നതിനെ സംബന്ധിച്ചിടത്തോളം യോജിച്ചുള്ള ഒരു സമീപനം സ്വീകരിക്കണം. കേവലം സങ്കുചിത രാഷ്ട്രീയ പരിഗണനകളേക്കാളുപരി ഈ രാജ്യത്തെ ജനങ്ങളുടെ താൽപ്പര്യത്തിന് മുൻതൂക്കം കൊടുക്കണം. താൽക്കാലികമായ രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി ആരേയും പ്രീണിപ്പിക്കുന്ന പരിപാടി ഉപേക്ഷിച്ച് അടിസ്ഥാനപരമായി ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയാണെങ്കിൽ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളംവർദ്ധിപ്പിച്ചു കൊടുക്കണം. ശമ്പളം വർദ്ധിപ്പിച്ചു കൊടുക്കുന്നതിലല്ല വിരോധം. അവർ അതിനനുസൃതമായി ജനങ്ങൾക്ക് സേവനം ചെയ്യുന്നുണ്ടോ? ശമ്പളം വർദ്ധിപ്പിക്കുന്നതിന്റെ അനുപാതത്തിൽതന്നെ ഉദ്യോഗസ്ഥൻമാരുടെ തസ്തികകൾ വർദ്ധിപ്പിക്കുന്നതിന്റെ അനുപാതത്തിൽ തന്നെ കാര്യക്ഷമത ഇല്ലായ്മയും ജോലി ചെയ്യാതിരിക്കലും അതേ അനുപാതത്തിൽ വർദ്ധിക്കുന്നുണ്ട്. അതുകൊണ്ട് വർക്കിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും ക്വാണ്ടം നിശ്ചയിക്കണം. വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. മറ്റൊരു കാര്യം പുതിയ തസ്തികകൾ അനിവാര്യമായിരിക്കാം. പുതിയ തസ്തികകൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു മൊറട്ടോറിയം വേണം. പല ഡിപ്പാർട്ടുമെൻറുകളിലും വളരെ ഐഡിലായിട്ട് എത്രയോ ഉദ്യോഗസ്ഥൻമാരുണ്ട്. ഞാൻ എം. എൽ എ. ക്വാർട്ടേഴ്സിൽ താമസിക്കുന്ന ആളാണ്. ദിവസംപ്രതി ഞങ്ങൾ കാണുന്ന ഒരു കാഴ്ചയുണ്ട്. യൂണിവേഴ്സിററി ആഫീസ് എം. എൽ. എ. ക്വാർട്ടേഴ്സിന്റെ അടുത്താണ്. അവിടെയിരുന്നാൽ രാവിലെ മുതൽ ഉദ്യോഗസ്ഥൻമാരും ഉദ്യോഗസ്ഥകളും കൂട്ടം കൂട്ടമായി എം. എൽ. എ. ക്വാർട്ടേഴ്സിലെ ക്യാൻറീനിൽ വന്ന് ചായ കുടിക്കുന്നതും പോകുന്നതും കാണാം. ദിവസത്തിൽ കൃത്യനിർവ്വഹണത്തിനുള്ള സമയത്തിൽ ഭൂരിഭാഗവും ഇങ്ങനെ ചെലവഴിക്കുന്നതായാണ് കാണാൻ സാധിക്കുന്നത്. ഇതാണ് ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തിയെന്നുണ്ടെങ്കിൽ ഈ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം കൂടുതൽ കൂടുതൽ തസ്തികകൾ ഉണ്ടാക്കി ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചുകൊണ്ട് അത്രയും ഭാരം ജനങ്ങൾക്കുണ്ടാക്കിക്കൊണ്ടിരിക്കുന്നത് ശരിയല്ല. ജനങ്ങളുടെ പ്രശ്നങ്ങൾക്കാണെങ്കിൽ പരിഹാരം കാണുന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ഉദ്യോഗസ്ഥൻമാർ കുന്നുകൂടിക്കിടക്കുന്ന സ്ഥലങ്ങളിൽ നിന്ന് കൂടുതൽ ഉദ്യോഗസ്ഥൻമാരെ സൃഷ്ടിക്കേണ്ട അനിവാര്യമായ പോസ്റ്റുകളിലേയ്ക്ക് മാററികൊണ്ട് ജോലികൾ കാര്യക്ഷമമായി നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം. അല്ലാതെ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ജനങ്ങളുടെ മേൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കാതിരിക്കുകയാണ് നല്ലത്.

സർ, മററു ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യുൽപാദനപരമല്ലെന്നു കുററപ്പെടുത്തുന്നുണ്ടെങ്കിലും പല കാര്യങ്ങളും ഈ ഗവൺമെൻറു രാജ്യത്തിനുവേണ്ടി ചെയ്യുന്നുണ്ട്. ഉദാഹരണമായി പറഞ്ഞാൽ കശുവണ്ടിക്ക് കഴിഞ്ഞ വർഷം ഉണ്ടായ സ്ഥിതിവിശേഷം നമുക്കറിയാം. പ്രത്യുൽപ്പാദനപരമല്ലെങ്കിൽപോലും ഈ രാജ്യത്തെ ലക്ഷക്കണക്കിനുകശുവണ്ടി കർഷകരെ സംബന്ധിച്ചിടത്തോളം വളരെ കൂടുതൽ ആശ്വാസമുണ്ടായിട്ടുണ്ട്. അതുപോലെ തന്നെ പരമ്പരാഗതമായ ആ വ്യവസായം നിലനിർത്താൻ സാധിച്ചു എന്നു മാത്രമല്ല ലക്ഷക്കണക്കിനു കശുവണ്ടി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ഉപജീവനം നിർവ്വഹിക്കുവാനും സാധിച്ചു. അതിനു വേണ്ടി ചെലവഴിക്കുവാൻ പാടില്ല, അതിനുവേണ്ടിയുള്ള ധനാഭ്യർത്ഥനകൾ അംഗീകരിക്കുകയില്ല എന്ന വാദഗതി വിചിത്രമല്ലേ? വ്യവസായ വകുപ്പുമന്ത്രി ഇവിടെ ഇപ്പോഴില്ല. പക്ഷേ ഗവൺമെൻറിനോടു എനിക്കു ഒരു കാര്യം സൂചിപ്പിക്കുവാനുണ്ട്. കഴിഞ്ഞ വർഷം കശുവണ്ടിയുടെ വിലയെ സംബന്ധിച്ചിടത്തോളം അയഥാർത്ഥ്യമായിരുന്നു. അന്തർദ്ദേശീയ വിലയുമായി പൊരുത്തപ്പെടാത്തതായിരുന്നു എന്നൊരു വാദഗതിയുണ്ട്. ഒരു പരിധിവരെ അതിനോടു യോജിക്കാം. പക്ഷേ ഈ വർഷം കശുവണ്ടിയുടെ വില നിർണ്ണയിച്ചതു യാഥാർത്ഥ്യബോധത്തോടു കൂടിയാണോ? ഇന്നു കശുവണ്ടിയുടെ കുത്തക സംഭരണം നടത്താൻ സാധിക്കുന്നുണ്ടോ? കശുവണ്ടി മുഴുവൻ ഇന്നു അയൽ സംസ്ഥാനങ്ങളിലേയ്ക്കു കടത്തിക്കൊണ്ടിരിക്കുകയാണ്. അയഥാർത്ഥമായ വില നിശ്ചയിച്ചതുകൊണ്ട് തോട്ടണ്ടി മുഴുവൻ അയൽ സംസ്ഥാനങ്ങളിലേയ്ക്കു പോകുന്നതുകൊണ്ട് ഈ വ്യവസായം ഇവിടെ നിന്നും പൂർണ്ണമായും നിഷ്ക്കാസിതമാകും, തൊഴിലാളികൾ പട്ടിണിയിലാകും. കർഷകരെ സംബന്ധിച്ചിടത്തോളം താൽക്കാലികമായി അയൽ സംസ്ഥാനങ്ങളിലേയ്ക്കു പോകുന്നതുവഴി വിലക്കൂടുതൽ കിട്ടുമെങ്കിലും അതുവഴി ഉള്ള ആപത്തുകൾ കാരണം അടുത്ത വർഷം ഇത്തരത്തിലുള്ള കുത്തക സംഭരണത്തെ സംബന്ധിച്ച് തിരുത്തി ചിന്തിക്കണമെന്നു നിലപാടുണ്ടാവുകയും അതുവഴി കശുവണ്ടി വ്യവസായികളുടെ ഇഷ്ടത്തിനനുസരിച്ച് കശുവണ്ടിയുടെ വില നിശ്ചയിക്കുകയും അങ്ങനെ കൃഷിക്കാർക്കു ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷമുണ്ടാകുമെന്നുള്ളത് ഗവൺമെൻറ് കണക്കിലെടുക്കണം. അതിൻെറ അടിസ്ഥാനത്തിൽ യാഥാർത്ഥ്യ ബോധത്തോടുകൂടി കശുവണ്ടിയുടെ വില പുനർനിർണ്ണയം ചെയ്യണമെന്നു ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

അതുപോലെ തന്നെ മററു വികസനപരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളവും ഇവിടെ ധനാഭ്യർത്ഥനകളുണ്ട്. സർ, ഇതിനെ സംബന്ധിച്ചു പറയുമ്പോൾ ഇവിടെ പലരും സൂചിപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ തന്നെയാണ് എനിക്കും പറയുവാനുള്ളത്. കേന്ദ്ര ഗവൺമെൻറു സംസ്ഥാനങ്ങളോടു കാണിക്കുന്ന അവഗണനയെ സംബന്ധിച്ചിടത്തോളം വളരെ ശക്തിയായ അഭിപ്രായമുള്ളവരാണ്, യോജിപ്പുള്ളവരാണ് നമ്മൾ. അങ്ങനെയാണെങ്കിൽ അതു നമുക്കും ബാധകമാകണ്ടേ സർ? നമ്മുടെ സംസ്ഥാനത്തിലുള്ള ഏതെങ്കിലും പ്രത്യേക പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം, അല്ലെങ്കിൽ തലസ്ഥാന നഗരിയിൽനിന്നും അകന്നുള്ള സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം അവിടത്തേയ്ക്കു നോട്ടമെത്തുകയില്ല. ഇവിടെ ഈ അവഗണനാപരമായ സമീപനമാണെങ്കിൽ നമുക്കു കേന്ദ്ര ഗവൺമെൻറിനെ കുറ്റപ്പെടുത്തുവാൻ ധാർമ്മികമായ അർഹതയില്ല. അതുകൊണ്ട് ഈ അവഗണന ഒന്ന് അവസാനിപ്പിക്കണം. ഞാൻ ഇതിനെ സംബന്ധിച്ചിടത്തോളം അവഗണനയെന്നു വിശേഷിപ്പിക്കുന്നില്ലെങ്കിൽപോലും ഒരു പക്ഷേ നോട്ടമെത്താത്തതുകൊണ്ടായിരിക്കാം. ഏതായാലും അതവസാനിപ്പിക്കണം. മലയോര പ്രദേശങ്ങളെ സംബന്ധിച്ചു പറഞ്ഞാൽ വയനാടു പ്രത്യേക ജില്ലയാക്കണമെന്നുള്ള ആവശ്യമുണ്ട്. ഒരു റവന്യൂ ഡിവിഷൻ ആയി ഗവൺമെൻറു പ്രഖ്യാപിച്ചിട്ടുണ്ട്. അതു ജില്ലയുടെ മുന്നോടി എന്ന നിലയിലാണ് ഞങ്ങൾ ഇപ്പോഴും അതിനെ കാണുന്നത്. അതിനേക്കാൾ വളരെ കൂടുതൽ പിന്നോക്കാവസ്ഥയിലുള്ള മലയോര പ്രദേശങ്ങളുണ്ട്. വയനാടുമല്ല, അതേ സമയം തീരപ്രദേശവുമല്ല. അതിന് ഇടയിലുള്ള മലയോര പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം സ്ഥിതി വളരെ ശോചനീയമാണ്. അവിടത്തേയ്ക്കു ഇത്തരത്തിലുള്ള വികസനമൊന്നും കാര്യമായി ഇതേവരെ എത്തിയിട്ടില്ല. അങ്ങനെയുള്ള പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും നിലയിലുള്ള ഒരു മാററമുണ്ടാകണം. ആ പ്രദേശത്തിനു മാത്രമായി ഏതെങ്കിലും സംവിധാനമുണ്ടാകണം. അതുകൊണ്ട് വളരെ ശക്തിയായി മലയോരപ്രദേശത്തെ ആളുകൾ പറയുന്നത് ഒരു മലയോര വികസന അതോറിട്ടി വേണമെന്നാണ്. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമായി പരിഗണിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മററു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ വളരെയധികം കാര്യങ്ങൾ ഈ ഗവൺമെൻറിൻെറ നേട്ടങ്ങളായിട്ടുണ്ട്. അതിനെ സംബന്ധിച്ചൊന്നും വളരെ ദീർഘമായി ഞാൻ ഈ അവസരത്തിൽ സംസാരിക്കുന്നില്ല. ഈ ഗവൺമെൻറ് ധൂർത്തടിക്കുകയാണ്. ഈ ഗവൺമെൻറിനു കാര്യക്ഷമതയില്ല ഇതുപോലെയുള്ള സ്ഥിരം പല്ലവികളാണ് ഇവിടെ കേട്ടിട്ടുള്ളത്. അതു പറഞ്ഞ കൂട്ടത്തിൽ ശ്രീ. സേവ്യർ അറയ്ക്കൽ ഞാൻ ഉൾക്കൊള്ളുന്ന രാഷ്ട്രീയ പാർട്ടിയെ സംബന്ധിച്ചിടത്തോളം പരാമർശിക്കാതിരുന്നില്ല. എനിക്കു മറെറാന്നും പറയാനില്ല. അങ്ങനെ ഒന്നും ശ്രീ. സേവ്യർ അറയ്ക്കൽ അദ്ദേഹത്തിൻെറ പാർട്ടിയെപ്പററി ഊററം കൊള്ളേണ്ട എന്നു മാത്രമാണ് എനിക്കു പറയാനുള്ളത്. അടുത്ത നാളുകളിൽ ബീഹാറിലെ സന്തോഷ് നിയോജകമണ്ഡലത്തിലെ സന്ദേശം ശ്രീമാൻ സേവ്യർ അറയ്ക്കലിനു ഒരു പാഠമാകണമെന്നു മാത്രമാണ് എനിക്കു പറയുവാനുള്ളത്. ഇന്ന് ഒരു പ്രത്യേക കോടതിയെ സംബന്ധിച്ച നിയമം കേന്ദ്ര പാർലമെൻറിൻെറ പരിഗണനയിൽ വന്നിരിക്കുന്ന സാഹചര്യത്തിൽ ശ്രീ. സേവ്യർ അറയ്ക്കലും അദ്ദേഹത്തിൻെറ പാർട്ടിയുടെ നേതാവ് ശ്രീമതി ഇന്ദിരാഗാന്ധിയും എല്ലാം ഈയവസരത്തിൽ കുറേക്കൂടി പാർലമെൻറിൽ ഏകോപിച്ച് ആ ബില്ലിനെതിരായി ഒരു നിലപാട് കൊണ്ടുവരുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം താൽപ്പര്യം കാണിക്കുന്നുണ്ടാകും. അതേയവസരത്തിൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ മകൻ സഞ്ജയ് ഗാന്ധിയും അദ്ദേഹത്തിൻെറ കൂട്ടാളിയായ

LIBRARY ARCHIVES Kerala Legislative Assembly

ശുകൾളയുമെല്ലാം കോടതിയിൽ എന്തായിട്ടാണ് നിൽക്കുന്നതെന്ന് നമുക്കറിയാം. ഇതിനെ സംബന്ധിച്ച് ജഡ്ജിയുടെ മുൻപാകെ കാണിച്ച കോപ്രായങ്ങളും ഈ രാജ്യത്തെ ജനങ്ങൾ കാണുന്നുണ്ട്. ഇവർ ജനാധിപത്യത്തെ സംബന്ധിച്ചാണ് പറയുന്നത്. ജനാധിപത്യത്തിന്റെ മാതൃക ഞങ്ങൾ കണ്ടു. ശ്രീ. അറയ്ക്കൽ ഇവിടെ ഫാസിസത്തെ സംബന്ധിച്ച് പരിഹസിക്കുന്നതു കേട്ടു. ആ ഫാസിസത്തിന്റേയും ജനാധിപത്യത്തിന്റേയും മാതൃക ഞങ്ങൾ കണ്ടു. ബസ്സിൽ യാത്ര ചെയ്ത പാവപ്പെട്ടയാളുകളെ പുറത്തിറക്കി വിടുകപോലും ചെയ്യാതെ പെട്രോൾ ഒഴിച്ചു ജീവനോടെ ചുട്ടു കരിച്ച ജനാധിപത്യത്തിന്റെ മാതൃക ഞങ്ങൾ കണ്ടു. എന്നിട്ട് അവകാശവാദവുമായി നടക്കുന്നു. ജയിലി ലേക്കു പോകുമ്പോൾ പ്രക്ഷോഭണം സംഘടിപ്പിക്കുവാൻ അനുയായി കളോടു പറഞ്ഞിട്ടാണ് പോയിട്ടുള്ളത്. ആ പ്രക്ഷോഭണം സംഘടി പ്പിച്ചിട്ടുള്ളത് എങ്ങനെയാണ്? അനുയായികളിൽ വിശ്വാസമില്ലായ്മയല്ലേ അത്? അതല്ലെങ്കിൽ അനുയായികൾ സ്വയം പ്രക്ഷോഭണം സംഘടിപ്പി ക്കുകയില്ലേ? താനില്ലെങ്കിൽ എന്തു ചെയ്യണമെന്നു നിശ്ചയമില്ലാത്ത അനുയായികൾ ആണെന്നറിയാമെന്നുള്ളതുകൊണ്ട് ജയിലിലേയ്ക്കു പോകുമ്പോൾ അനുയായികളോടു ആഹ്വാനം നടത്തി, പ്രക്ഷോഭണം സംഘടിപ്പിക്കുവാൻ. നടത്തിയ പ്രക്ഷോഭണമോ? അതിന്റെ സാമ്പിൾ എന്താണ്? (പ്രതിപക്ഷത്തു നിന്നുള്ള ഇടപെടൽ)..................... പാവപ്പെട്ട ആളുകൾ എന്തു പിഴച്ചു? നിങ്ങളുടെ ജനാധിപത്യത്തിന്റേയും ഫാസിസത്തിന്റേയും മാതൃക ഞങ്ങൾ കണ്ടു. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി രാജനും, വർക്കല വിജയൻനായരും എല്ലാം ഫാസിസത്തിന്റെ സാമ്പിളുകളാണ്. അതുകൊണ്ട് ചില്ലുമേടയിൽ ഇരുന്നുകൊണ്ട് കല്ലെറിയാൻ മിനക്കെടരുതെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ഡോ. കെ. ജി. അടിയോടി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ചടങ്ങിനു വേണ്ടിയല്ല ഞാൻ എതിർക്കുന്നത്. ചടങ്ങിനു വേണ്ടി അനുകൂലിച്ചു സംസാരിച്ചവരെ ഞാൻ അനുമോദി ക്കുകയും ചെയ്യുന്നു. പലരും വിശേഷണങ്ങൾ വെച്ചുകൊണ്ട് എന്റെ പാർട്ടിയേയും നേതാക്കൻമാരേയും ആക്ഷേപിച്ച് ഇവിടെ മൂന്നാം ചേരിക്കു കുറേക്കൂടി ശക്തി കൂട്ടാൻവേണ്ടി ഒരു പരിശ്രമം നടത്തി. പക്ഷേ അതെല്ലാം ഉറക്കത്തിൽ എന്തോ ശബ്ദമുണ്ടാക്കി എന്ന് ഞാൻ കരുതുക യാണ്. അതർഹിക്കുന്ന അവജ്ഞയോടു കൂടി ഞാൻ തള്ളിക്കളയുന്നു.

സർ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ടു രണ്ടു കൊല്ലം കഴിഞ്ഞു. ഈ രണ്ടു വർഷം ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവൺ മെൻറിനെ പററി വിലയിരുത്താൻ സാധിക്കുന്നത് ഈ ഗവൺമെൻറിന്റെ നേട്ടങ്ങൾ കണക്കിലെടുത്തും മററു രീതിയിലുള്ള പ്രവർത്തനങ്ങൾ വില യിരുത്തിയുമാണ്. ആദ്യമായി ഈ സഭയിൽ ബഡ്ജററ് അവതരിപ്പി ച്ചത് എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. സി. എച്ച്. മുഹമ്മദ് കോയയാണ്. അധികാരമേററു മൂന്നു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം ഒരു ബഡ്ജററ് അവതരിപ്പിച്ചു. അതിൽ പ്രത്യേകം എടുത്തു പറഞ്ഞ കാര്യങ്ങൾ ഞാൻ ഇവിടെ വായിക്കുവാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

"Notable progress was achieved in many fields. Nevertheless we have a long way to go. What has been achieved till now is quite meagre, compared to what remains to be done. The agriculturists suffering from the impact of the decline in price of agricultural produce, the Fishermen struggling day in and day out in the high seas for their livelihood, the depressed and down-trodden classes of Harijans, Adivasis and others in the lower rungs of society and the ordinary consumers who are exposed to the exploitations of greedy middlemen have very high expectations in voting us to power".

അതോടൊപ്പം തന്നെ അദ്ദേഹം പറഞ്ഞിരിക്കുകയാണ്

"Let me take this opportunity to assure them that all further steps necessary will be taken with a sense of urgency to relieve their distress."

അതിനു ശേഷം അതിനുള്ള മാർഗ്ഗങ്ങളേയും അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

"Past experience shows how miraculous achievements can be made by linking natural resources with human resources".

അതിനു ശേഷം വന്ന ധനകാര്യമന്ത്രി ശ്രീ. എം. കെ. ഹേമചന്ദ്രൻ പണ്ടൊരിക്കലുമില്ലാത്ത നിലയിൽ ഒരു പ്രത്യേക പ്രസ്താവനയോടു കൂടി ആണ് മുന്നോട്ടു വന്നിട്ടുള്ളത്. അതിൽ അദ്ദേഹം ഊന്നി പറഞ്ഞ ഒരു കാര്യം 'ചുരുക്കി പറഞ്ഞാൽ ആറാം പദ്ധതിക്കാലത്തെ ഭരണ വികസന രംഗങ്ങളിലൊട്ടാകെ വരുത്തേണ്ട ചലനങ്ങൾക്കു അടിത്തറ പാകുന്ന പ്രവർത്തനങ്ങൾക്കു മുൻഗണന നൽകിക്കൊണ്ടു കൂടി വേണം ഈ വർഷത്തേയും അടുത്ത വർഷത്തേയും ബഡ്ജററിനു രൂപം നൽകാൻ' എന്നാണ്. പിന്നീട് അദ്ദേഹം ഊന്നി പറയുകയാണ് 'വികസന പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഗവൺമെൻറും ഗവൺമെൻറുടമയിലുള്ള സ്ഥാപനങ്ങളും നേരിട്ടു നടപ്പാക്കുന്ന പരിപാടികൾ മാത്രം കണക്കിലെടുത്താൽ പോരാ; ഇവ വികസന പ്രക്രിയയുടെ ഒരംശം മാത്രമേ ആകുന്നുള്ളു. കർഷകർ, വ്യവസായികൾ, വ്യാപാരികൾ, എന്നിങ്ങനെ വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന സ്വകാര്യ വ്യക്തികളുടെ പ്രവർത്തനങ്ങളും സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിൽ ഒട്ടും അപ്രധാനമല്ലാത്ത പങ്കു വഹിക്കുന്നുണ്ട്'. അതുകൊണ്ട് എല്ലാപേരെയും പങ്കെടുപ്പിച്ചുകൊണ്ട് ഇക്കാര്യങ്ങൾ നടത്തണമെന്നു വീണ്ടും എടുത്തു പറയുന്നുണ്ട്. 'അഖിലേന്ത്യാ ധനകാര്യസ്ഥാപനങ്ങളും ദേശവൽകൃത ബാങ്കുകളും വ്യാവസായികമായും മററും പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിലേക്കും പ്രദേശങ്ങളിലേക്കും ബോധപൂർവ്വം സാമൂഹ്യകാഴ്ച്ചപ്പാടോടുകൂടി ശ്രദ്ധ പതിപ്പിച്ചിട്ടില്ലെന്നു കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും'. അതായത് ഐ. ഡി. ബി. ഐ. 3.2 ശതമാനം മാത്രമേ കേരളത്തിനാകെ ചെലവാക്കിയ പണത്തിൻെറ വിഹിതത്തിൽ നൽകിയിട്ടുള്ളു. ഐ. എഫ്. സി. 3.3 ശതമാനം ഐ. സി. ഐ. സി. ഐ. 2.1 ശതമാനം എ. ആർ. ഡി. സി. 1.1 ശതമാനം. അപ്പോൾ ഇവരുടെയെല്ലാം സഹായം വേണ്ടിടത്തോളം ഇതിലേക്കു കണക്കിലെടുക്കുകയും അതിൻെറ അടിസ്ഥാനത്തിൽ മററു എല്ലാ ആളുകളുടേയും

LIBRARY ARCHIVES Kerala Legislative Assembly

സഹായത്തോടുകൂടി ഇവിടെ പ്രത്യുൽപ്പാദന രംഗത്തു പ്രവർത്തിക്കുകയും ചെയ്യുമെന്നു വാഗ്ദാനം ചെയ്തിരുന്നു. അതോടൊപ്പം ഈ രണ്ടാമത്തെ പ്രസ്താവനയിൽ നിരവധി കാര്യങ്ങൾ, അതായത് ഓരോ രംഗത്തും വരുത്താൻ പോകുന്ന മാററങ്ങളെക്കുറിച്ചുള്ള ചൂണ്ടുപലക കാണിച്ചിട്ടുണ്ട്. കുറേ പേജുകൾ ഇതിനു വേണ്ടിത്തന്നെ ചെലവാക്കിയിട്ടുണ്ട്.

പാരാ 11-ൽ വ്യവസായ സംരംഭങ്ങൾക്കും ജലസേചനത്തിനും മററുമായി '. . . . . . . ഇവ നടപ്പിലാക്കുന്നതിനുവേണ്ടി ഈ വർഷം 50 ലക്ഷം രൂപ വക കൊള്ളിക്കുന്നതാണ്'' എന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ പാരാ 11 മുതൽ 33 വരെ തുടർന്നു പോകുകയാണ്. അതിൽ അവശൻമാർ, അംഗവിഹീനർ എന്നു വേണ്ട എല്ലാ മേഖലകളിലും പെട്ട ആളുകൾക്കു 35 ലക്ഷം 10 ലക്ഷം 30 ലക്ഷം ഒന്നരക്കോടി ഇങ്ങനെ വകകൊള്ളിച്ച് ഇക്കാര്യങ്ങൾ ത്വരിതഗതിയിൽ നടപ്പിലാക്കുമെന്നു പറഞ്ഞിരിക്കുകയാണ്. സാമ്പത്തികവും സാമൂഹ്യവും സാംസ്ക്കാരികവും ആയ ഉന്നമനത്തിനു വേണ്ടി കൂടുതൽ തുക ഈ വർഷം തന്നെ ബഡ്ജററിൽ ഉൾക്കൊള്ളിക്കാത്തത് ചെലവാക്കുമെന്നാണ് പ്രതിജ്ഞ. അതിനുശേഷം വീണ്ടും ഒരു ബഡ്ജററ് വന്നു. അത് 1978-79ലേക്കുള്ള ബഡ്ജററ് മാർച്ച് 14-ാം തിയ്യതിയാണ് സമർപ്പിക്കുന്നത്. അതിലും ഇതേ മാതിരിതന്നെ ബഡ്ജററിൽ വക കൊള്ളിക്കാത്തതിനപ്പുറത്ത് ഇനി ചെലവാക്കാൻ പോകുന്ന തുകകളെ പററിയുള്ള കണക്കുകളുണ്ട്. ഇതെല്ലാം വെച്ചു നോക്കുമ്പോൾ അന്നു വാഗ്ദാനം ചെയ്ത, പ്രത്യുൽപ്പാദന രംഗത്തു ചെലവാക്കാൻ തീരുമാനിച്ച തുക ഒന്നും കഴിഞ്ഞ സപ്ലിമെൻററി ഡിമാൻറിലോ ഇന്നു നിയമസഭയുടെ മുന്നിൽ വന്ന സപ്ലിമെൻററി ഡിമാൻറിലോ ചെലവാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇന്നിപ്പോൾ ഭരണ കക്ഷിയിൽനിന്നും പ്രസംഗിക്കുന്ന ആളുകൾ എല്ലാം വെള്ളപ്പൊക്ക നിവാരണത്തിനു വേണ്ടി ചെലവഴിച്ച പണത്തെ കണക്കിലെടുത്തുകൊണ്ട് ആ കച്ചിത്തുരുമ്പ് പിടിച്ചു രക്ഷപ്പെടാൻ ആണ് ശ്രമിക്കുന്നത്. പ്രത്യുൽപ്പാദന രംഗത്തല്ലെങ്കിലും ഈ വകയിൽ ചെലവാക്കിയ പണം മുഴുവൻ പൊതുജനോപകാരപ്രദമായ നിലയിലാണ് എന്നും, ചന്ദ്രഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യത്തു ശമ്പള പരിഷ്ക്കരണം നടത്തിയിരിക്കുന്നു, അതിൽ എല്ലാ ആളുകളും സംതൃപ്തരാണ് എന്നെല്ലാമാണ് ഇവർ പറയുന്നത്. ഇന്നുതന്നെ സ്റെറനോഗ്രാഫർമാർ ഈ സെക്രട്ടേറിയററു പടിക്കൽ സത്യഗ്രഹ സമരം നടത്തുകയാണ്. ഈ ശമ്പള പരിഷ്ക്കരണത്തിൽ ഒരു നയാപൈസപോലും അവരുടെ ശമ്പളത്തിൽ നേട്ടമായി ഉണ്ടായിട്ടില്ലെന്നുള്ളതാണ് അവരുടെ ആക്ഷേപം. അതുപോലെ തന്നെ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പത്രപ്രവർത്തകർക്കു വീടുകൾക്കുള്ള സ്ഥലം കൊടുക്കാൻ പോകുന്നു എന്നും അതുപോലെ എല്ലാ ആളുകൾക്കും വീട് ഉണ്ടാക്കിക്കൊടുക്കുന്നു എന്നും പ്രഖ്യാപനം നടത്തിയിട്ടുണ്ടായിരുന്നു. അതുപോലെ ഹോസ്ററലിനും ഹരിജനങ്ങൾക്കും ഫിഷർമെന്നും എല്ലാം ലക്ഷക്കണക്കിനു രൂപ വക കൊള്ളിക്കുമെന്നു പ്രഖ്യാപിച്ചിട്ടുള്ളത് എന്തായി എന്നറിയില്ല. നിയമസഭയിൽ അവതരിപ്പിക്കാതെ മറെറതെങ്കിലും വഴിയിൽകൂടി ചെലവാക്കാൻ കഴിയുമോ എന്നെനിക്കറിയില്ല. വാഗ്ദാനങ്ങൾ നിയമസഭയുടെ മുന്നിൽ വെച്ചുകൊണ്ട് അവസാനം സപ്ലിമെൻററി ഗ്രാൻറ്സിൽ പണം വകയിരുത്താതെ ചെലവു ചെയ്യാൻ മാർഗ്ഗമുണ്ടോ എന്ന് ഞങ്ങൾക്കറിയുകയില്ല. പ്രത്യുൽപ്പാദനരംഗത്ത് അല്ലെങ്കിൽ ദുരിതാശ്വാസ രംഗത്ത് പണം ചെലവാക്കിയെങ്കിൽ ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിയുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2 വർഷത്തെ ഈ രംഗത്തെ പ്രവർത്തനം പരിശോധിച്ചാൽ വാഗ്ദാനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ലെന്നു കാണാൻ കഴിയും. പണ്ട് ഓരോ ദിവസവും ഓരോ മന്ത്രിമാർ ഓരോ സ്ഥലത്തുനിന്നും പത്ര പ്രസ്താവന പുറപ്പെടുവിക്കാറുണ്ടായിരുന്നു. ലക്ഷക്കണക്കിനു വീടുകളുടെ കാര്യം ഒരു ഭാഗത്ത്, ഇത്രയും ഹോസ്റ്റലുകൾ ഇന്നയിന്ന സ്ഥലത്ത്, കൂടുതൽ ബസ്സുകൾ, ഇത്രയും ആശുപത്രികൾ ഇങ്ങനെ ഓരോ ദിവസവും ഈ മന്ത്രിമാരുടെ പ്രഖ്യാപനത്തിനു വേണ്ടി വിട്ടുകൊടുത്തിട്ടുണ്ടായിരുന്നു. ഇന്നതു നിർത്തി. അതിനുശേഷം ബഡ്ജററിൽ ഒരു കസർത്ത്. ആ കസർത്തിൽ ഇന്ന കാര്യങ്ങൾക്കു വേണ്ടി വക കൊള്ളിക്കുമെന്നു പറയുക, അവസാനം സപ്ലിമെൻററി ഗ്രാൻറിൽ ഇതൊന്നും വരാതിരിക്കുക. ഇവിടെ ഒരു നിയമസഭാസാമാജികൻ വയനാടു നിന്നും ഘോഷയാത്ര നടത്തി. നോട്ടുമാല, സ്വീകരണം എല്ലാമുണ്ട്. ബസ് അവിടെ നിന്നും തുടങ്ങിയാൽ മാത്രമേ അവസാനിപ്പിക്കുകയുള്ളു എന്നു പറഞ്ഞു ഘോഷയാത്ര നടത്തിയിട്ട് പകുതി വഴിയിൽ നിർത്തി. ആ പാരമ്പര്യം ഇപ്പുറത്തുള്ളവർക്കില്ല. ഈ മന്ത്രിസഭയിലെ ആളുകളെ കൊണ്ട് ബസ് ഓടിച്ചേ അടങ്ങുകയുള്ളു എന്നു പറഞ്ഞയാൾ കോഴിക്കോട് എത്തിയില്ല. അതിനെ പററി കൂടുതൽ വിവരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ചടങ്ങെന്ന നിലയിൽ അല്ലാതെ അപ്പുറത്തിരിക്കുന്ന ആളുകൾ ആത്മാർത്ഥതയോടുകൂടിയല്ല ഈ സപ്ലിമെൻററി ഗ്രാൻറിനെ പിന്താങ്ങുന്നത്. അതിവിടെ വ്യക്തമായി കണ്ടു കഴിഞ്ഞു. എൻെറ സുഹൃത്തുക്കൾ പലരും ഈ സപ്ലിമെൻററി ഗ്രാൻറിനെ പിന്താങ്ങുന്ന അവസരത്തിൽ ഓരോരുത്തരും ഗവൺമെൻറിൻെറ ഓരോ അപാകതയെങ്കിലും എടുത്തു പറഞ്ഞിട്ടുണ്ട്. അപ്പുറത്തുള്ള നിയമസഭാസാമാജികൻമാർ മൂപ്പിലമ്മയെ പററിയും ശങ്കരനാരായണൻെറയും കഥ ഇവിടെ പറഞ്ഞു. ഇത് ഒരു മാതിരി സുഖക്കേടാണ്. അതു മാറുകയില്ല. അതിനു ചികിൽസയില്ലെന്നാണ് എനിക്കു തോന്നുന്നത്. മാതൃഭൂമിയിൽ നിരന്തരമായി ഒരു ലേഖനമുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ, നേട്ടങ്ങളും കോട്ടങ്ങളും എഴുതിയിട്ടുണ്ട്. ഈ രാജ്യത്ത് അന്നു പ്രഖ്യാപിച്ച ഇൻഡസ്ട്രിയൽ പ്ലാൻേറഷൻസ് എത്ര ഏക്കറിൽ നടത്തി? ഇവിടെ തടി അസംസ്കൃത വസ്തുവായി ഉപയോഗിക്കുവാൻ ആരംഭിച്ചിട്ടുള്ളതും ആരംഭിക്കുവാൻ പോകുന്നതും ആയ സ്ഥാപനങ്ങൾക്കു വേണ്ടി എത്രയേക്കർ ഇൻഡസ്ട്രിയൽ പ്ലാൻേറഷൻ നടത്തി? അത്ര ഭൂമിയും കയ്യേററക്കാർക്കു പതിച്ചു കൊടുത്തതുകൊണ്ടു വല്ലതും നടക്കുമോ?

അതുപോലെ രണ്ടുമൂന്നന്വേഷണക്കമ്മീഷൻ തുടരുകയാണെന്നുകേട്ടു. ലൈസൻസ് കൊടുക്കാനുള്ള കാര്യത്തെ പററി പറഞ്ഞിട്ടുള്ളത്
1 p.m. എന്താണ്? ആളില്ലാത്ത ലൈസൻസ് കൊടുത്തിരിക്കുകയാണ്. മൂപ്പിലമ്മയുടെ കഥപറയുന്ന ഈ ആളുകൾക്ക് അതിലേക്കു കൂടി ഒന്നു വിരൽചൂണ്ടാമായിരുന്നു. പ്രതിപക്ഷത്തുനിന്നും സംസാരിച്ചവർ പറഞ്ഞ പല കാര്യങ്ങളും ചെവിക്കപ്പുറത്തുവെച്ചു കൊണ്ട് ഒരു ചടങ്ങ് എന്ന രീതിയിലാണ് ഭരണഭാഗത്തുള്ള ആളുകൾ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചത്. നോൺപ്ലാൻ എക്സ്പെൻഡിച്ചർ കുറച്ചുകൊണ്ട് പ്രൊഡക്ററീവ് എക്സ്പെൻഡിച്ചർ വർദ്ധിപ്പിക്കുന്നതിന് ബാങ്കുകളുടേയും ആധുനിക സ്ഥാപനങ്ങളുടേയും പണം ഉപയോഗപ്പെടുത്തി ഇവിടത്തെ ജനങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിപാടികൾ ശ്രീ. എം. കെ. ഹേമചന്ദ്രൻ അക്കമിട്ടു പറഞ്ഞതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലുമൊരെണ്ണം ഇവിടെ നടപ്പാക്കിയിട്ടുണ്ടോ? ബാക്ക്‌വേഡ് ഏരിയായുടെ ഡെവലപ്‌മെൻറിനുവേണ്ടി നീക്കിവെച്ചിരുന്ന പണം പോലും ചെലവാക്കിയിട്ടില്ലെന്ന് ഈ വർഷം അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിലും ഉപധനാഭ്യർത്ഥനയിലുംനിന്ന് വ്യക്തമാകുന്നുണ്ട്. അതുവെച്ചുകൊണ്ട് ആണ് ഇപ്പുറത്തിരിക്കുന്ന ആളുകളെല്ലാവരും ഈ ഗവൺമെൻറ് കഴിവില്ലാത്ത ഗവൺമെൻറാണ്, ഇനാക്‌ടീവ് ആണ് എന്ന് എടുത്തെടുത്ത് പറയുന്നത്. ആ അടിസ്ഥാനത്തിലാണ് ഞാനും ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നത്. ചടങ്ങ് എന്നുള്ള രീതിയിൽ ഇവയെ അനുമോദിച്ച ആരംക്കാരെ അനുമോദിക്കാൻ എനിക്കൊട്ടും മടിയില്ലെന്നു പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പോലീസ് വകുപ്പിനെക്കുറിച്ച് ഇവിടെ വന്ന ആരോപണങ്ങളൊന്നും യഥാർത്ഥത്തിൽ ഉണ്ടായിട്ടില്ലെങ്കിലും ഏതാനും ചില പരാമർശങ്ങരം എടുത്തു പറയണമെന്നു ഞാനാഗ്രഹിക്കുന്നു. ബാക്കി കാര്യങ്ങരം പോലീസിനെക്കുറിച്ചുള്ള വിശദമായ ചർച്ച നടക്കുന്ന അവസരത്തിൽ പറയാമെന്നു ഞാൻ വിചാരിക്കുന്നു. പോലീസിനു നീക്കിവെച്ച തുകയെക്കുറിച്ചു ചില പരാമർശങ്ങളുണ്ടായി. പോലീസ് വകുപ്പിലെ പ്രധാനപ്പെട്ട രണ്ട് ഐററം എടുത്തു പരിശോധിച്ചാൽ അതു വ്യക്തമാകുന്നതാണ്. ഒന്ന്, പോലീസിൻെറ നവീകരണം. അതിനു പത്തു ലക്ഷം രൂപ. നമ്മുടെ ബഡ്ജററിൽ പോലീസിൻെറ നവീകരണത്തിന് ഇരുപതു ലക്ഷം മാത്രമേ ഉണ്ടായിരുന്നുള്ളു. പക്ഷേ കേന്ദ്രഗവൺമെൻറ് പോലീസ് നവീകരണത്തിന് വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്. അവർ അൻപതു ലക്ഷം രൂപ ഗ്രാൻറായും ലോണായും നമുക്കു തന്നു. ആ തുക കുറവായതുകൊണ്ടാണ് പത്തു ലക്ഷം രൂപകൂടി ഈ സപ്ലിമെൻററി ഡിമാൻഡിൽ വെച്ചത്.

അതുപോലെതന്നെ മധ്യപ്രദേശിൽനിന്ന് നമ്മുടെ സ്റേററിലേക്കു ഡിപ്ലോയ് ചെയ്യപ്പെട്ട നാലു കമ്പനികരം ഉണ്ട്. അവയുടെ ചെലവാണ് മറെറാന്ന്, 1975-76, 1976-77, 1977-78 എന്നീ കാലട്ടങ്ങളിൽ ഈ നാലു കമ്പനികരം നമ്മുടെ സംസ്ഥാനത്തു വന്നു സേവനം നടത്തിയ ഇനത്തിൽ 1,15,36,875 (ഒരു കോടി പതിനഞ്ചു ലക്ഷത്തി മുപ്പത്താറായിരത്തി എണ്ണൂററി എഴുപത്തഞ്ച്) രൂപ മധ്യപ്രദേശിനു കൊടുക്കാനുണ്ട്. നമ്മുടെ ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുകകൊണ്ട് അതു കൊടുക്കാൻ തികഞ്ഞില്ല. അതിനുവേണ്ടിയാണ് 1,12,88,200 രൂപ ഉരംക്കൊള്ളിച്ചിരിക്കുന്നത്. ഇതിൽ എന്താണ് പിശക്? അവയുടെ ന്യായങ്ങളെക്കുറിച്ചും മററും പല ആളുകളും പറയുമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ അവരുടെ വിമർശനങ്ങളെല്ലാം വേറെ രീതിയിലാണ് പോയത്. മററു സംസ്ഥാനങ്ങളിൽ നിന്നും പോലീസിനെ ഇവിടെ കൊണ്ടുവന്നു താമസിപ്പിക്കുകയാണോ നല്ലത് അതോ അതേ ചെലവു വഹിച്ചുകൊണ്ട് ഇവിടെത്തന്നെ ഒരു ബററാലിയൻ രൂപീകരിക്കുന്നതാണോ എന്നത് ആലോചിച്ചു വരികയാണ്. സർ, പോലീസ് കുററമററതാണെന്നോ, പോലീസ്‌വകുപ്പിൽ എല്ലാം കുററമററ കാര്യങ്ങളാണ് നടക്കുന്നത് എന്നോ ഞാൻ അവകാശപ്പെടുന്നില്ല. പക്ഷേ ഒരു വസ്തുത പറയാതിരിക്കാൻ നിവൃത്തിയില്ല. ഇൻഡ്യയിലെ മററു പല സംസ്ഥാനങ്ങളിലും ഇന്നു നിലനിൽക്കുന്ന ക്രമസമാധാനനില പരിശോധിക്കുകയാണെങ്കിൽ കേരളത്തിലെ ക്രമസമാധാനനില അതിനേക്കാരം വളരെ മെച്ചപ്പെട്ടതും ഭദ്രവുമാണെന്ന് അഭിമാനത്തോടുകൂടി ഈ ഗവൺമെൻറിനുപറയാൻ കഴിയും. കുററാന്വേഷണത്തിൻെറ കാര്യത്തിലും

LIBRARY ARCHIVES Kerala Legislative Assembly

കുററകൃത്യങ്ങൾ തടയുന്ന കാര്യത്തിലുമെല്ലാം അതുതന്നെയാണ് സ്ഥിതി എന്നാണെന്റെ അഭിപ്രായം. സർ, ഏതെങ്കിലുമൊരു ഒററപ്പെട്ട സംഭവം എടുത്തു പർവ്വതീകരിച്ചുകൊണ്ട് ഉള്ള വിമർശനം ഒരിക്കലും ആരോഗ്യകരമല്ല. പോലീസ് നിഷ്ക്രിയമാണെന്നായിരുന്നു കുറേ നാളിനു മുമ്പ് ഇവിടെ ഉണ്ടായിരുന്ന പരാതി. ഇപ്പോൾ അതില്ല. പോലീസ് അധികാരം ദുർവിനിയോഗം ചെയ്യുന്നു, അല്ലെങ്കിൽ പോലീസ് ആക്ററ് ചെയ്യുന്നു എന്നുള്ള പരാതിയാണ് ഇപ്പോൾ പലപ്പോഴും ഉള്ളത്. ഏതായാലും അതിൽ ഞാൻ സന്തോഷിക്കുകയാണ്. കാരണം, നിഷ്ക്രിയത്വം എന്നുള്ള പരാതി മാറി ഇപ്പോൾ പോലീസ് പ്രവർത്തനനിരതമാണ്, ചലനാത്മകമാണ് എന്നാണഭിപ്രായം. അതിൽ ഞാൻ അഭിമാനിക്കുകയാണ്. പോലീസ് പ്രവർത്തനനിരതമാകുമ്പോൾ ചില പരാതികളൊക്കെ ഉണ്ടാകും. സംസ്ഥാനത്തിലെ നിയമസമാധാനപാലനത്തിൽ, മിച്ചഭൂമി സമരം നിയന്ത്രിക്കുന്ന കാര്യത്തിൽ, ആർ. എസ്. എസ്.-ന്റെ ആയുധപരിശീലനം നിയന്ത്രിക്കുന്ന കാര്യത്തിൽ, അട്ടിമറി നിയന്ത്രിക്കുന്ന കാര്യത്തിൽ, മോട്ടോർ വാഹന നിയമം ലംഘിക്കുന്നതു തടയുന്ന കാര്യത്തിൽ എല്ലാം പടിപടിയായി ഗവൺമെന്റിന്റെ നയപ്രഖ്യാപനം യഥായോഗ്യം നിർവ്വഹിക്കുന്നതിന് ഈ സംസ്ഥാനത്തെ പോലീസ് സേന മുന്നോട്ടു വന്നതിൽ ഞാൻ അവരെ അഭിനന്ദിക്കുകയാണ്. ഈ കൃത്യനിർവ്വഹണത്തിനിടയിൽ ചില കുഴപ്പങ്ങളുണ്ടായേക്കാം. പക്ഷേ ഈ സംസ്ഥാനത്തെ പോലീസിനെ അനുകമ്പയോടുകൂടി വേണം നാം വീക്ഷിക്കേണ്ടത്. കുഷ്ഠരോഗികളെ ചികിൽസിക്കുന്ന ഡോക്ടറർക്കു ചിലപ്പോൾ കുഷ്ഠരോഗം പിടിപെട്ടു എന്നു വരും. സർ, പോലീസ് ആരെയാണ് കൈകാര്യം ചെയ്യുന്നത്? ഇവിടത്തെ കുററവാളികളെയാണ് കൈകാര്യം ചെയ്യുന്നത്. അഴുക്കുചാലിൽ കൂടെയാണ് അവർ സഞ്ചരിക്കുന്നത്. അപ്പോൾ അവരുടെ കാക്കിക്കുപ്പായത്തിൽ മലിനജലത്തിൽനിന്നും ഒരു തുള്ളി തെറിച്ചു പോയാൽ അതിനെ ചൊല്ലി അവരെ വിമർശിക്കരുത്. അല്പസ്വല്പം കുററങ്ങളൊക്കെ ഉണ്ടാകും. അതൊക്കെ ക്ഷന്തവ്യമാണ്.

ബഹുമാനപ്പെട്ട സി. പി. ഗോവിന്ദൻ നമ്പ്യാർ പ്രസംഗിച്ചപ്പോൾ തൊഴിൽസമരങ്ങളിൽ പോലീസ് ഇടപെടുന്നു എന്നു പറഞ്ഞു. തൊഴിൽ സമരങ്ങളിൽ സാധാരണ രീതിയിലാണെങ്കിൽ പോലീസ് ഇടപെടരുത് എന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. പക്ഷേ തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെട്ടുകൂടാ എന്നില്ല. ഏതെങ്കിലുമൊരു തൊഴിൽസമരം നിയമസമാധാനത്തെ സ്പർശിക്കുന്നു എന്നു കണ്ടാൽ, നിയമസമാധാനം തകരാറിലാകുന്നു എന്നു കണ്ടാൽ ന്യായത്തിന്റെ അടിസ്ഥാനത്തിൽ, മെരിററിന്റെ അടിസ്ഥാനത്തിൽ മാത്രമേ പോലീസ് ഇടപെടുകയുള്ളു എന്നു ഉറപ്പു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

അതുപോലെ തന്നെ പോലീസ് ഭരണകക്ഷിക്കു സഹായകമായി നിൽക്കുന്നു, പ്രതിപക്ഷത്തെ മർദ്ദിക്കുന്നു, അവരുടെ സമരങ്ങളെ മർദ്ദിച്ചൊതുക്കുന്നു എന്ന് ശ്രീമാൻ ചന്ദ്രശേഖരക്കുറുപ്പ് പറഞ്ഞു. ഞാൻ ആ കാര്യങ്ങളെല്ലാം നിഷേധിക്കുകയാണ്. ഭരണകക്ഷിയാണോ പ്രതിപക്ഷമാണോ എന്നുള്ളതല്ല പോലീസിന്റെ വീക്ഷണം. ഭരണകക്ഷിയാകട്ടെ, പ്രതിപക്ഷമാകട്ടെ, വ്യക്തിയാകട്ടെ, പാർട്ടിയാകട്ടെ നിയമലംഘനം നടത്തിയാൽ നിഷ്പക്ഷമായി നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. അബൂബേക്കർ സംസാരിച്ചപ്പോഴും പല കാര്യങ്ങളും വിശദീകരിക്കുകയുണ്ടായി. വിമർശനത്തിനുവേണ്ടി അദ്ദേഹം ഉപയോഗിച്ച ഭാഷയിലേക്കും ശൈലിയിലേക്കുമൊന്നും ഞാൻ കടക്കുന്നില്ല. ഏതായാലും വളരെ നിർഭാഗ്യകരമായിപോയി. പരപ്പിൽ ഒരു പള്ളിയുടെ തർക്കത്തിലുണ്ടായ സംഘർഷാവസ്ഥ കൈകാര്യം ചെയ്യുന്നതിൽ പോലീസ് അതിക്രമം കാണിച്ചു എന്നാണദ്ദേഹം പറഞ്ഞത്. ഒരു മുസ്ലീം പള്ളിയുടെ കൈവശാവകാശത്തെച്ചൊല്ലി മുജാഹിദ് കക്ഷിയിൽ പെട്ടവരും സുന്നി കക്ഷിയിൽ പെട്ടവരും തമ്മിൽ ഒരു തർക്കമുണ്ടായി. സർ, പോലീസിന് ഈ വക കാര്യങ്ങളിലൊക്കെ ഒരു ഗൈഡ്‌ലൈൻ കൊടുത്തിട്ടുണ്ട്. എവിടെയെല്ലാം സാമുദായിക കലാപങ്ങൾ പൊട്ടിപ്പുറപ്പെടാനിടയുണ്ടോ അവിടെയെല്ലാം പോലീസ് എത്രയും വേഗം ഓടിയെത്തണമെന്നും ശക്തമായ നടപടി സ്വീകരിക്കണമെന്നും ആണ് അത്. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് അവിടെ ആക്റ്റ് ചെയ്തപ്പോൾ എന്തെങ്കിലും തെററു പററിയിട്ടുണ്ടെങ്കിൽ അതു പരിശോധിക്കാവുന്നതാണ്. പൊതുവായ ഒരു കമ്മ്യൂണൽ ടെൻഷൻ ഒഴിവാക്കുന്നതിനുവേണ്ടി പോലീസ് അവിടെ ചെന്നു എന്നേയുള്ളു.

വസ്തുനിഷ്ഠമായി പറയുകയാണ്. സാങ്കേതികമായ ചില തെററുകൾ വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കാം. സ്വല്പം പരിധി കടന്നിട്ടുണ്ടെങ്കിൽ അതിനെപററി പരാതികളുണ്ടെങ്കിൽ പരിശോധിക്കാം.

എന്റെ സ്നേഹിതൻ ശ്രീ. അബൂബേക്കർ വടകരയിലെ സംഭവം പറഞ്ഞു. അവിടെയൊരു ജാഥയുടെ നേർക്ക് ആക്രമണം ഉണ്ടായി, പോലീസ് ഒന്നും ചെയ്തില്ല എന്നു പറഞ്ഞു. പോലീസിന്റെ പക്കൽ ആരും പരാതിയൊന്നും നൽകിയിട്ടില്ല. പരാതി നൽകാതെ പോലീസ് അനാസ്ഥ കാണിച്ചു എന്നൊക്കെ ആരോപണമുന്നയിക്കുന്നതു വളരെ സങ്കടകരമായ കാര്യമാണ്.

ശ്രീ. പി. എം. അബൂബേക്കർ: സഭയെ തെററിദ്ധരിപ്പിക്കുകയാണ്, സംഭവം നടന്നതിന്റെ പിറേറ ദിവസം ശനിയാഴ്ച രാവിലെ, വടകര പോലീസിൽ ആക്ഷേപം കൊടുത്തു.

ശ്രീ. കെ. എം. മാണി: സംഭവം കഴിഞ്ഞ് ദിവസങ്ങൾക്കുശേഷം വടകര പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. വിശദമായ ചർച്ചയിലേക്കു കടക്കാൻ ഞാൻ തയ്യാറില്ല. സർ, മൂന്ന് ദിവസം കഴിഞ്ഞ് പരാതി കൊടുത്തുവെന്നു പറഞ്ഞാൽ അപ്പോൾ അതിന്റെ ഗൗരവം എന്താണ്? ഒരു ഏററുണ്ടായെങ്കിൽ അന്നു പോലീസ് സ്റ്റേഷനിൽ ഒരു പരാതി കൊടുക്കാൻ കഴിയും. അങ്ങനെ പരാതിക്കാരന്റെ ഭാഗത്തുനിന്ന് അനവധാനത......

ശ്രീ. പി. എം. അബൂബേക്കർ: മൂന്നു ദിവസം കഴിഞ്ഞിട്ടല്ല. വെള്ളിയാഴ്ച രാത്രി സംഭവം നടന്നു. ശനിയാഴ്ച രാവിലെ പരാതി കൊടുക്കുന്നു.

ശ്രീ. കെ. എം. മാണി: പരാതിക്കാരന്റെ ഭാഗത്തുനിന്ന് അനവധാനതയുണ്ടായ ശേഷം മാറിനിന്ന് പോലീസിനെ ഈ നിലയിൽ കുററപ്പെടുത്തുന്നത് ശരിയാണെന്ന് എനിക്കഭിപ്രായമില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ സ്നേഹിതൻ ശ്രീ. എം. കെ. കൃഷ്ണൻ ആരോപണമുന്നയിച്ചു. മിച്ചഭൂമി സമരം സംബന്ധിച്ചുള്ളതാണ് ഏററവും വലിയ പരാതി. സർക്കാർ നിയമം ലംഘിച്ചു എന്നാണ് പറയുന്നത്. മിച്ചഭൂമി സമരക്കാരെ ജയിലിൽ ഇട്ടു. ജയിലിൽ ഇടാവുന്നതിൽ കൂടുതൽ ആളുകളെ ഇട്ടു എന്നാണ് പരാതി. സർ, ഞാൻ അത് ഒരു നിയമലംഘനമായി കാണുന്നില്ല. 12,000 പേർ നിയമം ലംഘിച്ചു. അവരെ അറസ്ററ് ചെയ്തു. അവരെ പ്രോസിക്യൂട്ടു ചെയ്യണം. സാധാരണയുള്ള നിയമമനുസരിച്ച് ആ ജയിലിൽ ഇടുന്നതിൽ കൂടുതൽ ആളുകളെ ഇട്ടു. അതു ശരിയാണ്. ഇങ്ങനെയുള്ള അസാധാരണമായ സമരങ്ങൾ ഉണ്ടാകുമ്പോൾ സാധാരണ ഇടുന്നതിൽ കൂടുതൽ ആളുകളെ ഇടും. അങ്ങനെയുള്ള ഒരു സമരം സംഘടിപ്പിച്ചു; നിയമം ലംഘിക്കും എന്നു പറഞ്ഞുകൊണ്ട് ഒരു അട്ടിമറി സമരം കാർഷികപരിഷ്കരണനിയമം ഏററവും പുരോഗമനപരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ സംസ്ഥാനത്ത് നിയമം കൈയിലെടുത്തുകൊണ്ട് ഗവൺമെൻറു മെഷീനറിയെ തടസ്സപ്പെടുത്താൻ കരുതിക്കൂട്ടിയുള്ള ഒരു അട്ടിമറി സമരവുമായി ഇറങ്ങിപ്പുറപ്പെട്ടപ്പോൾ അങ്ങനെയുള്ള വളണ്ടിയർമാരെ അറസ്ററുചെയ്തു, ആവശ്യത്തിന്റെ പേരിൽ. അവർക്കു കുറച്ച് അസൗകര്യം ഉണ്ടായി എന്നു വരാം. പക്ഷേ മററു യാതൊരു പരാതിയുമില്ല. അവരോടുള്ള ട്രീററ്മെൻറ് വളരെ ഭംഗിയായ രീതിയിലായിരുന്നു. വളരെ മെച്ചമായ നിലയിൽ അവരോടു പെരുമാറി. അതുകൊണ്ട് മി. കൃഷ്ണൻ, അവർക്കു കിടക്കാൻ അല്പം സ്ഥലം കുറഞ്ഞുപോയി എന്നുള്ളത് ഒരിക്കലും ഗവൺമെൻറിനെതിരായിട്ടു വയ്ക്കാവുന്ന ഒരാരോപണമല്ല. സമരത്തിനു കൂടുതൽ ആളുകളെ കൊണ്ടുവന്നു. പ്രവേശിപ്പിച്ചു കൈയാമം വെച്ചു, സർ, രണ്ടു പേരെ. 12,000 പേരെ അറസ്ററുചെയ്ത പോലീസിന്റെ നേർക്കുള്ള ആരോപണം രണ്ടു പേരെ കൈയാമം വെച്ചു എന്നുള്ളതാണ്........

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇതു നാണക്കേടാണ്. ഒരൊററയാളെ കൈയാമം വെയ്ക്കാൻ പാടില്ല. എണ്ണത്തിന്റെ പേരിൽ ഈ പറയുന്നത് സഭയെ അവഹേളിക്കുകയാണ്. ഈ രാജ്യത്തെ ജനങ്ങളെ അവഹേളിക്കുകയാണ്.

മി. സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഏതു നിയമം വച്ചാണ്?

ശ്രീ. കെ. എം. മാണി: ഈ നിലയിൽ പ്രവേശിച്ചിട്ടു കാര്യമില്ല. ഞാൻ വാക്യം പൂർത്തിയാക്കട്ടെ. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറയുന്നതിന്റെ വികാരം എനിക്കറിയാം. ഞാൻ പറഞ്ഞു, പോലീസ് ഇതുപോലെയുള്ള ഒരു സമരത്തെ നേരിട്ടപ്പോൾ 12,000 പേരെ അറസ്ററു ചെയ്തിട്ട് രണ്ടു പേരെ കൈയാമം വെച്ചത് ഒഴിച്ചാൽ പരാതിയില്ല അത്രയുമെങ്കിലും സമ്മതിക്കണം. ഈ രണ്ടു പേരുടെ കാര്യത്തിലൊഴിച്ചു പരാതിയില്ലാത്ത വിധത്തിൽ ഈ സമരത്തിൽ പങ്കെടുത്ത ഇത്രയും ആളുകളെ അറസ്ററു ചെയ്ത പോലീസിനെ ഞാൻ അഭിനന്ദിക്കുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഷെയിം.

ശ്രീ. കെ. എം. മാണി: അതേയവസരത്തിൽ രാഷ്ട്രീയതടവുകാരെ കൈയാമം വെയ്ക്കുക എന്നത് ഈ ഗവൺമെൻറിന്റെ നയമല്ല..... ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ. പക്ഷേ ഈ 12,000 പേരും രാഷ്ട്രീയ തടവുകാരാണെന്നുള്ള വ്യാഖ്യാനം വളരെ വലിച്ചുനീട്ടുന്നതും ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പൊതുപ്രവർത്തകർ ആണെങ്കിൽ രാഷ്ട്രീയത്തടവുകാരാണ് എന്ന് അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: ഞാൻ വഴങ്ങുന്നില്ല. സർ, ഇതു ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടു. അതിനെ പററി അന്വേഷിച്ചു, അതിൻെറ സാഹചര്യം അന്വേഷിച്ചു. യാതൊരു കാരണവശാലും രാഷ്ട്രീയത്തടവുകാരെ കൈയാമം വെയ്ക്കരുതെന്നുള്ള നിർദ്ദേശം ഗവൺമെൻറു നൽകിയിട്ടുണ്ട്. ഇതു സംഭവിച്ചത് എങ്ങിനെയാണെന്നു വച്ചാൽ ജയിലിൽ നിന്ന് കോടതിയിലേക്കു കൊണ്ടുപോയപ്പോൾ ഇത്ര പേരെ ഇന്ന കോടതിയിൽ കൊണ്ടുപോകണം, അതിന് എസ്കോർട്ട് വേണം എന്ന് എഴുതി. ജയിലധികൃതർ അങ്ങിനെ എഴുതിക്കൊടുക്കും. അങ്ങിനെ എഴുതിക്കൊടുത്തപ്പോൾ ഇതു മിച്ചഭൂമി സമരത്തിൽ പെട്ടവരാണോ മററു കുററവാളികളാണോ എന്ന്, എഴുതിക്കൊടുത്ത രേഖകൾ കൊണ്ടു മനസ്സിലായില്ല; അത് ആ വാറണ്ടിനകത്തു കാണപ്പെട്ടില്ല. അങ്ങനെയൊരു പിശകു സംഭവിച്ചു. ആ പിശകു തിരുത്താൻ ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: തെററു ചെയ്തെന്നു ഗവൺമെൻറിനു ബോധ്യമുണ്ടെങ്കിൽ ചെയ്ത തെററിനു നടപടി എടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇതെല്ലാം പഠിപ്പിച്ചുകൊടുത്ത ആൾ ഇങ്ങനെ ചോദിക്കുന്നതു കഷ്ടമാണ്. സർ, ഇന്ദിരാഗാന്ധിയുടെ പ്രേതത്തിനെ ഈ രാജ്യത്തുനിന്നു മാററണം.

ശ്രീ. കെ. കരുണാകരൻ: ഗവൺമെൻറ് തെററുചെയ്തു എന്നു സമ്മതിച്ചതിൻെറ പേരിലാണ് ഇതു ഞാൻ ചോദിക്കുന്നത്.

ശ്രീ. കെ. എം. മാണി: ചന്ദ്രശേഖരൻെറ പാർട്ടി ഭരിക്കുന്ന ഹരിയാനയിൽ വിദ്യാർത്ഥികളെ ചങ്ങലയ്ക്കിട്ട സംഭവം ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: അതിനേയും ഞങ്ങൾ എതിർക്കുന്നുണ്ട്.

ശ്രീ. കെ. എം. മാണി: ഇതിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട കരുണാകരനോ ബഹുമാനപ്പെട്ട ചന്ദ്രശേഖരനോ ഈ ഗവൺമെൻറിനെ ഭർത്സിക്കാൻ അവകാശമില്ല. നിങ്ങളുടെ കരങ്ങൾ പരിശുദ്ധമൊന്നുമല്ല. ഈ ഗവൺമെൻറിന് ഇങ്ങിനെയുള്ള രണ്ട് സ്ട്രേ ഇൻസ്ററൻസസ്സിൽ പിശക്........

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇതു പറയാനുള്ള അധികാരം ബഹുമാനപ്പെട്ട മാണിക്കു കൊടുത്തത് ജനതാ പാർട്ടിയുടെ ഗവൺമെൻറാണ്, അല്ലെങ്കിൽ മാണി ഇന്ന് ഇന്ദിരാഗാന്ധിയുടെ അടിമയായേനെ.

ശ്രീ. കെ. എം. മാണി: ഞാൻ ആ ചർച്ചയിലേക്കു പ്രവേശിക്കുന്നില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. തടസ്സവാദങ്ങൾ കൊണ്ട് ഈ നിലയിൽ എഴുന്നേൽക്കുന്നതു ശരിയല്ല. ഞാൻ അവസാനിപ്പിക്കട്ടെ. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം, ഒററപ്പെട്ട ഈ സംഭവങ്ങളിലെ, കൈയാമം വെച്ച സംഭവത്തിലെ, പിശക് തിരുത്തുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. പലപ്പോഴും വരുന്നത് അവാസ്തവ പ്രസ്താവനകളാണ്.

LIBRARY ARCHIVES Kerala Legislative Assembly

വളരെ തെററായിട്ടുള്ള പ്രസ്താവനകളാണ്. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ ഇന്നു തന്നെ ചോദിച്ചു. ഒരു കലാകാരനെ പോലീസ് അറസ്ററുചെയ്തതിനെ പററി. അത് ഇവിടെ പരാമർശനവിഷയമായി. ഞാൻ അതിന്റെ വിശദമായ ചർച്ചയിലേക്കു കടക്കുന്നില്ല. ആ മ്യൂസിക്ക് ഡയറക്ടറെ അറസ്ററു ചെയ്തതിനെ പററി ഈ രാജ്യത്തെ ചില പത്രങ്ങളിൽ വലിയ സ്റേറാറികൾ വന്നു. വലിയ പ്രതിഷേധ പ്രമേയങ്ങൾ വന്നു: സത്യമാണ്. കലാകാരനാകട്ടെ, അഭിഭാഷകനാകട്ടെ, ബിസിനസ്സുകാരനാകട്ടെ, അദ്ധ്യാപകനാകട്ടെ നിയമം ലംഘിച്ചാൽ നടപടി നടത്തും. തീവണ്ടിയിൽ മദ്യപിച്ച ശേഷം പരിഷ്കൃതമല്ലാത്ത രീതിയിൽ പെരുമാറി. പോലീസ് ഇടപെട്ടു. മെഡിക്കൽ പരിശോധന നടത്തി. റെയിൽവേ മജിസ്ട്രേട്ടിന്റെ മുമ്പിൽ ഹാജരാക്കി. പ്രതി കുററം സമ്മതിച്ചു. അഡ്മോണിഷ് ചെയ്തു വിട്ടു. സർ, വണ്ടിയിൽ എം.എൽ.എ.മാർ ഉണ്ടായിരുന്നു. ഹെൽത്ത് മിനിസ്ററർ ശ്രീ. പ്രഭാകരൻ തീവണ്ടിയിലുണ്ടായിരുന്നു. അഡ്വക്കേററ് കുഞ്ഞിരാമമേനോൻ ഉണ്ടായിരുന്നു. ശ്രീ കണിയാപുരം രാമചന്ദ്രൻ തീവണ്ടിയിലുണ്ടായിരുന്നു. ഡോ. ജോസ് തീവണ്ടിയിലുണ്ടായിരുന്നു. ശ്രീ കാന്തലോട്ടു കുഞ്ഞമ്പു തീവണ്ടിയിലുണ്ടായിരുന്നു. ഇത്രയും വ്യക്തികൾ സാക്ഷ്യം നിൽക്കെ ഉണ്ടായ നഗ്നമായ നിയമലംഘനമാണ്. അങ്ങനെ നിയമലംഘനം നടത്തുകയും മാന്യത വിട്ട് പെരുമാറുകയും ചെയ്തു. അദ്ദേഹം വലിയവനാണ്. അദ്ദേഹം കഴിവുള്ളവനാണ്. അദ്ദേഹം ബഹുമാന്യനാണ്. പക്ഷേ ഒരു ദുർബല നിമിഷത്തിൽ അദ്ദേഹം തെററുചെയ്തെങ്കിൽ ആ തെററിനെതിരെ നടപടി സ്വീകരിച്ച പോലീസിനെ കല്ലെറിയുന്നതു ശരിയല്ല. ഈ മാതിരി പ്രചരണങ്ങളും ഈ മാതിരി സ്റേറാറികളും ഈ രാജ്യത്ത് ഉയർത്തിവിട്ട് പോലീസ് പോലീസ്.. പോലീസ് അധികാരദുർവിനിയോഗം ചെയ്യുന്നു എന്നു നടത്തുന്ന പ്രസ്താവനകളെ ഞാൻ നിഷേധിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മാണിയുടെ കേസ് വാദിച്ച ആ വക്കീലിനെ അറസ്ററു ചെയ്തത് എന്തു ന്യായത്തിലാണ്? അതും അർദ്ധരാത്രിയിലാണ് അറസ്ററു ചെയ്തത്.

ശ്രീ. കെ. എം. മാണി: സമയമില്ല. പിന്നെ പറയാം.

മി. സ്പീക്കർ: ഇനി സമയം ധാരാളം വരുമല്ലോ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഹൈക്കോടതി അഡ്വക്കേററുമാർ പ്രതിഷേധിച്ചിരിക്കുകയാണ്. മറുഭാഗം കേസു വാദിച്ച ആ വക്കീലിനെ അറസ്ററു ചെയ്തത് എന്തിനാണ്?

ശ്രീ. കെ. എം. മാണി: സമയമുള്ളപ്പോൾ പറയാം. അല്ലെങ്കിൽ നമുക്കു ചർച്ച ചെയ്യാം.

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, ഉപധനാഭ്യർത്ഥനകളുടെ ചർച്ചകൾ നിർഭാഗ്യവശാൽ ഇതിൽ മാത്രം ഒതുങ്ങി നിൽക്കാതെ മററ് പല കാര്യങ്ങളിലേക്കും പാളി പോകുകയുണ്ടായി. അക്കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ സഭയിൽ തന്നെ അതിനെപ്പററിയെല്ലാം ചർച്ച ചെയ്യാൻ ധാരാളം അവസരങ്ങൾ വരികയാണ്. അതുകൊണ്ട് രാഷ്ട്രീയമായ കാര്യങ്ങളിലേക്കോ അതുപോലുള്ള മററു കാര്യങ്ങളിലേക്കോ ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങൾ ചിലരെങ്കിലും തെററിദ്ധാരണകൾ മൂലം പറഞ്ഞ ചില വാദങ്ങൾ ശരിയല്ലെന്ന് അവരെ ബോധ്യപ്പെടുത്താൻ മാത്രമേ ഞാൻ ശ്രമിക്കുന്നുള്ളു. ബഹുമാനപ്പെട്ട അറയ്ക്കൽ വളരെ ശക്തിയായി വാദിച്ചത് ഏതാണ്ട് ബഡ്ജററ് തുകയുടെ 10 ശതമാനത്തിൽ കൂടുതൽ തുക സപ്ലിമെൻററി ഗ്രാൻറായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു എന്നാണ്. ഇതെല്ലാം മററു കൊല്ലങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ഇതിൽ എന്തോ അപാകതകൾ ഉണ്ടെന്നുള്ളതാണ് അദ്ദേഹത്തിന്റെ ആരോപണം. എനിക്ക് അവരുടെ അറിവിനു വേണ്ടി പറയാനുള്ളത് കഴിഞ്ഞ പ്രാവശ്യം ഉള്ള സപ്ലിമെൻററി ഗ്രാൻറും ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന 47 കോടിയോളം വരുന്ന സപ്ലിമെൻററി ഗ്രാൻറും കൂടി ഉൾപ്പെടുത്തിയാൽ തന്നെ ഈ കൊല്ലത്തെ ബഡ്ജററ് തുകയുടെ 7.4 ശതമാനം മാത്രമേ വരികയുള്ളു എന്നുള്ളതാണ്. അതും പോരാത്തതുകൊണ്ട് മുൻ കൊല്ലങ്ങളെ അപേക്ഷിച്ച് ഈ കൊല്ലം കഴിഞ്ഞ സപ്ലിമെൻററി ഗ്രാൻറ് ഉൾപ്പെടെ ഉള്ള തുക ശതമാനക്കണക്കിൽ വളരെ കുറവാണ്. 1975-76 ൽ 12.2 ശതമാനം സപ്ലിമെൻററി ഗ്രാൻറായി അവതരിപ്പിച്ചു. 1976-77 ൽ അത് 7.2 ശതമാനമായി അവതരിപ്പിച്ചു. ഈ കൊല്ലം 7.4 ശതമാനമായി മാത്രം ഒതുക്കി നിർത്തിയിരിക്കുകയാണ്. അപ്രതീക്ഷിതമായ പല ചെലവുകളും ഉണ്ടായിട്ടുപോലും ഇത്രയും ചെറിയൊരു തുകയിൽ ഒതുക്കി നിർത്തിയിരിക്കുകയാണെന്നുള്ള കാര്യം അദ്ദേഹം മനസ്സിലാക്കിയാൽ തരക്കേടില്ല.

സർ, അദ്ദേഹം ഉന്നയിച്ച ഏററവും പ്രധാനപ്പെട്ട മറെറാരു കാര്യം ഇതിൽ ഭൂരിഭാഗവും നോൺ പ്ലാൻ എക്സ്പെൻഡിച്ചറായി ഉപയോഗിക്കുന്നു എന്നുള്ളതാണ്. നിർഭാഗ്യവശാൽ അദ്ദേഹം ശരിക്ക് നോക്കിയില്ലെന്നാണ് എനിക്ക് പറയാനുള്ളത്. അതിനെ പററി ശരിയായി നോക്കിയിരുന്നു എങ്കിൽ അദ്ദേഹം ഇങ്ങനെ പറയുമായിരുന്നില്ല. 47 കോടി രൂപ ആവശ്യപ്പെട്ടിട്ടുള്ളതിൽ പ്ലാൻ എക്സ്പെൻഡിച്ചർ 23.2 കോടി രൂപയും നോൺ പ്ലാൻ എക്സ്പെൻഡിച്ചർ 23.7 കോടി രൂപയും ആണ്. ഇതിൽ നിന്നും തന്നെ കൂടുതൽ ആവശ്യപ്പെട്ടിട്ടുള്ളതിൽ ഏതാണ്ട് 50 ശതമാനത്തോളം പ്ലാൻ എക്സ്പെൻഡിച്ചറിനു വേണ്ടി മാത്രമാണ് നീക്കിവെച്ചിട്ടുള്ളതെന്ന് അദ്ദേഹം മനസ്സിലാക്കണം. കണക്കുകൾ കുറച്ച് വിശദമായി പരിശോധിച്ചാൽ അത് മനസ്സിലാകുമെന്നാണ് എനിക്ക് അതിനേ സംബന്ധിച്ച് പറയാനുള്ളത്. അതൊന്നും പോരാത്തതുകൊണ്ട് ചില ചില്ലറ ചെലവുകൾ അപ്രതീക്ഷിതമായി നമുക്ക് ഈ സാമ്പത്തിക വർഷത്തിൽ നേരിടേണ്ടതായി വന്നു. അതിൽ ഏററവും പ്രധാനപ്പെട്ട കാര്യം വെള്ളപ്പൊക്കമാണ്. അതിലേക്കുവേണ്ടി ഏതാണ്ട് 15 കോടി രൂപയോളം ഈ സപ്ലിമെൻററി ഗ്രാൻറിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്.

സർ, അദ്ദേഹം പറഞ്ഞ മറെറാരു പ്രധാന കാര്യം ഉദ്യോഗസ്ഥൻമാർക്കു വേണ്ടി പണം ചെലവാക്കി കളയുന്നു എന്നുള്ളതാണ്. ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചതുപോലെ പുതിയ ശമ്പള പരിഷ്ക്കാരമനുസരിച്ച് ഏതാണ്ട് ഈ കൊല്ലം 27 കോടി രൂപ ചെലവാക്കിയിരിക്കുമ്പോൾ അതിനു വേണ്ടി ഈ സപ്ലിമെൻററി ഗ്രാൻറിൽ ചോദിച്ചിട്ടുള്ളത് 4.39 കോടി രൂപയാണ്. വളരെ കർക്കശമായ സാമ്പത്തിക നിയന്ത്രണങ്ങൾ ഉണ്ടാക്കിയതിനു ശേഷം 5 കോടി രൂപയിൽ താഴെയുള്ള തുക മാത്രമാണ് സപ്ലിമെൻററി ഗ്രാൻറായി ചോദിച്ചിരിക്കുന്നത്. ഇത് തീർച്ചയായും ഗവൺമെൻറിന്റെ സാമ്പത്തിക നയത്തിന്റേയും നിയന്ത്രണത്തിന്റേയും അഭിമാനകരമായ ഒരു നേട്ടമാണെന്ന കാര്യത്തിൽ സംശയമില്ലെന്ന് ഇതെല്ലാം

2/447—17

LIBRARY ARCHIVES Kerala Legislative Assembly

വളരെ ശക്തിയായി എതിർത്ത ബഹുമാനപ്പെട്ട അംഗങ്ങളും സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം. നാല് കോടി രൂപ പബ്ലിക് വർക്സിനു വേണ്ടിയാണ്. 1.67 കോടി രൂപ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിനു വേണ്ടിയാണ്. ഒരു കോടി രൂപ മെഡിക്കൽ ഡിപ്പാർട്ടുമെന്റിനുവേണ്ടിയാണ്. ഏതാണ്ട് രണ്ടു കോടി രൂപ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പിനു വേണ്ടിയാണ്. 4.1 കോടി രൂപ ഹൗസിംഗിനു വേണ്ടിയാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട അടിയോടി നോക്കി കാണുകയില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അർബൻ ഡെവലപ്മെന്റിന് വേണ്ടി ഒരു കോടി രൂപ മാററി വെച്ചിട്ടുണ്ട്. കമ്മ്യൂണിററി ഡെവലപ്മെന്റിനു വേണ്ടി ഏതാണ്ട് ഒരു കോടി രൂപ മാററി വെച്ചിട്ടുണ്ട്. വ്യവസായങ്ങൾക്കു വേണ്ടി 1.88 കോടി രൂപ മാററിവെച്ചിട്ടുണ്ട്. ജലസേചനത്തിനു വേണ്ടി 3.78 കോടി രൂപ മാററി വെച്ചിട്ടുണ്ട്. മേജർ ഹെഡ്ഡിലേക്കുള്ള പദ്ധതി തുകകൾ മാത്രമാണ് ഞാൻ പറയുന്നത്. ഇതിൽ നിന്നുമെല്ലാം വളരെ അത്യാവശ്യമായ കാര്യങ്ങൾ മാത്രമാണ് ഇതിൽ കൊള്ളിച്ചിട്ടുള്ളതെന്നും അപ്രതീക്ഷിതവും അവിചാരിതവുമായ ചെലവുകൾക്കു പോലും അതിന്റെ പൂർണ്ണമായ തോതിൽ ചോദിക്കാതെ മററ് ചില്ലറ നിയന്ത്രണങ്ങൾ വരുത്തിക്കൊണ്ട് അതെല്ലാം ചെലവിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നുള്ള കാര്യം മനസ്സിലാക്കണമെന്നു മാത്രമാണ് ഈ അവസരത്തിൽ പറയാനുള്ളത്.

സർ, ബഹുമാനപ്പെട്ട ചന്ദ്രശേഖരക്കുറുപ്പ് പേ റിവിഷനെ സംബന്ധിച്ചിടത്തോളം പറഞ്ഞു. അദ്ദേഹത്തിന്റെ അറിവിനുവേണ്ടി പറയുകയാണ്. ഈ ഗവൺമെന്റ് മാത്രമാണ് ശമ്പളക്കമ്മീഷൻ റിപ്പോർട്ട് വള്ളി പുള്ളി വിസർഗ്ഗം കൂടി മുഴുവനും ആയി അംഗീകരിച്ചിട്ടുള്ളത്. മററ് പല അവസരങ്ങളിലും ഏത് റിപ്പോർട്ട് വന്നാലും അതിനെ സംബന്ധിച്ച് ഗവൺമെന്റുകൾ പരിശോധിക്കുകയും ചില്ലറകുറവുകളെല്ലാം വരുത്തുകയും ചെയ്തതിനു ശേഷമാണ് നടപ്പിലാക്കുന്നത്. ഇങ്ങനെയൊരു സംഭവം ആദ്യമായി ഉണ്ടായത് ഇപ്പോഴാണ്. കേന്ദ്രത്തിലായാലും കേരളത്തിലായാലും ആദ്യമായി ശമ്പളക്കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായും നടപ്പിലാക്കുന്നത് ആദ്യമായി ആണ്. ഇതിൽ തന്നെ എന്തെങ്കിലും തെററ് പററിയിട്ടുണ്ടെങ്കിൽ അത് തിരുത്താമെന്ന് മുഖ്യമന്ത്രി തന്നെ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഇവിടെ പേ കമ്മീഷൻ ഉണ്ടായതുകൊണ്ട് അപകടം ഉണ്ടായി പോയിയെന്ന് പറഞ്ഞാൽ അത് ശരിയാണെന്ന് എനിക്കു തോന്നുന്നില്ല. ഒരു പക്ഷേ കാര്യങ്ങൾ ശരിക്കു മനസ്സിലാക്കാത്തതുകൊണ്ടോ അല്ലെങ്കിൽ ഇവിടെ ആരോ പറഞ്ഞതു പോലെ എതിർപ്പിനു വേണ്ടി എതിർക്കുന്നതോ ആയി മാത്രമേ അതിനെ കാണാൻ സാധിക്കുകയുള്ളു.

സർ, ബഹുമാനപ്പെട്ട അടിയോടി ഇവിടെ ചില കാര്യങ്ങൾ ഉന്നയിച്ചു. തീർച്ചയായും അതൊരു വിദഗ്ധാഭിപ്രായമാണ്. ഞാൻ അതിനെ അതിന്റെ ഗൗരവത്തോടു കൂടി തന്നെ പരിശോധിച്ചു. അദ്ദേഹം വളരെ വാശിയോടുകൂടി, വികാരത്തോടുകൂടി പറഞ്ഞത് രണ്ട് ബഡ്ജററ് പ്രസംഗങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാതെ സപ്ലിമെന്ററി ഗ്രാന്റുകൾ കൊണ്ടുവരികയും അതിൽ പോലും ആ വാഗ്ദാനങ്ങൾ ഉൾപ്പെടുത്താതെയിരിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. പക്ഷേ അത് ശരിയാണോ എന്ന് അദ്ദേഹം കുറേക്കൂടി വിശദമായി ബഡ്ജററുകളും സഭയിലെ മററ് നടപടി ക്രമങ്ങളും ഉപധനാഭ്യർത്ഥനകളും കൂടി നോക്കിയിരുന്നു എങ്കിൽ മനസ്സിലാക്കാൻ സാധിക്കുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മുഹമ്മദുകോയ അവതരിപ്പിച്ച ബഡ്ജററിൽ പറഞ്ഞ കാര്യങ്ങൾ ആ കൊല്ലം തന്നെ സപ്ലിമെൻററി ഗ്രാൻറായി കൊണ്ടുവന്ന് അംഗീകരിച്ചു. അതുപോലെ ശ്രീ. ഹേമചന്ദ്രൻ അവതരിപ്പിച്ച ബഡ്ജററിൽ വാഗ്ദാനം ചെയ്തിട്ടുള്ള കാര്യങ്ങളും ആ കൊല്ലം തന്നെ സപ്ലിമെൻററി ഗ്രാൻറായി കൊണ്ടുവന്ന് അംഗീകരിച്ചിട്ടുണ്ടെന്ന വസ്തുത ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. കൂടുതൽ മററു കാര്യങ്ങളിലേയ്ക്ക് പോകണമെന്ന് ഞാനാഗ്രഹിക്കുന്നില്ല.

ഡോ. കെ. ജി. അടിയോടി: വാഗ്ദാനങ്ങൾ നിറവേററിയിട്ടില്ല. പിന്നെ അവിടേയും ഇവിടേയും ചില കാര്യങ്ങൾ നിറവേററിയിട്ടുണ്ടെന്നാണ് വ്യക്തമാക്കിയത്.

ശ്രീ. എസ്. വരദരാജൻ നായർ: പറഞ്ഞപ്പോൾ ഒന്നും ചെയ്തില്ലാ എന്നു പറഞ്ഞു. ഇപ്പോൾ ഇത്രയെങ്കിലും ചെയ്തു എന്നു പറഞ്ഞതിൽ സന്തോഷമുണ്ട്.

ധാർമ്മികരോഷത്തോടുകൂടി ഇവിടെ പറഞ്ഞുകേട്ട മറെറാരു സംഗതി ഉദ്യോഗസ്ഥൻമാരുടെ തസ്തിക സൃഷ്ടിക്കുന്നതിലും അവരുടെ മററു കാര്യങ്ങളിലുമെല്ലാം കുറച്ചുകൂടി നിയന്ത്രണങ്ങൾ വേണം എന്നുള്ളതാണ്. തീർച്ചയായും നിയന്ത്രണം വേണം. പക്ഷേ നാം വിചാരിക്കുന്നതുപോലെ ഉദ്യോഗസ്ഥൻമാരുടെ എണ്ണം കുറയ്ക്കേണ്ടതായിട്ടുണ്ടോയെന്നു പരിശോധിക്കേണ്ടതുണ്ട്. പല പുതിയ പദ്ധതി പ്രവർത്തനങ്ങളും പ്രവർത്തനമേഖലകളും ദിവസേനയെന്നോണം ഓരോ ബഡ്ജററ് കഴിയുന്തോറും ഗവൺമെൻറിൻെറ പ്രവർത്തനത്തിനകത്ത് വന്നു ചേരുകയാണ്. അപ്പോൾ ഇതിനെല്ലാം അതിൻേറതായ ചില ആവശ്യങ്ങളുണ്ടാകും. ആ ആവശ്യങ്ങൾക്കു വേണ്ടി പുതിയ തസ്തികകൾ ഉണ്ടാക്കേണ്ടതായി വരും. ചിലപ്പോൾ പുതിയ സാങ്കേതികവിദഗ്ദ്ധൻമാരെ ഉണ്ടാക്കേണ്ടതായി വരും. അനിയന്ത്രിതമായി ഉദ്യോഗം ഉണ്ടാക്കണമെന്നല്ല ഞാൻ പറഞ്ഞതിൻെറ അർത്ഥം. ഇതെല്ലാം ഗവൺമെൻറിൻെറ വിപുലമായ രീതിയിലുള്ള പ്രവർത്തനമേഖലകളാണ്. അതിനു വേണ്ടി അധികച്ചെലവുണ്ടായിട്ടുണ്ടോ എന്നുള്ള കാര്യം സംശയമാണ്. ഇല്ലായെന്നു തന്നെ വേണമെങ്കിൽ പറയാം.

സാധാരണക്കാരെ ബാധിക്കുന്ന ചില പ്രശ്നങ്ങളും ഇവിടെ പറഞ്ഞു കേട്ടു. ഏററവും പ്രധാനമായി പ്രതിപാദിച്ചു കേട്ടത് വിധവകളുടെ കുട്ടികൾക്കു കൊടുക്കുന്ന പെൻഷനെ സംബന്ധിച്ചാണ്. അതിന് ചില ചട്ടങ്ങളുണ്ട്. ആ ചട്ടമനുസരിച്ച് ഗുണഭോക്താക്കൾക്ക് ശരിയായ സമയത്ത് ധനസഹായം ലഭിക്കാത്തതുകൊണ്ട് അതിനു വേണ്ട വ്യത്യാസം വരുത്തിയിട്ടുണ്ട്. കൂടാതെ മററു ചില വ്യത്യാസങ്ങൾ വരുത്തുന്നതിനുള്ള ശ്രമവും പരിശോധനയും നടന്നുകൊണ്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട ശങ്കരൻകുട്ടി പറഞ്ഞു, വയോജനവിദ്യാഭ്യാസത്തിനു വേണ്ടി കേന്ദ്രഗവൺമെൻറിൽ നിന്നും അനുവദിച്ചു കിട്ടുന്ന തുക ഈ ഗവൺമെൻറ് ശരിയായി വിനിയോഗിക്കുന്നില്ലായെന്ന്. കേന്ദ്രഗവൺമെൻറിനു വേണ്ടി ഈ ഗവൺമെൻറിനെ കുററപ്പെടുത്തുകയാണോ ചെയ്തത് എന്ന് അറിയുകയില്ല, എന്തായാലും അങ്ങനെയൊരു വാദം അദ്ദേഹം ഉന്നയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ അറിവിന് വേണ്ടി പറയുകയാണ്, ഇത് ചെലവാക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം എന്ന്. 1978 ഒക്ടോബർ 2-ാം തിയ്യതി തന്നെ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുറക്കുന്നതിനു വേണ്ടി മുപ്പത് സെൻററുകളിൽ നിന്ന് 24 അപേക്ഷകൾ കേന്ദ്ര ഗവൺമെൻറിന്റെ അംഗീകാരത്തിനായി അയച്ചു. കാരണം ഈ അപേക്ഷകർക്ക് ഗ്രാൻറ് കൊടുക്കുന്നത് കേന്ദ്ര ഗവൺമെൻറ് നേരിട്ടാണ്. നിർഭാഗ്യവശാൽ ഇതേവരെ അതിന് അംഗീകാരം കിട്ടിയിട്ടില്ല. അതിനുത്തരവാദി ഈ ഗവൺമെൻറ് അല്ല. ശ്രീമാൻ ശങ്കരൻകുട്ടിയുടെ സ്വാധീനം ഉപയോഗിച്ചെങ്കിലും ഈ സാമ്പത്തിക വർഷത്തിൽ തന്നെ അത് തുടങ്ങുന്നതിനുള്ള അംഗീകാരം വാങ്ങുന്നതിന് ശ്രമിക്കണം.

ശ്രീ. ആർ. എസ്. ഉണ്ണി: ഇതിന് ബാലാസാഹിബ് ദേവ് അരശിന്റെ കൗണ്ടർസൈൻ കൂടി വേണമെന്നു പറയുന്നത് ശരിയാണോ?

ശ്രീ. എസ്. വരദരാജൻ നായർ: ഏതായാലും ഒരു കാര്യം ഈ അവസരത്തിൽ ഈ സഭയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. വളരെ നിയന്ത്രണമായ ചെലവ് കൊണ്ട് അപ്രതീക്ഷിതമായി വന്ന ചെലവു പോലും നടത്താൻ സാധിച്ചിട്ടുണ്ട്. അതായത് ബഡ്ജററിൽ കൊള്ളിക്കാത്ത ചെറിയ ചെലവുകൾ പോലും ഈ ഗവൺമെൻറ് ചെയ്തിട്ടുണ്ട്. ഇതെല്ലാം നടന്നിട്ടുള്ളത് ഗവൺമെൻറിന്റെ ധനവിനിയോഗത്തിൽ എടുത്തിട്ടുള്ള നിയന്ത്രണങ്ങൾകൊണ്ടാണ്. ഇത്രയും ശരിയായ രീതിയിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് സഭയുടെ എല്ലാഭാഗത്തുനിന്നും അകമഴിഞ്ഞ പിന്തുണയുണ്ടാകണമെന്നും ഈ ധനാഭ്യർത്ഥനകൾ ഏകകണ്ഠമായി പാസ്സാക്കിത്തരണം എന്നും അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

The question that a supplementary sum not exceeding Rs. 9,64,400 be granted under Demand II—Heads of States Ministers and Headquarters Staff was put and carried.

Shri Vakkom Purushothaman: Sir, I demand a poll. A poll was taken, when the House divided as follows:-

AYES 57

1. Shri E. Ahamed
2. Shri Aryadan Muhamed
3. Shri Baby John
4. Shri U. A. Beeran
5. Smt. Bhargavi Thankappan
6. Shri K. J. Chacko
7. Shri Chandrasekharan Nair
8. Shri P. K. Chathan Master
9. Shri J. Chitharanjan
10. Shri Cyriac John
11. Shri Damodaran Kalassery
12. Shri Eapen Varghese
13. Dr. George Mathew
14. Shri P. K. Gopalakrishnan
15. Shri E. P. Gopalan
16. Shri C. P. Govindan Nambiar
17. Shri A. L. Jacob
18. Shri T. M. Jacob
19. Shri T. S. John
20. Dr. K. C. Joseph
21. Shri V. J. Joseph
22. Shri E. K. Pillai
23. Shri M. K. Kesavan
24. Shri Kittappa Narayanaswamy
25. Shri K. K. Kumara Pillai
26. Shri K. T. Kumaran
27. Shri P. T. Kunhutty Haji
28. Shri C. A. Kurian
29. Shri K. V. Kurian
30. Shri. Lonappan Nambadan
31. Shri O. Lukose
32. Shri T. A. Majid
33. Shri K. M. Mani
34. Shri M. V. Mani
35. Shri K. A. Mathew
36. Shri N. P. Moideen
37. Shri C. H. Mohamed Koya
38. Shri K. Narayana Kurup
39. Shri Kallada Narayanan
40. Shri Oommen Chandy
41. Shri K. Pankajakshan
42. Shri T. A. Paraman
43. Shri K. P. Prabhakaran
44. Shri V. K. Rajan
45. Shri Kaniyapuram Ramachandran
46. Shri M. Ramappa
47. Shri P. Shankar
48. Shri B. V. Seethi Thangal
49. Shri B. M. Sheriff
50. Shri. P. K. Sreenivasan
51. Shri K. Sukumaranunni
52. Shri A. V. Thamarakshan
53. Shri Thomas Joseph
54. Shri R. S. Unni
55. Shri K. C. Vamadevan
56. Shri S. Varadarajan Nair
57. Shri P. K. Vasudevan Nair.

LIBRARY ARCHIVES Kerala Legislative Assembly

NOES 38

1.	Shri T. K. Abdu	20.	Shri T. H. Mustafa
2.	Shri P. M. Abubacker	21.	Shri E. Narayanan Nair
3.	Dr. K. G. Adiyodi	22.	Shri K. S. Narayanan Namboodiri
4.	Shri Thennala Balakrishna Pillai	23.	Shri Vakkom Purushothaman
5.	Shri P. Bhaskaran	24.	Shri K. Raghavan Master
6.	Shri N. Bhaskaran Nair	25.	Shri M. V. Rajan
7.	Shri N. Chandrasekhara Kurup	26.	Shri T. K. Ramakrishnan
8.	Shri K. Chandrasekharan	27.	Shri K. P. Raman
9.	Shri Chatayan Govindan	28.	Shri Vattiyoorkavu Ravi
10.	Shri N. I. Devassikutty	29.	Shri P. B. R. Pillai
11.	Shri V. Eacharan	30.	Shri P. R. Kurup
12.	Shri P. P. Esthose	31.	Shri P. K. Sankarankutty
13.	Shri K. Karunakaran	32.	Shri P. R. Sivan
14.	Shri P. Karunakaran	33.	Shri R. Sundaresan Nair
15.	Shri M. K. Krishnan	34.	Shri S. Thankappan Pillai
16.	Shri Thundathil Kunjukrishna Pillai	35.	Shri P. J. Thomas
17.	Shri A. P. Kurian	36.	Shri C. Vasudeva Menon
18.	Shri G. P. Mangalathu Madam	37.	Shri N. Vasudevan Pillai
19.	Shri P. P. V. Moosa	38.	Shri Xavier Arakkal

Mr. Speaker: For the motion: 57

Against the motion: 38

Neutrals—Nil

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 21,82,400 be granted under Demand III—Administration of Justice was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 2,76,000 be granted under Demand V—Agricultural Income Tax and Sales Tax was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 1,25,100 be granted under Demand VI—Land Revenue was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 6,30,000 be granted under Demand VIII—Excise was put and carried.

The demand was passed and the grant was made.

LIBRARY ARCHIVES Kerala Legislative Assembly

The question that a supplementary sum not exceeding Rs. 3,43,000 be granted under Demand XI—District Administration and Miscellaneous was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 1,29,98,100 be granted under Demand XII—Police was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 1,64,01,500 be granted under Demand XVII—Education, Art and Culture was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 4,30,44,600 be granted under Demand XXII—Housing was put and carried.

The demand was passed and the grant was made

The question that a supplementary sum not exceeding Rs. 200 be granted under Demand XXV—Labour and Employment was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 6,75,24,000 be granted under Demand XXVII—Famine was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 200 be granted under Demand XXX—Agriculture was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 4,28,800 be granted under Demand XXXIV—Fisheries was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 32,100 be granted under Demand XXXV—Forest was put and carried.

The demand was passed and the grant was made.

LIBRARY ARCHIVES Kerala Legislative Assembly

The question that a supplementary sum not exceeding Rs. 1,97,20,300 be granted under Demand XXXVI—Community Development was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 7,18,13,600 be granted under Demand XXXVII—Industries was put and carried.

Tha demand was passed and the grant was made.

The question that a supplementary sum not exceeding Rs. 5,48,55,000 be granted under Demand XXXVIII—Irrigation was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 1,76,03,000 be granted under Demand XLV—Miscellaneous Loans and Advances was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 1,98,000 be granted under Demand I—State Legislature was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 79,200 be granted under Demand VII—Stamps and Registration Fees was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 100 be granted under Demand X—Treasury and Accounts was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 100 be granted under Demand XIII—Jails was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 3,74,900 be granted under Demand XIV—Stationery and Printing and Other Administrative Services was put and carried.

The demand was passed and the grant was made.

LIBRARY ARCHIVES Kerala Legislative Assembly

The question that a supplementary sum not exceeding Rs. 7,00,35,600 be granted under Demand XV—Public Works was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 42,53,700 be granted under Demand XVI—Pensions and Miscellaneous was put and carried

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 2,19,55,900 be granted under Demand XVIII—Medical was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 17,86,100 be granted under Demand XX—Public Health was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 1,95,00,100 be granted under Demand XXI—Public Health Engineering was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 1,05,55,700 be granted under Demand XXIII—Urban Development was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 100 be granted under Demand XXIV—Information and Publicity was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 1,57,61,400 be granted under Demand XXVI—Social Welfare including Harijan Welfare was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 10,91,200 be granted under Demand XXVIII—Co-opearation was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 200 be granted under Demand XXIX—Miscellaneous Economic Services was put and carried.

The demand was passed and the grant was made.

2/447—18

LIBRARY ARCHIVES Kerala Legislative Assembly

The question that a supplementary sum not exceeding Rs. 50,06,000 be granted under Demand XXXI—Food was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 30,00,000 be granted under Demand XXXII—Animal Husbandry was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 2,58,000 be granted under Demand XXXIII—Dairy was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 83,600 be granted under Demand XL—Ports was put and carried.

The demand was passed and the grant was made.

The question that a supplementary sum not exceeding Rs. 13,50,100 be granted under Demand XLII—Tourism was put and carried.

The demand was passed and the grant was made.

Mr. Speaker : Order, order. The House will now adjourn and meet again at 8.30 a.m. tomorrow.

1979 മാർച്ച് 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.50 ന് പിരിഞ്ഞു.

അനുബന്ധം I

5-3-1979 ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 269 (284) കാണുക.

LIST OF PERSONS TO WHOM EXTENSION OF TIME FOR PAYMENT OF KISTH WAS GRANTED

1.	P. K. Sajeev	A. S. Chittur Range
2.	Prince Alexander	A. S. and F. L. shops of Pathanapuram Range
3.	Smt. Narayanan Parukutty	T. S. No. 8 of Piravam Range
4.	K. K. Prema, Quilon	F. L. Shops of Quilon
5.	E. T. Thomas	T. S. Mattannur Range
6.	E. T. Mathew	T. S. Taliparamba
7.	E. J. Lukka	T. S. Irikkur Range
8.	M. K. Divakaran Thambi	T. S. Moovattupuzha
9.	P. A. Narayanan	A. S. Nilambur
10.	Chami, Palghat	Toddy Shops, Palghat
11.	Kunjankutty	Do.
12.	Chellan	Do.

LIBRARY ARCHIVES Kerala Legislative Assembly